


# ബഡ്ജറ്റ് പ്രസംഗം 2012-13

**കെ. എം. മാണി**
ധനകാര്യ മന്ത്രി

19 മാർച്ച് 2012



# ബഡ്ജറ്റ് പ്രസംഗം

2012 – 2013


## കെ.എം. മാണി

ധനകാര്യ മന്ത്രി



2012 മാർച്ച് 19

കേരള സർക്കാർ

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| I | **ആമുഖം** | 1 |
| II | **മുൻഗണനാ പരിപാടികൾ** | 9 |
| III | **വിവിധ വകുപ്പുകൾ** | |
| | കൃഷി | 24 |
| | മൃഗസംരക്ഷണം | 26 |
| | മത്സ്യവികസനം | 28 |
| | വനം-വന്യജീവി | 32 |
| | ഗ്രാമവികസനം | 34 |
| | റവന്യൂ | 34 |
| | തദ്ദേശ സ്വയംഭരണം | 36 |
| | നഗരവികസനം | 38 |
| | സഹകരണം | 40 |
| | ജലസേചനം | 41 |
| | ഊർജ്ജം | 44 |
| | വ്യവസായം | 46 |
| | വിവരസാങ്കേതിക വിദ്യ | 53 |

| | |
|---|---|
| തുറമുഖം | 54 |
| പൊതുമരാമത്ത് | 55 |
| ഗതാഗതം | 58 |
| വിനോദ സഞ്ചാരം | 60 |
| ശാസ്ത്രം, സാങ്കേതികം, പരിസ്ഥിതി | 62 |
| വിദ്യാഭ്യാസം | 63 |
| കലയും, സാംസ്ക്കാരികവും | 67 |
| കായികം, യുവജനക്ഷേമവും | 69 |
| ആരോഗ്യവും കുടുംബക്ഷേമവും | 70 |
| ഭവനനിർമ്മാണം | 74 |
| വിവരവും പൊതുജനസമ്പർക്കവും | 75 |
| തൊഴിലും പുനരധിവാസവും | 76 |
| പട്ടികജാതി വികസനം | 78 |
| പട്ടികവർഗ്ഗ വികസനം | 80 |
| സാമൂഹ്യക്ഷേമം | 81 |
| ന്യൂനപക്ഷക്ഷേമം | 83 |
| പിന്നോക്കസമുദായ വികസനം | 83 |
| മുന്നോക്ക സമുദായ വികസനം | 84 |
| ആഭ്യന്തരം | 84 |

| | | |
|---|---|---|
| | ജയിൽ | 86 |
| | അഗ്നിശമന സേന | 87 |
| | ധനകാര്യം | 87 |
| | നിയമം | 89 |
| | ലോട്ടറി | 90 |
| | ദേവസ്വം | 90 |
| | ഭക്ഷ്യവും പൊതുവിതരണവും | 92 |
| | രജിസ്ട്രേഷൻ | 93 |
| | പ്രവാസികാര്യം | 94 |
| | എക്സൈസ് | 95 |
| IV | **അധിക വിഭവ സമാഹരണം** | 96 |
| V | **ഉപസംഹാരം** | 105 |

# ആമുഖം

സർ, 2012–13 വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ബഡ്ജറ്റ് ഞാൻ അവതരിപ്പിക്കുകയാണ്.

2. ദേശീയതലത്തിലും ആഗോള തലത്തിലും സാമ്പത്തികരംഗം കടുത്ത വെല്ലുവിളികളെ നേരിട്ടിരുന്ന ഒരു ഘട്ടത്തിലാണ് ഈ സർക്കാർ അധികാരമേറ്റത്. ആഭ്യന്തര സാമ്പത്തിക സമ്മർദ്ദങ്ങളും, സാമ്പത്തിക മാനേജ്മെന്റിൽ സംസ്ഥാനം നേരിട്ട വെല്ലുവിളികളും ഉയർത്തിയ ആശങ്കകൾ ഞാൻ കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നു. തുടർന്ന് സഭയിൽ അവതരിപ്പിച്ച ധവളപത്രം സംസ്ഥാനത്തിന്റെ സാമ്പത്തികമേഖല നേരിടുന്ന പ്രശ്നങ്ങൾ ഉയർത്തിക്കാട്ടുകയുണ്ടായി. അന്ന് ഗവൺമെന്റിന് മുമ്പിലുണ്ടായിരുന്ന പ്രധാന പ്രശ്നം, മുൻ സർക്കാർ വരുത്തിവെച്ച അധിക സാമ്പത്തിക ബാധ്യതയുടെ ഇടയിലും വികസനം അതിവേഗം എങ്ങനെ മുന്നോട്ടു കൊണ്ടുപോകാം എന്നതായിരുന്നു.

3. ആഗോള സാമ്പത്തിക പ്രതിസന്ധിയും തത്ഫലമായി വികസിത രാജ്യങ്ങളിലുണ്ടായ സാമ്പത്തിക വളർച്ചാമാന്ദ്യവും ചെറിയ തോതിലെങ്കിലും നമ്മെ ബാധിച്ചത് നമുക്ക് നേരിടേണ്ടിവന്ന മറ്റൊരു പ്രശ്നമാണ്. 2007-08-ൽ ആരംഭിച്ച ആഗോള സാമ്പത്തിക പ്രതിസന്ധിയെ കാര്യക്ഷമമായി പ്രതിരോധിക്കുന്നതിനും പതിനൊന്നാം പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന 9 ശതമാനം സാമ്പത്തിക വളർച്ചാനിരക്കിനടുത്ത്, അതായത്, 8.2 ശതമാനം വളർച്ച, പദ്ധതിയുടെ ആദ്യത്തെ 4 വർഷം കൈവരിക്കുന്നതിനും ഇന്ത്യക്ക് കഴിഞ്ഞു. എന്നാൽ, ലോകം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന Double Dip Recession എന്നറിയപ്പെടുന്ന തുടർസാമ്പത്തിക മാന്ദ്യത്തിൽ നിന്നും നമ്മുടെ ദേശീയ സമ്പദ്ഘടനയെ പൂർണ്ണമായി മോചിപ്പിക്കാനായിട്ടില്ല. അതിന്റെ ഫലമായി, പതിനൊന്നാം പദ്ധതിയുടെ അവസാന വർഷമായ 2011-12-ൽ രാജ്യത്തെ സാമ്പത്തിക വളർച്ചാനിരക്ക് 6.9 ശതമാനമായി പരിമിതപ്പെട്ടേക്കും എന്നാണ് കേന്ദ്ര ബഡ്ജറ്റിൽ നിന്നും ബോധ്യമാവുന്നത്.

4. ഒരു സംസ്ഥാനമെന്ന നിലയിൽ ഘടനാപരമായ പ്രത്യേകതകൾ കൊണ്ടുതന്നെ ആഗോള സാമ്പത്തിക ചലനങ്ങളുടെ പ്രത്യാഘാതങ്ങൾ - അതു recession ആയാലും boom ആയാലും - കേരളത്തിലും അനുഭവപ്പെടും. കാർഷികോത്പന്നങ്ങളുടെ വിലയിടിവ്, നിർമ്മാണ മേഖലയിലെ മാന്ദ്യം, സേവന മേഖലയിലെ തൊഴിലവസരങ്ങളിലുണ്ടാകുന്ന കുറവ്, ടൂറിസം മേഖലയിലെ തൊഴിൽ സാദ്ധ്യതകളിലും, വരുമാനത്തിലും ഉണ്ടാകുന്ന ഇടിവ് എന്നിവയാണ് സാമ്പത്തിക മാന്ദ്യത്തെത്തുടർന്ന് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള പ്രത്യാഘാതങ്ങൾ. കേരളത്തിൽ ആഭ്യന്തര വരുമാനത്തിന്റെ 60 ശതമാനത്തിലേറെ സംഭാവന ചെയ്യുന്നതും 66 ശതമാനത്തോളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതുമായ സേവന മേഖലയിൽ ഇത് കൂടുതൽ പ്രകടമാണ്.

5. ഈ പരാധീനതകൾക്കിടയിലും നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചാനിരക്കിൽ ഉയർത്തെഴുന്നേൽപ്പിന് സഹായകരമായ രീതിയിൽ ചില ശുഭ സൂചനകൾ കാണുന്നുണ്ട്. രൂപയുടെ വിനിമയ മൂല്യത്തിലുണ്ടായ ഇടിവ്, വർദ്ധിത വിദേശ മൂലധന നിക്ഷേപത്തെത്തുടർന്ന് മെച്ചപ്പെടുകയും, പണപ്പെരുപ്പം താഴേക്കു വരുകയും, കയറ്റുമതിയിൽ നേരിയ വളർച്ച അടുത്തിടെ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

6. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികരംഗം അഭിമുഖീകരിക്കുന്ന ചില പ്രത്യേക പ്രശ്നങ്ങൾ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നടപ്പുവർഷം സംസ്ഥാനത്തിന്റെ റവന്യൂ കണക്കിലെ പദ്ധതിയേതര ചെലവ് മുൻവർഷത്തെക്കാൾ 30 ശതമാനം വർദ്ധിച്ചിട്ടുണ്ട്. പദ്ധതിയേതര ചെലവിന്റെ സിംഹഭാഗവും ശമ്പളം, പെൻഷൻ, പലിശ എന്നീ ഇനങ്ങളിലാണ്. ശമ്പളം, പെൻഷൻ എന്നിവയിൽ 2011-12-ലെ പത്തു മാസത്തിനിടയിലുണ്ടായ ചെലവ്, മുൻവർഷത്തെ പ്രസ്തുത ഇനങ്ങളിലെ 12 മാസത്തെ ചെലവിനെ അധികരിച്ചിരിക്കുകയാണ്. 2010-11 ൽ ശമ്പളത്തിനും പെൻഷനുമായി 16836 കോടി രൂപ ചെലവായസ്ഥാനത്ത് ഈ വർഷം ജനുവരി വരെ 20539 കോടി രൂപ ചെലവായിക്കഴിഞ്ഞു. ഇത് മുൻ

വർഷത്തെ ആകെ ചെലവിനേക്കാൾ 22 ശതമാനം കൂടുതലാണ്. നടപ്പുവർഷം ഈ ഇനത്തിലെ ചെലവ് ബഡ്ജറ്റിൽ വകയിരുത്തിയ 23,300 കോടി രൂപ കടന്ന് 23,500 കോടി രൂപയിൽ എത്തുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ശമ്പളത്തിന് ആവശ്യമായതിൽ കവിഞ്ഞ തുക നടപ്പുവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും തന്മൂലം, ശമ്പള ബാദ്ധ്യതകൾ തീർത്തതിനുശേഷവും 2,000 കോടിയോളം രൂപയുടെ മിച്ചം ഈ ഇനത്തിൽ ഉണ്ടാവുമെന്നും എന്റെ മുൻഗാമി നിയമസഭയിൽ നടത്തിയ നിരീക്ഷണം അടിസ്ഥാനരഹിതമായിരുന്നുവെന്ന് ഇതിലൂടെ തെളിയിക്കപ്പെട്ടിരിക്കുകയാണ്.

7. ട്രഷറി ബാലൻസായി 1963 കോടി രൂപ ഉണ്ടായിരുന്നുവെങ്കിലും 5000 കോടി രൂപയുടെ അധികബാദ്ധ്യതയും, മുൻ വർഷങ്ങളിൽ അനുവദിച്ച മരാമത്തുപണികളുടെ വൻതോതിലുള്ള ബില്ലുകളും, ശമ്പള-പെൻഷൻ പരിഷ്ക്കരണത്തെ തുടർന്നുണ്ടായ അധിക ബാധ്യതയും ട്രഷറിയിൽ നിന്ന് അസാധാരണമായ പണമൊഴുക്കിന് കാരണമായിട്ടുണ്ട്. 1023 കോടി രൂപ ബഡ്ജറ്റുവിഹിതമുള്ള പൊതുമരാമത്ത് വകുപ്പിൽ മാത്രം 2012 ജനവരി വരെ 2365 കോടി രൂപയുടെ ബില്ലുകൾ ഇതിനകം നൽകിയിട്ടുണ്ട്. മുൻ ഗവൺമെന്റിന്റെ ട്രഷറി മിച്ചം അയഥാർത്ഥമായിരുന്നുവെന്ന് ഞാൻ അവതരിപ്പിച്ചിരുന്ന ധവളപത്രത്തിലെ നിഗമനം ശരിവെക്കുന്നതാണ് ഈ വസ്തുതകൾ. നടപ്പുവർഷം സാമ്പത്തിക അച്ചടക്കവും സാമ്പത്തിക ദൃഢീകരണപാതയും കർശനമായി പാലിച്ചതുകൊണ്ടാണ് പ്രതികൂലമായ ഈ സാമ്പത്തിക സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിഞ്ഞത് എന്ന കാര്യം അഭിമാനത്തോടുകൂടി ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

8. മുൻ ഗവൺമെന്റ് പാസ്സാക്കാൻ വീഴ്ചവരുത്തിയ സാമ്പത്തിക ഉത്തരവാദിത്ത നിയമഭേദഗതി, ഈ സർക്കാർ പാസ്സാക്കിയതുകൊണ്ട് 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ധനസഹായത്തിന് പരിഗണിക്കപ്പെടാൻ നാം അർഹരായി. കേന്ദ്രസർക്കാരിൽ നിന്നും വികസന പ്രവർത്തനങ്ങൾക്കുള്ള സഹായം നേടിയെടുക്കുന്നതിനൊപ്പം അധിക വിഭവ സമാഹരണം നടത്തുന്നതിനും ഈ സർക്കാർ നടപടി സ്വീകരിച്ചു.

വികസനത്തിന് ആവശ്യമായ വിഭവങ്ങൾ കണ്ടെത്തുന്നതിനുപുറമെ പാഴ്ചെലവുകൾ നിയന്ത്രിച്ച്, ചെലവഴിക്കുന്ന ഓരോ രൂപയും, സാമൂഹ്യക്ഷേമം കൈവരിക്കുവാനും സംസ്ഥാനത്തിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിനും വേണ്ടി വിനിയോഗിക്കാൻ കഴിഞ്ഞു എന്നത് പ്രസ്താവയോഗ്യമാണ്.

9. ഈ സർക്കാർ തുടക്കത്തിൽ സ്വീകരിച്ച ധനനയങ്ങളുടെ ഗുണഫലങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. നടപ്പു സാമ്പത്തിക വർഷത്തിലെ ജനുവരി മാസം വരെയുള്ള കണക്കനുസരിച്ച് റവന്യൂ വരുമാനം മുൻവർഷത്തെ അപേക്ഷിച്ച് ഏതാണ്ട് 19 ശതമാനത്തിന്റെ വർദ്ധനവ് രേഖപ്പെടുത്തുന്നു. ഈ വർഷാ വസാനത്തോടെ ബഡ്ജറ്റിൽ വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കുന്നതാണ്. സാമ്പത്തിക ഉത്തരവാദിത്ത നിയമം അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ കമ്മി മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 1.4 ശതമാനമായി 2011-12 ലും 0.9 ശതമാനമായി 2012-2013 ലും നിജപ്പെടുത്തേണ്ടതുണ്ട്. ഇതോടൊപ്പം ധനകമ്മി 3.5 ശതമാനമായും കുറച്ചു കൊണ്ടുവരേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സർക്കാർ തീവ്രമായി പരിശ്രമിക്കുകയാണ്. ധന ഉത്തരവാദിത്ത നിയമം പാസ്സാക്കിയത് നടപ്പു സാമ്പത്തിക വർഷത്തിന്റെ ഒന്നാം പകുതി കഴിഞ്ഞ് നവംബർ മാസത്തിൽ ആയിരുന്നതുകൊണ്ട് അതു നടപ്പാക്കാൻ ഹ്രസ്വമായ ഒരു കാലയളവുമാത്രമാണ് ലഭ്യമായിട്ടുള്ളത്. ഈ പരിമിതിക്കുപുറമെ, ശമ്പള, പെൻഷൻ പരിഷ്ക്കരണങ്ങൾ, മരാമത്തു പണികളുടെ ബാധ്യത, ഭക്ഷ്യ സബ്സിഡി, ക്ഷേമ പെൻഷനുകൾ, വില നിയന്ത്രണത്തിനുവേണ്ടിയുള്ള വിപണി ഇടപെടലുകൾ തുടങ്ങിയ വർദ്ധിച്ച ചെലവുകളുടെയും ഫലമായി, ഈ വർഷം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച 1.4 ശതമാനം റവന്യൂ കമ്മി എന്ന ലക്ഷ്യത്തിൽ എത്തുക ദുഷ്ക്കരമാണ്. എങ്കിലും, ബഡ്ജറ്റിൽ വിഭാവനം ചെയ്ത 1.81 ശതമാനം എന്ന ലക്ഷ്യത്തിനുള്ളിൽ റവന്യൂ കമ്മി ഒതുക്കി നിർത്താൻ സാധിക്കുമെന്നാണ് എന്റെ ഉറച്ച വിശ്വാസം. മുമ്പ് വിശദീകരിച്ചിട്ടുള്ള പ്രതികൂല സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ ഈ നേട്ടം ചാരിതാർത്ഥ്യജനകമാണ്.

10. റവന്യൂ ചെലവിന്റെ നല്ലൊരു ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പദ്ധതി വിഹിതമാണ്. ഇപ്രകാരം നൽകുന്ന തുകയുടെ ഭൂരിഭാഗവും തദ്ദേശസ്ഥാപനങ്ങളുടെ ആസ്തി വർദ്ധിപ്പിക്കുന്നതിനാണ് ഉപയോഗിക്കുന്നതെങ്കിലും ഈ ചെലവ് റവന്യൂ ചെലവായി കണക്കാക്കുന്നതിനാൽ റവന്യൂ കമ്മി വർദ്ധിക്കുന്നു. സംസ്ഥാനങ്ങൾക്ക് ആസ്തികൾ സൃഷ്ടിക്കുന്നതിലേക്കായി നൽകുന്ന തുകയെ മൂലധനചെലവുകളായി പരിഗണിക്കുന്നതിന് കേന്ദ്ര സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഈ പുനർവർഗ്ഗീകരണത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയാണെങ്കിൽ, സംസ്ഥാനത്തിന്റെ 2011-2012 ലെ യഥാർത്ഥ റവന്യൂകമ്മി (Effective Revenue Deficit) ധന ഉത്തരവാദ നിയമത്തിൽ നിഷ്ക്കർഷിക്കുന്ന നിരക്കിലും താഴെ 0.89 ശതമാനത്തിൽ എത്തുമെന്നുള്ളതാണ് വസ്തുത.

11. സർ, ഗവണ്മെന്റിന്റെ കഴിഞ്ഞ പത്തു മാസക്കാലത്തെ തീവ്രപരിശ്രമത്തിന്റെ ഫലമായി സമ്പദ്ഘടനയെ വികസനത്തിന്റെ പാതയിലേക്ക് തിരികെ എത്തിക്കാനായിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു രൂപയ്ക്ക് ഒരു കിലോ അരി നൽകിയതിന്റെ ഫലമായി പട്ടിണി ദൂരീകരിക്കാൻ കഴിഞ്ഞു. സമ്പാദ്യവും നിക്ഷേപവും മെച്ചപ്പെട്ടിരിക്കുന്നു. വികസന കാലാവസ്ഥ സംജാതമായി. നിയമവാഴ്ച പുനഃസ്ഥാപിക്കപ്പെട്ടു. വിലക്കയറ്റം നിയന്ത്രിച്ചു. ഉത്പാദന മേഖലകളിൽ ഉണർവ്വ് കണ്ടുതുടങ്ങിയിരിക്കുന്നു. സേവന മേഖല കരുത്താർജ്ജിച്ചുവരുന്നു. തൊഴിൽ ആഗ്രഹിക്കുന്നവർക്കെല്ലാം അതു നൽകുക എന്ന ലക്ഷ്യം കൈവരിക്കുവാൻ ഈ ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണ്.

## വികസന പരിപ്രേക്ഷ്യവും പദ്ധതി സമീപനവും

12. സംസ്ഥാന രൂപീകരണത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്നത് 12-ാം പഞ്ചവത്സര പദ്ധതിയുടെ കാലയളവിനുള്ളിലാണ്. സമഗ്രമാറ്റത്തിനു വേണ്ടിയുള്ള സംസ്ഥാനത്തെ ജനങ്ങളുടെ അഭിലാഷത്തിന് രൂപം കൊടുക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്. അധികാരമേറ്റെടുത്ത ഉടൻതന്നെ നടപ്പിലാക്കിയ 100 ദിനപരിപാടികളും

മെഗാനിക്ഷേപ പദ്ധതികളും ജനക്ഷേമസമാശ്വാസ നടപടികളും വഴി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാരിന് രാജ്യവ്യാപകമായ അംഗീകാരം ലഭ്യമായി എന്നത് സമസ്ത കേരളീയർക്കും ആഹ്ലാദം പകരുന്ന ഒരു കാര്യമാണ്. പന്ത്രണ്ടാം പദ്ധതിയിൽ 9.5 ശതമാനമാണ് വളർച്ചാനിരക്ക് ലക്ഷ്യമിട്ടിരിക്കുന്നതെങ്കിലും, യു.ഡി.എഫ് സർക്കാരിന്റെ മെച്ചപ്പെട്ട പ്രവർത്തനങ്ങളുടെ ഫലമായി രണ്ടക്ക വളർച്ചയിലേക്ക് അടുത്ത പദ്ധതിക്കാലത്ത് സംസ്ഥാനത്തെ ഉയർത്താനാവുമെന്ന് ഞാൻ കരുതുന്നു. സംസ്ഥാനസമ്പദ്‌വ്യവസ്ഥയെ ആഗോള സമ്പദ്‌വ്യവസ്ഥയുമായി സമന്വയിപ്പിച്ചുകൊണ്ട് വികസനത്തിന്റെ 'ഹൈവേ'യിലേക്ക് കേരളത്തെ നയിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. അതോടൊപ്പം, സമൂഹത്തിന്റെ അടിത്തട്ടിൽ അവഗണിക്കപ്പെട്ടുകിടക്കുന്ന പാവപ്പെട്ട ജനവിഭാഗങ്ങളുടെ ഉത്ക്കർഷത്തിനും ഉന്നമനത്തിനും ഈ ഗവൺമെന്റ് മുന്തിയ പരിഗണന നൽകുന്നതാണ്.

13. ആഭ്യന്തര വരുമാനത്തിൽ ശരാശരി 9.5 ശതമാനം നിരക്കിലുള്ള വളർച്ച ലക്ഷ്യമിടുമ്പോഴും സമൂഹത്തിന്റെ എല്ലാ തട്ടിലുമുള്ള ജനങ്ങളെയും സ്പർശിക്കുന്ന വികസനവും ഒപ്പം കരുതലും സമാശ്വാസവും പകരുന്ന പരിപാടികൾക്കാണ് പന്ത്രണ്ടാം പദ്ധതിയിൽ ഊന്നൽ നൽകിയിരിക്കുന്നത്. സേവന മേഖലയിലെ വളർച്ചയോടൊപ്പം ഉത്പാദനമേഖലകളിലും ഉയർന്ന വളർച്ച കൈവരിക്കാനുള്ള വികസനതന്ത്രമാണ് ഇന്ന് സംസ്ഥാനം അവലംബിക്കേണ്ടിയിരിക്കുന്നത്. ഇതിലേക്കായി സമ്പദ്ഘടനയുടെ സമസ്ത മേഖലകളുടെയും ത്വരിത വളർച്ച ഉറപ്പാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക ശ്രദ്ധ നൽകേണ്ടിയിരിക്കുന്നു. ഉത്പാദനക്ഷമവും, സർവാശ്ലേഷിയുമായ ഒരു സമ്പദ്ഘടന 12-ാം പദ്ധതിയിൽ സൃഷ്ടിക്കപ്പെടും.

14. സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് താഴെപ്പറയുന്ന സപ്തതന്ത്രങ്ങൾ ഞാൻ നിർദ്ദേശിക്കുന്നു.

1. സമസ്ത മേഖലകളുടെയും നിലവാര വർദ്ധന.
2. അടിസ്ഥാന സൗകര്യ വികസനം.
3. തൊഴിൽ വൈദഗ്ധ്യ വികസനം.
4. സ്വയം സംരംഭകത്വ വികസനം.
5. നൂതന സാങ്കേതിക വിദ്യകളുടെ സ്വാംശീകരണം.
6. മൂലധന നിക്ഷേപ വർദ്ധന
7. പബ്ലിക്-പ്രൈവറ്റ് പങ്കാളിത്തം.

ഈ വികസനതന്ത്രങ്ങളുടെ സാക്ഷാത്ക്കാരമാണ് എന്റെ ബഡ്ജറ്റിന്റെ സമീപനം.

15. 12-ാം പഞ്ചവത്സര പദ്ധതിയുടെ മൊത്തം അടങ്കലായ 1,05,000 കോടി രൂപയിൽ 14,010 കോടി രൂപയുടെ പദ്ധതികൾ ആദ്യ വർഷമായ 2012-13-ൽ നടപ്പിലാക്കുന്നതാണ്. ഇത് മുൻ വർഷത്തെ അടങ്കലിനെക്കാൾ 16.6 ശതമാനം കൂടുതലാണ്. ഈ വർഷത്തെ പദ്ധതിയിൽ കൃഷി, മലയോര മേഖലകളുടെ വികസനം, പിന്നോക്ക-ന്യൂനപക്ഷ ക്ഷേമം എന്നിവയ്ക്ക് മുൻഗണന നൽകി ഉയർന്ന വിഹിതം വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമേ ആരോഗ്യ മേഖല, ഉന്നത വിദ്യാഭ്യാസം, നഗര വികസനം, ക്ഷീര വികസനം, കായിക-യുവജന സേവനം, ടൂറിസം, കലയും സംസ്ക്കാരവും എന്നീ മേഖലകളിൽ 2011-12 വർഷത്തെ അപേക്ഷിച്ച് 70% ഉയർന്ന വിഹിതമാണ് വകയിരുത്തിയിട്ടുള്ളത്. അപ്രകാരം 2012-13 ലെ വാർഷിക പദ്ധതി സംസ്ഥാനത്തിന്റെ ദീർഘകാല അടിസ്ഥാനത്തിലുള്ള വികസന ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം കാർഷിക-ഗ്രാമീണ വികസനത്തിനും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവർക്ക് സഹായവും പരിരക്ഷയും നൽകുന്നതിനും പ്രാധാന്യം നൽകുന്നു. കൃഷി, വ്യവസായം, ജല വിഭവം, ഗ്രാമ വികസനം, സഹകരണം എന്നീ മേഖലകളിലാണ് ഏറ്റവും കൂടുതൽ പദ്ധതി വിഹിത വർദ്ധനയുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2012-13 വാർഷിക പദ്ധതി വിഹിതമായ 3228 കോടി രൂപ 2011-12-നെ അപേക്ഷിച്ച് 25% കൂടുതലാണ്.

16. സർ, അടിസ്ഥാന സൗകര്യവളർച്ചയാണ്, വികസനത്തിന്റെ അടിത്തറയെന്ന തിരിച്ചറിവാണ് ഈ ഗവൺമെന്റിന്റെ ചലനാത്മകതയുടെ ഒരു പ്രധാന ഘടകം. ചുരുങ്ങിയ കാലയളവിൽ ഈ മേഖലയിൽ ഒരു വിപ്ലവം സൃഷ്ടിക്കാൻ ഗവൺമെന്റിനു കഴിഞ്ഞു. കൊച്ചി മെട്രോറെയിൽ പദ്ധതിയുടെ നിർമ്മാണം അടുത്ത വർഷം ആരംഭിക്കുന്നതാണ്. ഇതിന്റെ പ്രീ-പ്രോജക്ട് പ്രവൃത്തികൾക്കായി ഇതിനകം 158 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2012-13 ൽ മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിർണ്ണായക പുരോഗതി കൈവരിക്കും. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി ഞാൻ 150 കോടി രൂപ വകയിരുത്തുന്നു. ***അതിവേഗ റെയിൽ കോറിഡോർ*** എന്ന ബൃഹദ്പദ്ധതി തിരുവനന്തപുരം മുതൽ കാസർകോടുവരെ ഘട്ടംഘട്ടമായി പൂർത്തിയാക്കുന്നതാണ്. 45,000 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന തിരുവനന്തപുരം-എറണാകുളം ആദ്യഘട്ട പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

17. തിരുവനന്തപുരത്ത് **മോണോ റെയിൽ** പദ്ധതി നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിയുടെ ആദ്യഘട്ടത്തിന് 3000 കോടിയോളം ചെലവ് പ്രതീക്ഷിക്കുന്നു. 1600 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന കോഴിക്കോട് മോണോ റെയിലിന്റെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ ഡൽഹി മെട്രോ റയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ രണ്ട് പദ്ധതികളുടെയും പ്രാരംഭ പ്രവർത്തന ങ്ങൾക്കായി 20 കോടി രൂപ വകയിരുത്തുന്നു.

18. വിഴിഞ്ഞം **ഡീപ്പ് വാട്ടർ ഇന്റർനാഷണൽ കണ്ടെയ്നർ & ട്രാൻഷിപ്മെന്റ് ടെർമിനൽ** യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിലേക്കായി 224 കോടി രൂപ വകയിരുത്തുന്നു.

19. തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ **പേഴ്സണൽ റാപ്പിഡ് ട്രാൻസ്പോർട്ട് സിസ്റ്റം** ഏർപ്പെടുത്തുന്നത് സംബന്ധിച്ച പ്രാരംഭ പ്രവർത്തനങ്ങൾക്ക് 25 ലക്ഷം രൂപ വകയിരുത്തുന്നു.

20. ഇനി ഈ ബഡ്ജറ്റിന്റെ മുഖമുദ്രയായ ഏതാനും മുൻഗണനാ പരിപാടികളിലേക്ക് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## II മുൻഗണനാ പരിപാടികൾ

### കാർഷികമേഖലയ്ക്ക് പുത്തനുണർവ്

21. കേരള സംസ്ഥാന രൂപീകരണത്തിനുശേഷം കാർഷിക മേഖല ഏറ്റവും പിന്നോട്ടുപോയ വർഷങ്ങളായിരുന്നു 2007 മുതൽ 2009 വരെയുളളത്. കാർഷിക മേഖലയെ അവഗണിച്ചുകൊണ്ട് വികസനക്കാര്യത്തിൽ സംസ്ഥാനത്തിന് മുന്നേറാനാവില്ല. അതിനാൽ കാർഷിക മേഖലയുടെ പുനരുജ്ജീവനമായിരിക്കണം നമ്മുടെ ലക്ഷ്യം.

22. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ വിന്യാസത്തിലൂടെ കാർഷികരംഗത്തിന് പുത്തനുണർവ് നല്കുവാൻവേണ്ടി ഹൈടെക് കൃഷിരീതി വ്യാപകമായി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുകയും, ഉയർന്ന ഉത്പാദനക്ഷമതയും, ഗുണമേന്മയും ലഭ്യമാക്കുകയും ചെയ്യുന്നുവെന്നതാണ് ഹൈടെക് കൃഷിരീതിയുടെ പ്രധാന മേന്മകൾ. നിയന്ത്രിത അളവിലും കൂടുതൽ കാര്യക്ഷമമായും ജല വിനിയോഗം സാദ്ധ്യമാകുന്ന മൈക്രോ ഇറിഗേഷൻ, ന്യൂട്രിയന്റ് വളപ്രയോഗം, ഗ്രീൻ ഹൗസ്, കാർബൺഡൈ ഓക്സൈഡ് പ്രയോഗം, മണ്ണിനെ അമിതമായി ആശ്രയിക്കാത്ത കൃഷിരീതി, മുന്തിയ സങ്കര ഇനം വിത്തുകളുടെ ഉപയോഗം എന്നീ ഘടകങ്ങളാണ് പ്രധാനമായും ഹൈടെക് കൃഷിരീതിയിൽ പ്രയോജനപ്പെടുത്തുന്നത്.

**റൈസ് ബയോപാർക്ക്**

23. അനുയോജ്യമായ ആധുനിക സാങ്കേതിക വിദ്യ സമന്വയിപ്പിച്ച് നെല്ലുത്പാദനം വർദ്ധിപ്പിക്കുകയും അനുബന്ധ ഉത്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാകും വിധം വിപണനം ചെയ്യുവാൻ സാധിക്കുകയും ചെയ്താൽ കേരളത്തിലെ നെൽകൃഷിക്കാരുടെ വരുമാനത്തിൽ ഗണ്യമായ വർധനവ് കൈവരിക്കുവാൻ **'റൈസ് ബയോ പാർക്ക്'** സംവിധാനത്തിലൂടെ സാധിയ്ക്കും. ഇതിനായി കേരളത്തിന്റെ നെല്ലറകളായ കുട്ടനാട്ടും പാലക്കാട്ടും രണ്ടു റൈസ് ബയോപാർക്കുകൾ സ്ഥാപിക്കുവാൻ ഈ ഗവൺമെന്റ് തീരുമാനിക്കുന്നു. ഈ പ്രദേശങ്ങളിലെ ചെറുകിട നെൽകൃഷിക്കാരുടെ ക്ലസ്റ്ററുകൾ രൂപീകരിച്ചുകൊണ്ടാണ് ബയോപാർക്കിന് ആവശ്യമായ നെല്ലും അനുബന്ധ ഉത്പന്നങ്ങളും സംഭരിക്കുക.

24. നാലു മുതൽ ആറ് ടൺവരെ കപ്പാസിറ്റിയുള്ള അരിയുത്പാദന യൂണിറ്റുകൾ, ഓയിൽ എക്സ്ട്രാക്റ്റ് ചെയ്തശേഷം കാലിത്തീറ്റ നിർമ്മിക്കുന്ന എക്സ്പെല്ലർ യൂണിറ്റ്, വൈക്കോൽ തവിടുമായി ബ്ലെൻഡുചെയ്തുള്ള കാലിത്തീറ്റ ഉത്പാദനം, നെല്ലിന്റെ പുറംതോടു പയോഗിച്ച് വൈദ്യുതി ഉത്പാദനം, വൈക്കോൽ അവശിഷ്ടങ്ങളുപയോഗിച്ച് കൂൺകൃഷി എന്നിവയാണ് റൈസ് പാർക്കിലൂടെ വിഭാവനം ചെയ്യുന്നത്. പ്രൊഫ. എം. എസ്. സ്വാമിനാഥൻ ഫൗണ്ടേഷനിൽനിന്ന് ഇതിനുള്ള സാങ്കേതിക വിദ്യ ലഭ്യമാക്കും. പൊതു-സ്വകാര്യ-കർഷക കൂട്ടായ്മകളുടെ ആഭിമുഖ്യത്തിൽ പ്രത്യേക കമ്പനികൾ രൂപീകരിച്ച് പ്രസ്തുത പാർക്കുകളുടെ പ്രവർത്തനം നടപ്പാക്കുന്നതാണ്. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

**കോക്കനട്ട് ബയോ പാർക്ക്**

25. കേരളത്തിൽ നാളികേരകൃഷി നശിച്ചുകൊണ്ടിരിക്കുകയും അതിനോടുള്ള ആഭിമുഖ്യം നാൾക്കുനാൾ കുറഞ്ഞുവരികയുമാണ്. കേരളത്തിന്റെ നട്ടെല്ലായ കേരകൃഷിയെ സമുദ്ധരിക്കേണ്ടത് സംസ്ഥാനത്തിന്റെ ഏറ്റവും വലിയ

ആവശ്യമാണ്. സുസ്ഥിരമായ ഉത്പാദനക്ഷമതാ വർദ്ധനവ് കൈവരിച്ചും എല്ലാ അനുബന്ധ ഉത്പന്നങ്ങൾക്കും മൂല്യവർദ്ധനവ് നേടിയെടുത്തും വിപണി മൂല്യം പരമാവധി ഉയർത്തിയും കർഷക കൂട്ടായ്മ വളർത്തിയും കർഷക രക്ഷയ്ക്കായി **നാളികേര-ബയോപാർക്കുകൾ** സ്ഥാപിക്കുവാൻ ഈ ഗവൺമെന്റ് തീരുമാനിക്കുന്നു. അനുയോജ്യമായ സാങ്കേതിക വിദ്യ വിന്യസിപ്പിച്ചുകൊണ്ട് നാളികേര ഉത്പാദനം രണ്ടിരട്ടിയും മൂന്നിരട്ടിയുമായി വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

26. ശുദ്ധവെളിച്ചെണ്ണ, നാളികേര പൗഡർ, നാളികേര ചിപ്സ്, തേങ്ങാപ്പാൽ, മിൽക് പൗഡർ, വിവിധ കയർ ഉത്പന്നങ്ങൾ, കയർകൊണ്ടുള്ള ഭൂതല ആവരണം തുടങ്ങി കൂടുതൽ ആദായം നേടിത്തരുന്ന നിരവധി മൂല്യവർദ്ധിത ഉത്പന്നങ്ങളാണ് ഈ ബയോപാർക്കിൽ ഉത്പാദിപ്പിക്കപ്പെടുക.

27. തെക്കൻ കേരളത്തിലും മധ്യകേരളത്തിലും വടക്കൻ മേഖലയിലുമായി മൂന്നു കോക്കനട്ട് ബയോപാർക്കുകൾ സ്ഥാപിക്കുന്നതാണ്. ഈ പാർക്കിന്റെ നടത്തിപ്പും റൈസ് പാർക്കിന്റെ മാതൃകയിൽ സജ്ജീകരിക്കുന്നതാണ്. ഇതിനായി 15 കോടി രൂപ ബഡ്ജറ്റിൽ നീക്കിവെക്കുന്നു.

**ഗ്രീൻഹൗസ് പദ്ധതി**

28. കാർഷികമേഖലയിൽ വൻ കുതിച്ചുചാട്ടത്തിന്റെ നാന്ദി കുറിയ്ക്കുന്ന അത്യാധുനിക സാങ്കേതിക വിദ്യയായ ഗ്രീൻ ഹൗസ് പദ്ധതി കേരളത്തിലെ എല്ലാ പ്രദേശത്തും വ്യാപിപ്പിക്കുന്നതിനുള്ള ഒരു പരിപാടി 2012-13 ബജറ്റിൽ ഞാൻ പ്രഖ്യാപിക്കുന്നു. ഏറ്റവും ഗുണമേന്മയുള്ള, മൂല്യവർദ്ധിത പച്ചക്കറി വർഷത്തിലുടനീളം ഉപഭോക്താക്കളിലെത്തിക്കുവാനുള്ള ബൃഹത് പദ്ധതിയാണിത്. ഗ്രീൻഹൗസുകളിലെ നിയന്ത്രിത കാലാവസ്ഥയിൽ ഇവ ഉത്പാദിപ്പിക്കുകയും ഗുണമേന്മയും മൂല്യവർധനവും വരുത്തി, വിപണന സാധ്യത ഉറപ്പാക്കുകയും ചെയ്യും. സൂക്ഷ്മ കൃഷിയുടെ തത്വം അനുസരിച്ച് ഓരോ വിളയുടെയും ഹൈബ്രിഡ് വിത്തു പാകുന്ന ദിവസം മുതൽ

അനുവർത്തിക്കേണ്ട പരിചരണ മുറകളെപ്പറ്റി ജില്ലാതല വിദഗ്ധസംഘം പരിശീലനം നല്കും.

29. ഗ്രീൻ ഹൗസിലെ ചെടികളുടെ ഉത്പാദനക്ഷമത തുറസ്സായ സ്ഥലത്തെ അപേക്ഷിച്ച് മൂന്നുമുതൽ പത്തിരട്ടിവരെ കൂടുതലാണ്. നമ്മുടെ സൂപ്പർ മാർക്കറ്റുകളിൽ അന്യ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന വിദേശ പച്ചക്കറികൾ പോലും ഏതു സമയത്തും സൂക്ഷ്മ കൃഷിയിലൂടെ നമ്മുടെ ഗ്രീൻഹൗസുകളിൽ ഉത്പാദിപ്പിച്ചെടുക്കുകയും മുന്തിയ വിലയ്ക്ക് വില്ക്കുകയും ചെയ്യാം. പച്ചക്കറി ഉത്പാദനത്തിൽ സംസ്ഥാനത്തിന് സ്വയം പര്യാപ്തത നേടിയെടുക്കുന്നതിന് ഇത് സഹായകമാകും.

30. കേരളത്തിലെ ഒരോ പഞ്ചായത്തിലുമുള്ള സഹകരണ ബാങ്കുകൾക്കോ കർഷക സംഘങ്ങൾക്കോ കർഷകർക്കോ 10 സെന്റ് തുറസ്സായ സ്ഥലത്ത് 4.5 ലക്ഷം രൂപ മുതൽ മുടക്കിൽ ഗ്രീൻഹൗസുകൾ സ്ഥാപിക്കാവുന്നതാണ്. നൂതനമായ ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ സാങ്കേതിക പരിശീലനം നൽകുന്നതിന് വേണ്ടി ഓരോ ജില്ലയിലും ജില്ലാ കൃഷി ആഫീസറുടെ നേതൃത്വത്തിൽ വിദഗ്ധസമിതികൾക്ക് രൂപം കൊടുക്കും. ഇതിന്റെ ചെലവിന്റെ 75 ശതമാനം തുക കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയായി ലഭ്യമാക്കുന്നതാണ്. ബാക്കി വരുന്ന 25 ശതമാനം തുക ഗുണഭോക്തൃ വിഹിതമായോ ബാങ്ക വായ്പയായോ സ്വരൂപിക്കേണ്ടതാണ്. ഓരോ പഞ്ചായത്തിലും മൂന്നുവീതം ഗ്രീൻഹൗസുകൾ സ്ഥാപിക്കുന്നതാണ്. ഇതിനാവശ്യമായ സർക്കാർ വിഹിതമായി 45 കോടി രൂപ മാറ്റി വെയ്ക്കുന്നു.

**നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്**

31. എം.എൽ.എ-മാർക്ക് നിയോജകമണ്ഡലം വികസന പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നല്കുന്ന ബഡ്ജറ്റ് വർക്കുകളും, എന്നാൽ ബഡ്ജറ്റിൽ പ്രത്യേകം വകകൊള്ളിക്കാത്തതും അടിയന്തര സ്വഭാവമുള്ളതുമായ ചെറിയ വർക്കുകൾ ഏറ്റെടുക്കുന്നതിന് ഒരു കോടി രൂപയുടെ MLA Fund Scheme-ഉം നിലവിലുണ്ട്. ഇതിനുപുറമെ, നിയോജകമണ്ഡലത്തിലെ ആസ്തികൾ

വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള മൂലധനനിക്ഷേപ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഒരു **'നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്'** രൂപീകരിക്കേണ്ടത് ആവശ്യമാണെന്നു ഞാൻ കരുതുന്നു.

32. ഒരു വർഷം മൊത്തം അഞ്ചു കോടിയിൽ കവിയാത്ത മേജർ വർക്കുകൾ ഏറ്റെടുക്കത്തക്കവിധവും അഞ്ചുവർഷംകൊണ്ട് മൊത്തം 25 കോടി രൂപയുടെ മേജർ വർക്കുകൾ എല്ലാ എം.എൽ.എ-മാർക്കും ലഭിക്കത്തക്ക വിധവും രൂപകല്പന ചെയ്തു നടപ്പിലാക്കുന്നതായിരിക്കും. ഈ സ്കീമിന്റെ വിശദമായ മാർഗരേഖ ധനവകുപ്പിൽനിന്നും പുറപ്പെടുവിക്കുന്നതാണ്. 2012-13 വർഷത്തെ പ്രവർത്തനങ്ങൾക്കായി നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിലേക്ക് ഞാൻ 705 കോടി രൂപ മാറ്റിവെക്കുന്നു.

**തൊഴിൽ വൈദഗ്ധ്യ വികസന പദ്ധതി**

33. 12-ാം പഞ്ചവത്സരപദ്ധതിക്കാലത്ത്, നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലായ്മയ്ക്ക് ശാശ്വത പരിഹാരം കാണുവാനുള്ള തീവ്രശ്രമത്തിലാണ് സംസ്ഥാന ഗവൺമെന്റ്. ഇതിന് വിവിധ തൊഴിൽ മേഖലകളിൽ നമ്മുടെ തൊഴിൽരഹിതരായ ചെറുപ്പക്കാർ വൈദഗ്ധ്യം ആർജ്ജിക്കേണ്ടതുണ്ട്. ഇതിനായി സ്കൂൾ, ഹയർ സെക്കന്ററി, ഡിഗ്രി തലത്തിൽ പഠനത്തോടൊപ്പം Additional Skill Aquisition Programme (ASAP) എന്ന പദ്ധതിയും മുൻകാലങ്ങളിൽ പഠനം പൂർത്തിയാക്കിയവർക്കു വേണ്ടി Additonal Skill Enhancement Programme (ASEP) എന്ന മറ്റൊരു പദ്ധതിയും ഗവൺമെന്റ് പ്രഖ്യാപിക്കുന്നു. ഇതിൽ ASAP സ്കീമിൽ ചേരുന്ന ഹയർ സെക്കൻഡറി, ഡിഗ്രി വിദ്യാർത്ഥികൾക്ക് അഭിരുചിയനുരിച്ച് ഏതെങ്കിലുമൊരു തൊഴിലധിഷ്ഠിത കോഴ്സിനു ചേരാം. കോഴ്സിന് വ്യവസായ മേഖലയുമായി ബന്ധപ്പെട്ട സ്ഥാപങ്ങളുടെയും, അസോസിയേഷനുകളുടെയും അംഗീകാരം ലഭ്യമാക്കും. ഡിഗ്രി വിദ്യാർത്ഥികൾക്ക് പഠനം പൂർത്തിയാകുമ്പോൾ ഇരട്ട ഡിഗ്രി കരസ്ഥമാക്കാനാവും. പദ്ധതി ഈ വർഷം ഗവൺമെന്റ് സ്കൂളുകളിലും കോളേജുകളിലുമാണ് നടപ്പാക്കുക. ക്രമേണ എയ്ഡഡ് മേഖലയിലേക്കും വ്യാപിപ്പിക്കും.

34. ASEPപദ്ധതി സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സേഞ്ചുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. അങ്ങനെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സേഞ്ചുകൾ തൊഴിൽരഹിതരുടെ പേരുകൾ രജിസ്റ്റർ ചെയ്യുവാനുള്ള സ്ഥാപനം എന്ന നിലയിൽനിന്നും അവരെ തൊഴിലിനു പ്രാപ്തരാക്കുന്ന തൊഴിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ എന്ന നിലയിലേക്കു മാറ്റും. നിലവിലുള്ള ഐ.ടി.ഐ-കളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഓരോ ജില്ലയിലും ഒരു കേന്ദ്രത്തിലെങ്കിലും തുടർച്ചയായി പരിശീലന പരിപാടികൾ സംഘടിപ്പിക്കും. കേന്ദ്രസർക്കാരിന്റെ നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ സഹകരണത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. കേരളത്തിന്റെ സാമൂഹിക മണ്ഡലത്തിൽ ഏറെ ഗുണകരമായ മുന്നേറ്റത്തിന് വഴിയൊരുക്കുന്ന ഈ സ്വപ്ന പദ്ധതികളുടെ നടത്തിപ്പിനായി 30 കോടി രൂപ ഞാൻ മാറ്റിവയ്ക്കുന്നു.

35. കേരളത്തിന്റെ തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി 10,000 പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാനുള്ള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ ഞാൻ ആവിഷ്ക്കരിച്ചിരുന്നു. കെ. എഫ്. സി യുടെ ആഭിമുഖ്യത്തിൽ ആ പ്രവർത്തനം നടന്നുവരുന്നു. ഇതോടൊപ്പം തൊഴിൽപരമായി വൈദഗ്ധ്യമില്ലാത്ത യുവജനങ്ങൾക്കെല്ലാം അതിനുള്ള വൈദഗ്ധ്യം പകർന്നു കൊടുക്കുവാനുള്ള ASAP, ASEP പദ്ധതികൾകൂടി ഈ വർഷം നടപ്പിലാക്കുന്നതുകൊണ്ട് 2012-13 കേരള സ്വയംസംരംഭക വർഷമായി ഞാൻ പ്രഖ്യാപിക്കുന്നു.

**കേരളാ ഇന്നോവേഷൻ മിഷൻ**

36. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ വികാസത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ ഉത്പന്നങ്ങളും ഉത്പാദന പ്രക്രിയകളും നവീകരിച്ച് സമസ്ത പ്രവർത്തന രംഗങ്ങളും പുന:സംഘടിപ്പിക്കുന്നതിന് ആവശ്യമായ പ്രചോദനവും പരിശീലനവും നൽകുന്നതിന് തിരുവനന്തപുരം ആസ്ഥാനമാക്കി സംസ്ഥാന ഇന്നോവേഷൻ കൗൺസിലും അതിന്റെ

ആഭിമുഖ്യത്തിൽ കേരളാ ഇന്നോവേഷൻ മിഷനും രൂപീകരിക്കുന്നതാണ്. ഇതിനുവേണ്ടി 50 ലക്ഷം രൂപ വകയിരുത്തുന്നു.

**ഉറവിട മാലിന്യസംസ്കരണം**

37. നടപ്പുവർഷത്തെ ബഡ്ജറ്റിൽ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിലും സർക്കാരിതര സംഘടനകളുടെ സഹകരണത്തോടു കൂടിയും മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുവേണ്ടി മാലിന്യവിമുക്ത കേരളം പദ്ധതി ഞാൻ പ്രഖ്യാപിച്ചിരുന്നു. അതിന്റെ പ്രവർത്തനം വിവിധ ഘട്ടങ്ങളിലാണ്. ഈ ബഡ്ജറ്റിൽ ഇനി വരുന്ന ഖണ്ഡികകളിൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികളുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ചില വൻകിട മാലിന്യസംസ്ക്കരണ പദ്ധതികൾക്ക് പ്രത്യേക വകയിരുത്തലുകളുണ്ട്. ഇപ്രകാരമുള്ള പദ്ധതികൾക്ക് പുറമെ മാലിന്യങ്ങൾ ഉറവിടങ്ങളിൽ സംസ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചാലേ സംസ്ഥാനം മാലിന്യവിമുക്തമാക്കുവാൻ കഴിയൂ. അതിലേക്ക് ഒരു നൂതനമായ ഉറവിടമാലിന്യ സംസ്ക്കരണ പരിപാടി ഞാൻ പ്രഖ്യാപിക്കുന്നു.

38. വീടുകളിലുണ്ടാകുന്ന ജൈവമാലിന്യങ്ങളിൽ നിന്ന് കമ്പോസ്റ്റ് വളവും ബയോഗ്യാസും നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ ഇന്ന് സുലഭമാണ്. പൈപ്പ് കമ്പോസ്റ്റ്, മൺകല മാലിന്യ സംസ്ക്കരണം, ബക്കറ്റ് കമ്പോസ്റ്റ് എന്നിവ സർക്കാർ അംഗീകരിച്ച് കഴിഞ്ഞിട്ടുണ്ട്. ഉറവിടത്തിൽത്തന്നെ മാലിന്യ സംസ്ക്കരണവും, അതിൽ നിന്ന് ഉണ്ടാകുന്ന കമ്പോസ്റ്റ് ഉപയോഗിച്ച് അടുക്കളത്തോട്ട വ്യാപനവുമാണ് ലക്ഷ്യമിടുന്നത്. പൈപ്പ് കമ്പോസ്റ്റ് ഒരു യൂണിറ്റിന് 800 രൂപയും വെർമി കമ്പോസ്റ്റിന് 1250 രൂപയും ബയോഗ്യാസ് പ്ലാന്റിന് 11,000 രൂപയും ചെലവ് കണക്കാക്കിയിരിക്കുന്നു. ഈ തുകയുടെ ഒരു ഭാഗം സബ്സിഡിയായി ലഭ്യമായാൽ ഈ പദ്ധതി ഏതു സാധാരണക്കാരനും അവരവരുടെ വീട്ടുവളപ്പിൽ നിഷ്പ്രയാസം പ്രാവർത്തികമാക്കാവുന്നതാണ്.

39. മാലിന്യക്കൂമ്പാരം നഗരങ്ങളിലാകയാൽ ഈ പദ്ധതിയിൽ കോർപ്പറേഷനുകളിലെയും, മുനിസിപ്പാലിറ്റികളിലെയും എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തുന്നതാണ്.

40. കമ്പോസ്റ്റ് സംവിധാനങ്ങളുടെ വിലയുടെ 75 ശതമാനം സർക്കാർ സബ്സിഡിയായി നൽകുന്നതാണ്. 15 ശതമാനം അതത് സ്വയംഭരണ സ്ഥാപനങ്ങളും 10 ശതമാനം ഗുണഭോക്താക്കളും വഹിക്കേണ്ടതാണ്. ബയോഗ്യാസ് പ്ലാന്റിന്റെ കാര്യത്തിൽ, 50 ശതമാനം സർക്കാർ സബ്സിഡിയും 25 ശതമാനം സ്വയംഭരണസ്ഥാപനങ്ങളും 25 ശതമാനം ഗുണഭോക്താക്കളും വഹിക്കേണ്ടതാണ്. നൂതനമായ ഈ ഉറവിട മാലിന്യ സംസ്ക്കരണപദ്ധതിക്ക് 100 കോടി രൂപ വകയിരുത്തുന്നു.

**കേരള ആയുർവേദ സർവകലാശാല**

41. ആയുർവേദം ഭാരതീയ സംസ്ക്കാരത്തിന്റെ ഭാഗമായി വളർന്നു വന്ന ഒരു ചികിത്സാവിധിയാണ്. വർഷംതോറും ആയുർവേദ ചികിത്സ തേടി കേരളത്തിൽ എത്തുന്ന ടൂറിസ്റ്റുകൾ നിരവധിയാണ്. ഇത് വേണ്ടവണ്ണം പ്രയോജനപ്പെടുത്തുവാൻ സാധിച്ചാൽ നമ്മുടെ ആയുർവേദ ചികിത്സാരംഗത്തിനും ടൂറിസം മേഖലയ്ക്കും അത് വലിയ മുതൽക്കൂട്ടാവും.

42. തലമുറകളായി നമുക്കു കൈവന്നിട്ടുള്ള വിജ്ഞാന സമ്പത്തിനെ ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് വികസിപ്പിച്ച് അന്താരാഷ്ട്ര അംഗീകാരം നേടിയെടുക്കുന്നതിന് സജ്ജമാക്കുവാൻ ആയുർവേദ യൂണിവേഴ്സിറ്റി നിലവിൽ വരേണ്ടത് ആവശ്യമാണെന്ന് ഞാൻ കരുതുന്നു. അതിനാൽ നമ്മുടെ ആയുർവേദ മേഖലയുടെ സമഗ്രവളർച്ചക്കും, വികസനത്തിനും, ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കുന്നതിനുമായി മലപ്പുറം ജില്ലയിൽ കോട്ടയ്ക്കലിന് സമീപം **ആയുർവേദ സർവകലാശാല** സ്ഥാപിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ നടപടികൾക്കായി ഒരു കോടി രൂപ മാറ്റിവയ്ക്കുന്നു.

### ഇടുക്കിയിലും, വയനാട്ടിലും വിമാനത്താവളങ്ങൾ

43. കേരളത്തിലെ മലയോര ജില്ലകളായ ഇടുക്കിയിലും വയനാട്ടിലും പുതിയ വിമാനത്താവളങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച സാധ്യതാ പഠനം നടത്തുന്നതാണ്. ഇവയുടെ പ്രീ-പ്രോജക്ട് പ്രവൃത്തികൾക്ക് വേണ്ടി 50 ലക്ഷം രൂപ വീതം അനുവദിക്കുന്നു. കണ്ണൂർ വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപ വകയിരുത്തുന്നു. തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനത്തിനായി ബാക്കിയുള്ള 22 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തും. കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിനായുള്ള സ്ഥലമെടുപ്പും ഉടൻ പൂർത്തിയാവുന്നതാണ്.

### എല്ലാ ജില്ലകളിലും എയർ-സ്ട്രിപ്പുകൾ

44. വിമാനത്താവളങ്ങളില്ലാത്ത എല്ലാ ജില്ലകളിലും ചെറുവിമാനങ്ങളും ഹെലിക്കോപ്റ്ററുകളും ഇറക്കുന്നതിനുള്ള എയർ-സ്ട്രിപ്പുകൾ സ്ഥല ലഭ്യതയനുസരിച്ച് നിർമ്മിക്കും. ഇതിന്റെ ആദ്യപടിയായി കൊല്ലം, കോട്ടയം ജില്ലകളിൽ ഓരോ എയർ-സ്ട്രിപ്പുകളുടെ നിർമ്മാണം ഈ വർഷം തന്നെ ആരംഭിക്കും. ഈ സംരംഭം സംസ്ഥാനത്തെ വിനോദസഞ്ചാര വ്യവസായത്തെ പരിപോഷിപ്പിക്കുമെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു.

### സമുദ്ര നിരപ്പിന് താഴെയുള്ള കൃഷിസംബന്ധിച്ച അന്തർദ്ദേശീയ ഗവേഷണ-പരിശീലനകേന്ദ്രം

45. സമുദ്ര നിരപ്പിൽ താഴെ നെൽകൃഷിയും, മത്സ്യകൃഷിയും ചെയ്യുന്ന കുട്ടനാടൻ പാടശേഖരങ്ങളെ എഫ്.എ.ഒ (FAO) അന്തർദേശീയ പ്രാധാന്യമുള്ള കാർഷികവ്യവസ്ഥ (Globally Important Agricultural System) ആയി പ്രഖ്യാപിച്ചിട്ടുണ്ട്.

46. ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനങ്ങളുടെയും ഏറ്റവും പ്രധാനമായ പ്രത്യാഘാതം കടൽജലനിരപ്പ് ഉയരുന്നതാണ്. ഇക്കാരണ

ത്താൽത്തന്നെ സമുദ്രനിരപ്പിന് താഴെയുള്ള കുട്ടനാടൻ കൃഷിരീതി ആഗോളതലത്തിൽ തന്നെ ഏറെ ചർച്ച ചെയ്യപ്പെടുകയും ശ്രദ്ധയാകർഷിക്കുകയും ചെയ്തിട്ടുണ്ട്. അതു കൊണ്ട് കുട്ടനാടൻ പാടശേഖരപ്രദേശങ്ങളെ ഉൾപ്പെടുത്തി പ്രൊഫ. എം.എസ്.സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനുമായി ചേർന്ന് ഒരു അന്തർദ്ദേശീയ ഗവേഷണ പരിശീലന കേന്ദ്രം (International Reserach & Training Centre for below Sea level farming in Kuttanad) കുമരകത്ത് സ്ഥാപിക്കുവാൻ സംസ്ഥാന ഗവൺമെന്റ് ആഗ്രഹിക്കുന്നു. ഇതിനായി 2012-13-ലെ ബജറ്റിൽ 10 കോടി രൂപ നീക്കിവെക്കുന്നു. ഈ ഉദ്യമത്തിന് അന്തർദ്ദേശീയ അംഗീകാരവും സാമ്പത്തിക സഹായവും പ്രതീക്ഷിക്കുന്നു.

**സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച് (CPPR)**

47. ആധുനിക ജനാധിപത്യ ഭരണസംവിധാനങ്ങളെല്ലാം വിവിധ മേഖലകളിൽ കുറ്റമറ്റരീതിയിലുള്ള നയരൂപീകരണം നടത്തുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും ശാസ്ത്രീയ ഗവേഷണ സ്ഥാപനങ്ങളുടെ സഹായം പ്രയോജനപ്പെടുത്താറുണ്ട്. ആധുനിക കാലത്ത് കോർപ്പറേറ്റ് ബിസിനസ്സ് സ്ഥാപനങ്ങൾ പോലും ഇത്തരത്തിലാണ് അവരുടെ നയരൂപീകരണം മെച്ചപ്പെട്ട രീതിയിൽ നടത്തുന്നത്.

48. കേരളത്തെ ത്വരിതഗതിയിൽ പുരോഗതിയിലേക്ക് നയിക്കുന്നതിനുവേണ്ടി ആഗോള ചലനങ്ങൾക്കും മാറുന്ന പ്രവണതകൾക്കും അനുസൃതമായി നമ്മുടെ പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അതിനാൽ ഈ രംഗങ്ങളിലെ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കുമായി തിരുവനന്തപുരത്ത് സ്വതന്ത്ര പദവിയോടുകൂടി സി.ഡി.എസ്. മാതൃകയിൽ **സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച്** സ്ഥാപിക്കുന്നതാണ്. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

## ന്യൂ ജനറേഷൻ വ്യവസായങ്ങളും കിൻഫ്ര പാർക്കുകളും

49. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽസാദ്ധ്യത ഉറപ്പുവരുത്തുന്നതിലേക്ക് ന്യൂ ജനറേഷൻ വ്യവസായങ്ങളെ ആകർഷിക്കുന്നതിനും അവയ്ക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിനും പ്രോത്സാഹനം നൽകുന്നതിനുമായി എല്ലാ ജില്ലകളിലും കിൻഫ്രയുടെ ഓരോ പാർക്കുകൾ സ്ഥാപിക്കുന്നതാണ്. കൃഷി അധിഷ്ഠിത വ്യവസായങ്ങൾ, നാനോ-ബയോടെക്നോളജി അധിഷ്ഠിത വ്യവസായങ്ങൾ, ഭക്ഷ്യസംസ്കരണം, തുടങ്ങിയ നൂതന സംരംഭങ്ങൾക്ക് ഈ പാർക്കുകളിൽ മുൻഗണന നൽകുന്നതായിരിക്കും.

## പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി

50. സാമ്പത്തിക പിന്നോക്കാവസ്ഥ അനുഭവിക്കുന്ന ഒരു വിഭാഗമാണ് പ്രാദേശിക പത്രപ്രവർത്തകർ. ഏകദേശം പതിനായിരത്തോളം വരുന്ന ഈ വിഭാഗത്തിന് ഇപ്പോൾ കാര്യമായ സാമ്പത്തിക ആനുകൂല്യങ്ങൾ ഒന്നും ലഭിക്കുന്നില്ല. ഇവർക്ക് ഒരു സാമ്പത്തിക പിൻബലം നൽകേണ്ടത് അനിവാര്യമാണെന്ന് ഞാൻ കരുതുന്നു. ഈ ലക്ഷ്യം മുൻനിർത്തി പ്രാദേശിക പത്രപ്രവർത്തകർക്കായി ഒരു ക്ഷേമനിധി പ്രഖ്യാപിക്കുന്നു. ഇതിനാവശ്യമായ തുകയുടെ നിശ്ചിത ശതമാനം സർക്കാർ വിഹിതമായി നൽകും. ഇതിനായി 1 കോടി രൂപ വകയിരുത്തുന്നു.

## പത്രപ്രവർത്തകർക്ക് പെൻഷൻ

51. പത്രപ്രവർത്തകർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന 4000 രൂപ പെൻഷൻ 4500 രൂപയായി വർദ്ധിപ്പിക്കുന്നതാണ്.

**ബി.പി.എൽ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പാ പലിശ സബ്സിഡി**

52. പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് ബാങ്ക് വായ്പയെടുത്ത ബി.പി.എൽ വിഭാഗക്കാരെ പലിശ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. 2009-നു ശേഷമുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശയ്ക്ക് കേന്ദ്രഗവണ്മെന്റ് സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ, 2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ വായ്പ എടുത്ത വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ അവർക്കും കൂടി പലിശ സബ്സിഡി നൽകുക എന്നത് തികച്ചും ന്യായയുക്തമാണ്. അതിനാൽ, വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി കിട്ടാത്തതുമൂലം അവശത അനുഭവിക്കുന്നവരുമായ ബി.പി.എൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസകാലത്തെ പലിശബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതാണ്. അതിലേക്ക് 5 കോടി രൂപ അനുവദിക്കുന്നു.

**സാമൂഹ്യക്ഷേമപദ്ധതികൾ**

53. വിധവ, അഗതി പെൻഷൻ കഴിഞ്ഞ ബഡ്ജറ്റിൽ പ്രതിമാസം 300 രൂപയിൽ നിന്ന് 400 രൂപയായി ഉയർത്തിയിരുന്നു. അത് ഈ വർഷം 525 രൂപയായി വർദ്ധിപ്പിക്കും. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ സഹായം നിലവിലുള്ള 10000 രൂപയിൽ നിന്ന് 20000 രൂപയായി ഉയർത്തുന്നതാണ്.

54. ക്യാൻസർ, കുഷ്ഠം, ക്ഷയം എന്നിവ ബാധിച്ച രോഗികൾക്ക് നിലവിൽ നൽകിവരുന്ന പെൻഷൻ തുക യഥാക്രമം 200, 200, 50 രൂപയിൽ നിന്ന് എല്ലാവർക്കും പ്രതിമാസം 525 രൂപയായി ഉയർത്തുന്നതാണ്. കിഡ്നി തകരാറുമൂലം സ്ഥിരമായി ഡയാലിസിസ് വേണ്ടിവരുന്ന, ബി.പി.എൽ വിഭാഗത്തിലെ വൃക്കരോഗികൾക്കും പ്രതിമാസം 525 രൂപ നിരക്കിലുള്ള പെൻഷൻ പുതുതായി അനുവദിക്കുന്നതാണ്. അനാഥശാലകൾ,

വൃദ്ധസദനങ്ങൾ, യാചകമന്ദിരങ്ങൾ എന്നിവയിലെ അന്തേവാസികളുടെ പ്രതിമാസ ഗ്രാന്റ് 250 രൂപയിൽ നിന്ന് 525 രൂപയായി ഉയർത്തുന്നു.

55. 80 ശതമാനത്തിൽ കൂടുതലോ, ഒന്നിലധികമോ അംഗവൈകല്യമുളള വികലാംഗർക്കുളള പെൻഷൻ 400 രൂപയിൽ നിന്ന് 700 രൂപയായി വർദ്ധിപ്പിക്കുന്നു. മറ്റുളള വികലാംഗരുടെ പെൻഷൻ 400 രൂപയിൽ നിന്ന് 525 രൂപയായി വർദ്ധിപ്പിക്കുന്നു.

56. 80 വയസ്സ് കഴിഞ്ഞ വൃദ്ധജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വാർദ്ധക്യകാല പെൻഷൻ കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന തുകയും ചേർത്ത് 400 രൂപയിൽ നിന്ന് 900 രൂപയായി ഉയർത്തുന്നു.

**തൊഴിലുറപ്പ് പദ്ധതി സ്ത്രീ തൊഴിലാളികൾക്ക് സഹായം**

57. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ ഭൂരിപക്ഷവും സ്ത്രീ തൊഴിലാളികളാണ്. ഈ പദ്ധതിയിൽ 2011-12 സാമ്പത്തിക വർഷത്തിൽ 100 ദിവസമെങ്കിലും ജോലി ചെയ്തിട്ടുളള സ്ത്രീത്തൊഴിലാളികളുടെ സ്കൂൾ-കോളേജ് തലങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാലയ വർഷാരംഭം യൂണിഫോം, പുസ്തകം തുടങ്ങിയവ വാങ്ങുന്നതിന് ഓരോ സ്ത്രീത്തൊഴിലാളിക്കും ആയിരം രൂപ വീതം ധനസഹായം നൽകുന്നതാണ്. ഈ തുക 2012 മെയ് മാസത്തിൽ വിതരണം ചെയ്യുന്നതാണ്.

**ആശാ വർക്കേഴ്സിനും പ്രേരക്മാർക്കും വർദ്ധിച്ച വേതനം**

58. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ആരോഗ്യവകുപ്പിലെ ആശാ വർക്കേഴ്സിന്റെ വേതനം 500 രൂപയായി ഞാൻ വർദ്ധിപ്പിച്ചിരുന്നു. ഈ വർഷം അത് 600 രൂപയായി ഉയർത്തുന്നതാണ്. സ്കൂളുകളിൽ പ്രീ-പ്രൈമറി അദ്ധ്യാപകരുടെ വേതനം 600-ൽ നിന്ന് 900 രൂപയായും ആയമാരുടേത് 400-ൽ നിന്ന് 600 രൂപയായും വർദ്ധിപ്പിക്കുന്നു. സാക്ഷരതാ മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രേരക്, അസിസ്റ്റന്റ് പ്രേരക് മാരുടെ വേതനത്തിൽ 100 രൂപ വർദ്ധനവ് നൽകുന്നതാണ്. സ്കൂളുകളിൽ പാചകത്തൊഴിലാളികളുടെ

ദിവസവേതനം ഇപ്പോഴുള്ള നിരക്കിൽ നിന്നും 50 രൂപ വർദ്ധിപ്പിക്കുന്നതാണ്. കായികാധ്യാപകരുടെ കിറ്റ് അലവൻസ് നടപ്പു വർഷം 500 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിച്ചിരുന്നു. ഇത് 100 രൂപ കൂടി വർദ്ധിപ്പിക്കുന്നതാണ്. പട്ടികജാതി-വർഗ്ഗ വകുപ്പുകളിൽ പ്രവർത്തിക്കുന്ന പ്രമോട്ടർമാരുടെ ഓണറേറിയം 2500 രൂപയിൽ നിന്ന് 4000 രൂപയായും റസിഡന്റ് ട്യൂട്ടർമാരുടെ ഓണറേറിയം 3000 രൂപയിൽ നിന്ന് 4500 രൂപയായും വർദ്ധിപ്പിക്കും.

**ശബരിമല വികസനം**

59. ഇക്കഴിഞ്ഞ മണ്ഡല-മകര വിളക്കു സീസണിൽ ഭക്തജനങ്ങൾക്ക് പരമാവധി സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുവാൻ കഴിഞ്ഞു എന്നതിൽ ഗവണ്മെന്റിന് അതിരറ്റ സന്തോഷവും അഭിമാനവുമുണ്ട്. സീറോവേസ്റ്റ് ശബരിമല പദ്ധതിയും റോഡുവികസന പരിപാടികളും ഗതാഗത സൗകര്യങ്ങളും ചികിത്സാ, സുരക്ഷാസംവിധാനങ്ങളുമെല്ലാം പൂർവാധികം ഭംഗിയാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

60. ശബരിമല മാസ്റ്റർ പ്ലാനിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ നടത്തിപ്പിലേയ്ക്ക് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു മാസ്റ്റർ പ്ലാൻ സെല്ലും ദേവസ്വം വകുപ്പുമന്ത്രി ചെയർമാനായി ഒരു ക്യാബിനറ്റ് സബ് കമ്മറ്റിയും രൂപീകരിച്ചിട്ടുണ്ട്.

61. അടുത്ത മണ്ഡല - മകരവിളക്കുകാലത്തിനു മുൻപ് വലിയ നടപ്പന്തലിന് ഒരു നിലകൂടി നിർമ്മിക്കുവാനുള്ള പദ്ധതി, പുതുതായി രണ്ട് സെക്ടർ ക്യൂ കോംപ്ലക്സുകളുടെ നിർമ്മാണം, പമ്പ മുതൽ മരക്കൂട്ടം വരെ നടപ്പന്തൽ നിർമ്മാണം, പുതിയ പ്രസാദം കോംപ്ലക്സ്, കുന്നാർ ഡാമിന്റെ ശേഷി വർദ്ധിപ്പിക്കൽ, സന്നിധാനത്ത് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം, പമ്പയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കൽ, നിലയ്ക്കലിൽ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ നിർമ്മാണം തുടങ്ങിയ പദ്ധതികൾ പൂർത്തിയാക്കുന്നതാണ്. ഇവയുടെ പ്രവർത്തനങ്ങൾക്കായി 25 കോടി രൂപ അനുവദിയ്ക്കുന്നു.

62. കഴിഞ്ഞ ബഡ്ജറ്റിൽ നിർദ്ദേശിച്ചിരുന്നതനുസരിച്ച് എരുമേലിയിൽ ടൗൺഷിപ്പ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇത് അതിവേഗം പൂർത്തിയാക്കുന്നതാണ്. അവിടെ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ആവശ്യമായി വരുന്ന അധിക തുക അനുവദിക്കുന്നതാണ്. ശബരിമലയുടെ ഇടത്താവളമായ ചെങ്ങന്നൂരിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതാണ്.

63. ശബരിമലയിലെ മാലിന്യനിർമാർജ്ജന പരിപാടികൾക്കുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ 5 കോടി രൂപ അനുവദിക്കുകയും പദ്ധതി വിജയകരമാക്കുകയും ചെയ്തു. അടുത്ത വർഷവും ഈ പദ്ധതി തുടരുന്നതിനുവേണ്ടി 5 കോടി രൂപ അനുവദിയ്ക്കുന്നു.

**സർക്കാർ ജീവനക്കാരുടെ വിരമിക്കൽ**

64. കേരളത്തിൽ നടപ്പിലാക്കിയ വിരമിക്കൽ തീയതി ഏകീകരിക്കൽ പദ്ധതിമൂലം പെൻഷൻ പ്രായം 56 ആയി ഉയർന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇത് ഭരണപരമായ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് മാത്രമല്ല, ഇത്തരമൊരു സംവിധാനം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലൊന്നും നിലവിലില്ലാത്തതുമാണ്. ഇക്കാരണങ്ങളാൽ, ഇത് പിൻവലിക്കണമെന്ന കാര്യത്തിൽ വിവിധ തലങ്ങളിൽ നടന്ന ചർച്ചകളിൽ സമവായമുണ്ടായിട്ടുണ്ട്. ഈ വർഷം മാർച്ച് 31-ന് വിരമിക്കൽമൂലമുണ്ടാവുന്ന മിക്കവാറും ഒഴിവുകളിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ഇതിനകം നിയമനങ്ങൾ നടന്നിട്ടുള്ളതിനാൽ വിരമിക്കൽ ഏകീകരണം പിൻവലിച്ചാലും അത് ഉദ്യോഗാർത്ഥികളുടെ അവസരങ്ങളെ കാര്യമായി ബാധിക്കുകയില്ല. ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളെയും അപേക്ഷിച്ച്, പെൻഷൻ പ്രായം ഏറ്റവും കുറവുള്ള സംസ്ഥാനമാണ്, കേരളം. എന്നാൽ, ആയുർദൈർഘ്യം പരിഗണിക്കുമ്പോൾ, വികസിത രാജ്യങ്ങൾക്കൊപ്പമാണ്, നമ്മുടെ സ്ഥാനം.

അതുകൊണ്ട്, വിരമിക്കൽ തീയതി ഏകീകരണം പിൻവലിക്കുന്നതിനും, പെൻഷൻ പ്രായം 56 ആയും നിജപ്പെടുത്തുന്നതിനും തീരുമാനിക്കുന്നു. മാർച്ച് 31-ലെ വിരമിക്കൽമൂലമുണ്ടാവുന്ന ഒഴിവുകൾ ഏതെങ്കിലും ഇനിയും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബാക്കി ഉണ്ടെങ്കിൽ അത്, റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശിക്കുന്നതാണ്.

## III വിവിധ വകുപ്പുകൾ

65. സർ, ഇനി ഞാൻ വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ അടുത്ത വർഷം നടപ്പിലാക്കുന്ന പ്രധാന പദ്ധതികളിലേക്ക് കടക്കട്ടെ.

**കൃഷി**

66. കേരളത്തിന്റെ ഭക്ഷ്യ സുരക്ഷ ലക്ഷ്യമാക്കി നെൽകൃഷി, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യം എന്നിവയുടെ ഉത്പാദനവർദ്ധനവിനായി ഒരു സംയോജിത കാർഷിക വികസന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 100 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നു. ഇതിൽ 50 കോടി രൂപ നെൽകൃഷിക്കായി വിനിയോഗിക്കുന്നതാണ്.

67. നാളികേരത്തിന്റെ ഉത്പാദനം, മൂല്യവർദ്ധന, വിപണി എന്നിവ ശക്തിപ്പെടുത്തി നാളികേരകൃഷി ലാഭകരമാക്കുന്നതിനും കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിനുമായി ഒരു സമഗ്ര നാളികേര വികസന പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഇളനീർ കേരളത്തിന്റെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിക്കുന്നു.

68. ചിതറിക്കിടക്കുന്ന ചെറുകിട നാമമാത്ര തെങ്ങു കർഷകർക്ക് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന തിനും വേണ്ടി ഒരോ ഗ്രാമത്തിലും കേരകർഷകരെ ഉൾപ്പെടുത്തികൊണ്ട് നാളികേര ഉത്പാദക സംഘങ്ങൾ രൂപികരിക്കുന്നതാണ്. അങ്ങനെയുള്ള ഉത്പാദക സംഘങ്ങളുടെ ആഭിമുഖ്യത്തിൽ സംസ്ഥാനതലത്തിൽ ഫെഡറേഷൻ രൂപീകരിക്കുന്നതുമാണ്.

69. നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിൽ പരിശീലനം നേടി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന 5000 പേരിൽ, ബാങ്ക് വായ്പ എടുത്ത് ഇരുചക്രവാഹനങ്ങൾ വാങ്ങുന്നവർക്ക് 25% സബ്സിഡി(പരമാവധി 12500 രൂപ) നൽകുന്നതാണ്.

70. കരിക്കിൻ വെള്ള സംസ്ക്കരണം, വെർജിൻ കോക്കനട്ട് ഓയിൽ, ഡെസിക്കേറ്റഡ് കോക്കനട്ട് മിൽക് പൗഡർ, കോക്കനട്ട് ചിപ്സ് എന്നീ നൂതന നാളീകേര വിഭവങ്ങൾ ഉത്പാദിപ്പിക്കുന്ന കേരളത്തിലെ പുതിയ യൂണിറ്റുകൾക്ക് നാളികേര ബോർഡിന്റെ സഹായത്തിനു പുറമേ മൂലധനചെലവിന്റെ 25% തുക(പരാമവധി 25 ലക്ഷം വരെ) സബ്സിഡിയായി നൽകുന്നതാണ്.

71. വെട്ടിക്കളയുന്ന തെങ്ങിൻതടി നിലവിൽ കാര്യമായി പ്രയോജനപ്പെടു ത്തുന്നില്ല. തെങ്ങുകൃഷി പുനർജീവന പദ്ധതിയിൽ മാത്രം കേരളത്തിൽ എകദേശം 10 ലക്ഷത്തോളം തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട്. തെങ്ങിൻതടി ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഉത്പന്ന വൈവിദ്ധ്യ വൽക്കരണത്തിനു മായി പ്രൈമറി പ്രോസസിങ്ങിനുവേണ്ടി കേരഫെഡ് - എഫ്.ഐ.ടി സംരംഭത്തിന് 5 കോടി രൂപ അനുവദിക്കുന്നതാണ്.

72. ജൈവകൃഷി പ്രോത്സാഹനത്തിനായി 10 കോടി രൂപ വകയിരുത്തുന്നു.

73. ഉത്പന്നങ്ങൾക്ക് മതിയായ വിലയും ഉപഭോക്താവിന് ഗുണനിലവാരമുള്ള ഭക്ഷ്യവസ്തുക്കളും മിതമായ നിരക്കിൽ നൽകാനുള്ള സർക്കാർ

സംരഭത്തിന്റെ ഭാഗമായി കൃഷിവകുപ്പിന്റെ കീഴിലുള്ള ആനയറ, മരട്, വേങ്ങേരി എന്നീ മൊത്ത വ്യാപാര വിപണികൾ അഗ്രി സൂപ്പർമാളുകളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതാണ്. ഇതുൾപ്പെടെയുള്ള വിപണന സംഭരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തുന്നു.

74. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് പഴം, പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ, കശുവണ്ടി, കൊക്കോ, സുഗന്ധവിളകൾ എന്നിവയുടെ വിവിധ വികസന പദ്ധതികൾക്ക് ഈ വർഷം സംസ്ഥാന വിഹിതമായി 11 കോടി രൂപ വകയിരുത്തുന്നു.

75. വാഴക്കുളത്ത് ഉത്പ്പാദിപ്പിക്കുന്ന കൈതച്ചക്കയ്ക്ക് 2009-ൽ **വാഴക്കുളം പൈനാപ്പിൾ** എന്ന **'ഭൂസൂചിക'** ലഭിക്കുകയുണ്ടായി. ഇതിന്റെ വമ്പിച്ച കയറ്റുമതി സാധ്യത പരിഗണിച്ചും കൈതച്ചക്കയുടെ ഉത്പാദനം, സംസ്ക്കരണം, വിതരണം, കയറ്റുമതി എന്നിവയിൽ ഒരു സമഗ്ര വികസനം ലക്ഷ്യമാക്കിയും **'പൈനാപ്പിൾ മിഷൻ'** ആരംഭിക്കുന്നതാണ്. ഇതിലേക്ക് 1 കോടി രൂപ വകയിരുത്തുന്നു.

**മൃഗസംരക്ഷണം**

76. കേരളത്തിന്റെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ അതിവേഗം വികസിച്ചു കൊണ്ടിരിക്കുന്ന ഒരു മേഖലയാണ് മൃഗസംരക്ഷണം. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ ഗണ്യമായ സംഭാവന നൽകുന്ന രംഗമാണിത്. ഈ പ്രത്യേകത കണക്കിലെടുത്ത് മൃഗസംരക്ഷണത്തിന് 22 പദ്ധതികളിലായി അടുത്ത വർഷം 211 കോടി രൂപ വകയിരുത്തുന്നു.

77. കന്നുകാലി കർഷകർ ഇന്നു നേരിടുന്ന ബുദ്ധിമുട്ടുകളും ആവശ്യകതകളും കണക്കിലെടുത്ത് അവർക്ക് അവശ്യ സമയങ്ങളിൽ വീട്ടുപടിക്കൽ മൃഗ ചികിത്സകരുടെ സേവനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ മൾട്ടി

സ്പെഷ്യാലിറ്റി മൊബൈൽ വെറ്ററിനറി ക്ലിനിക്കും എമർജൻസി വെറ്ററിനറി കെയർ സർവ്വീസും 6.5 കോടി രൂപ ചെലവിൽ ആരംഭിക്കുന്നതാണ്.

78. കന്നുകാലികളുടെ പ്രത്യേക പ്രജനന പദ്ധതിയും സഹകരണസംഘങ്ങൾ മുഖാന്തിരം പശുക്കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള **കാഫ് അഡോപ്ഷൻ** പദ്ധതിയും നടപ്പിലാക്കുന്നതിന് ഈ വർഷം 25 കോടി രൂപ വകയിരുത്തുന്നു.

79. ക്ഷീരമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാനത്ത് അടുത്ത വർഷം വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഈ വർഷം 35 കോടി രൂപ വിനിയോഗിക്കുന്നതാണ്. ഉത്പാദനച്ചെലവിന്റെ വർദ്ധനവും കാലിത്തീറ്റയുടെ വിലക്കയറ്റവും നേരിടുന്ന ക്ഷീരകർഷകരെ സഹായിക്കാനായി 12 മാസവും സബ്സിഡി നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി 12 കോടി രൂപ നീക്കിവെക്കുന്നു.

80. സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിന് 13 കോടി രൂപ വകയിരുത്തുന്നു. ക്ഷീരോത്പാദന രംഗത്ത് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിനും ക്ഷീര വികസനം വ്യാവസായിക അടിസ്ഥാനത്തിൽ നടത്തി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ആരംഭിച്ച **മിൽക്ക് ഷെഡ്** വിപണന പദ്ധതിക്ക് 13 കോടി രൂപ വകയിരുത്തുന്നു. വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് കർഷകർക്ക് ധനസഹായം നൽകുന്നതിനായി 5 കോടി രൂപ മാറ്റിവെക്കുന്നു.

81. സംസ്ഥാനത്ത് മുട്ടയുടെയും മാംസത്തിന്റെയും ആവശ്യകത വർദ്ധിച്ചു വരുന്നത് കണക്കിലെടുത്ത് നാടൻ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു **'ഗാർഹിക കോഴിവളർത്തൽ വികസന പദ്ധതി'** 10.42 കോടി രൂപ ചെലവിൽ ഗ്രാമീണ മേഖലയിൽ ആരംഭിക്കും. ഇതു കൂടാതെ കേരള പൗൾട്രി ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തന ത്തിനായി 3 കോടി രൂപ വകയിരുത്തുന്നു.

82. വയനാട് ജില്ലയിലെ പൂക്കോട് ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ചിരിക്കുന്ന **കേരളാ വെറ്ററിനറി സർവ്വകലാശാലയ്ക്ക്** 40 കോടി രൂപ വകയിരുത്തുന്നു. കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡിന്റെ കീഴിൽ 5.22 കോടി രൂപ ചെലവിൽ കോലാഹലമേട്ടിലും, കുളത്തൂപ്പുഴയിലും **ഹൈടെക് ഡയറി ഫാമുകൾ** ആരംഭിക്കുന്നതാണ്.

83. വയനാട് ജില്ലയിലെ മീനങ്ങാടിയിലും കാസറഗോഡ് ജില്ലയിലെ കോയിപ്പടിയിലും പുതിയ കാലിത്തീറ്റ മില്ലിംഗ് പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ്. ഇതിനായി 2.5 കോടി രൂപ വകയിരുത്തുന്നു. കേരളാ ഫീഡ്സിന്റെ ആഭിമുഖ്യത്തിൽ മലബാർ മേഖലയിലും ഇടുക്കിയിലും **കാലിത്തീറ്റ ഫാക്ടറികൾ** ഈ വർഷം ആരംഭിക്കുന്നതാണ്. ഇതിന് 8 കോടി രൂപ വകയിരുത്തുന്നു.

## മത്സ്യ മേഖലയുടെ വികസനവും മത്സ്യതൊഴിലാളി ക്ഷേമവും.

84. തീരദേശ സുരക്ഷയും മത്സ്യബന്ധനത്തൊഴിലാളികളുടെ സുരക്ഷയും ഇന്നത്തെ സാഹചര്യത്തിൽ വർദ്ധിച്ച പ്രാധാന്യം അർഹിക്കുന്നു. ഈ അടുത്തകാലത്ത് കടലിൽ നടന്ന ബോട്ടപകടവും രണ്ട് മത്സ്യ തൊഴിലാളികളെ വെടിവെച്ചുകൊന്ന സംഭവവും ഇതിലേക്ക് വിരൽചൂണ്ടുന്നു. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ വേണ്ടി സംയോജിത കടൽ സുരക്ഷാ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിയിൽ കൺട്രോൾ ആന്റ് സർവ്വയിലൻസ് സംവിധാനം, വെസ്സൽ ട്രാക്കിംഗ് സംവിധാനം, മത്സ്യതൊഴിലാളികൾക്ക് കടൽ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കൽ തുടങ്ങിയവ ഉൾപ്പെടുന്നു. കടലിൽ പോകുന്ന ബോട്ടുകൾക്ക് കരയുമായി മുഴുവൻ സമയവും ബന്ധപ്പെടാൻ എല്ലാ മത്സ്യബന്ധന ബോട്ടുകളിലും വയർലെസ്സോ, മൊബൈൽ കണക്ടിവിറ്റിയോ ഏതെങ്കിലുമൊന്ന് ഉറപ്പാക്കും. കൂടാതെ, തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ വി.എച്ച്.എഫ് ടവറുകൾ സ്ഥാപിച്ച്, മത്സ്യത്തൊഴിലാളികൾക്ക് കപ്പലുകളുമായും, ഫിഷറീസ് സ്റ്റേഷൻ, കോസ്റ്റൽ പോലീസ് സ്റ്റേഷൻ, കോസ്റ്റ് ഗാർഡ് ഉദ്യോഗസ്ഥർ

എന്നിവരുമായും നിരന്തരം സമ്പർക്കം പുലർത്തുവാൻ സൗകര്യം ഒരുക്കുന്നതാണ്. മാത്രമല്ല, നാവിക നിയമങ്ങൾ, കടൽ സുരക്ഷാ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് തീവ്ര പരിശീലനവും നൽകും. ഇതിനായി 2 കോടി രൂപ വകയിരുത്തുന്നു.

85. മത്സ്യം ഉപയോഗിച്ച് മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുവാനും വിതരണം ചെയ്യുവാനും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന **'ഫിഷ് മെയ്ഡ്'** എന്ന ബ്രാൻഡിൽ 100 ഫിഷ് കിയോസ്ക്കുകൾ സ്ഥാപിക്കുന്നതാണ്.

86. ഉൾനാടൻ മത്സ്യമേഖലയിലെ ഉത്പാദനം ഇപ്പോഴത്തെ 75,000 ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തുന്നതിന് **'മത്സ്യ സമൃദ്ധി'** എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി 13 കോടി രൂപ വകയിരുത്തുന്നു. മത്സ്യവിപണനം നവീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉടനീളം പുതുതായി 50 ആധുനിക മത്സ്യ മാർക്കറ്റുകൾ ആരംഭിക്കുന്നതാണ്. ഇതിനായി 3 കോടി രൂപ വകയിരുത്തുന്നു. മത്സ്യ വിഭവത്തിന്റെ ഗുണമേന്മയും വിനിയോഗവും പരമാവധി ഉറപ്പുവരുത്തുന്നതിന് തീരദേശ വികസന കോർപ്പറേഷൻ വഴി **'കോൾഡ് ചെയിൻ പദ്ധതി'** നടപ്പിലാക്കുന്നതാണ്.

87. മത്സ്യമേഖലയിലെ ജനങ്ങളുടെ ജീവിത നിലവാരവും ജീവനോപാധി മാർഗ്ഗങ്ങളും മെച്ചപ്പെടുത്തുന്നതിനായി **'തീരമൈത്രി'** എന്ന പദ്ധതി ഈ വർഷം നടപ്പാക്കുന്നതാണ്. ഇതിനായി 8.15 കോടി രൂപ വകയിരുത്തുന്നു. മത്സ്യബന്ധനം സാദ്ധ്യമല്ലാത്ത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് ഉപജീവന സഹായം ലഭ്യമാക്കുന്നതിന് 10 കോടി രൂപ നീക്കിവെക്കുന്നു. മൽസ്യത്തൊഴിലാളികൾക്കായുള്ള ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയുടെ സംസ്ഥാന വിഹിതമായി 2.30 കോടി രൂപയും, മത്സ്യ തൊഴിലാളികൾക്കുള്ള ഭവനപദ്ധതിയുടെ സഹായമായി 2 കോടി രൂപയും നീക്കിവെക്കുന്നു.

88. തലായി, ചേറ്റുവാ, മുതലപ്പൊഴി, ചെറുവത്തൂർ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം ഈ വർഷം പൂർത്തിയാക്കുന്നതും താനൂരിൽ പുതിയ തുറമുഖം നിർമ്മിക്കുന്നതുമാണ്. ഇവയ്ക്കായി 20 കോടി രൂപ മാറ്റിവെക്കുന്നു.

89. പുതുതായി രൂപീകൃതമായ **കേരളാ ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ് സർവ്വകലാശാല**ക്കായി 12 കോടി രൂപയും കേരള തീരദേശ വികസന കോർപ്പറേഷന് ഓഹരി മൂലധനമായി 2 കോടി രൂപയും വകയിരുത്തുന്നു.

**പ്രാദേശിക സന്തുലിത വികസന പരിപാടികൾ**

90. വികസനരംഗത്ത് പ്രാദേശിക സന്തുലിതാവസ്ഥ കൈവരുത്തണമെങ്കിൽ വികസനം കാര്യമായി എത്തിച്ചേരാത്ത പ്രദേശങ്ങളിൽ പ്രത്യേകം പദ്ധതികൾ നടപ്പിലാക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം ആലോചിക്കുമ്പോൾ പിന്നോക്കം നിൽക്കുന്ന തീരപ്രദേശങ്ങളുടെയും മലയോരങ്ങളുടെയും വികസനം ത്വരിതപ്പെടുത്തേണ്ടത് അവശ്യം ആവശ്യമാണ്.

91. തീരപ്രദേശങ്ങളുടെ റോഡുവികസനത്തിന് കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത് 10 കോടി രൂപയായിരുന്നു. ഈ വർഷം ഇതിലേക്ക് 55 കോടി രൂപ വകയിരുത്തുന്നു.

92. തെരഞ്ഞെടുത്ത മത്സ്യ ഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, സമ്പൂർണ്ണ വൈദ്യുതീകരണം, ശുചിത്വപരിപാലനം, ജീവനോപാധി പ്രവർത്തനങ്ങളുടെ പൊതുസംവിധാനം, തുടങ്ങിയ പദ്ധതികൾ തീരദേശ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിയ്ക്കായി 50 കോടി രൂപ ഞാൻ വകയിരുത്തുന്നു. കൂടാതെ, പത്ത് മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ തെരഞ്ഞെടുത്ത് ഭവനരഹിതരായ മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകുന്ന മറ്റൊരു പദ്ധതിയും തീരദേശ വികസന കോർപ്പറേഷൻ വഴി ഓരോ വർഷവും നടപ്പിലാക്കുന്നതാണ്. തീരദേശങ്ങളിലെ പശ്ചാത്തല സൗകര്യത്തിനായി

സർക്കാർ കഴിഞ്ഞവർഷം കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കുകയുണ്ടായി. ഇതിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.

93. പശ്ചിമഘട്ട ത്വരിത വികസനത്തിനായി 54 കോടി രൂപ വകയിരുത്തുന്നു.

94. മലയോര ഹൈവേയ്ക്ക് 5 കോടി രൂപയും മലയോര വികസന ഏജൻസിക്ക് 5 കോടി രൂപയും ഉൾപ്പെടെ 10 കോടി രൂപയാണ് നടപ്പു വർഷം മലയോര വികസനത്തിനായി നീക്കിവെച്ചിരുന്നത്. മലയോര പ്രദേശങ്ങളുടെ ബൃഹത്തായ വികസനാവശ്യങ്ങൾ മനസ്സിലാക്കി, അവിടത്തെ റോഡ് വികസനത്തിനും മറ്റുമായി മലയോര വികസന ഏജൻസിക്ക് 61 കോടി രൂപ വകയിരുത്തുന്നു.

95. വയനാട് ജില്ല, സംസ്ഥാനത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ്. ഈ ജില്ലയുടെ വികസനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും പല അടിസ്ഥാന പ്രശ്നങ്ങളും ഈ ജില്ലയുടെ വികസനത്തിന് വിഘാതമായി നിൽക്കുന്നു. ഈ ജില്ലയിലെ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി സർക്കാർ കേന്ദ്ര സഹായത്തോടെ ഒരു പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ ഈ വർഷത്തെ നടത്തിപ്പിനായി 25 കോടി രൂപ നീക്കിവെക്കുന്നു. ഇതിനുപുറമെ, ബാക്ക്‌വേർഡ് റീജിയൻ ഗ്രാന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് വയനാട്, പാലക്കാട് ജില്ലകൾക്കായി 55 കോടി രൂപ ലഭ്യമാണ്. വയനാട്ടിലെ പട്ടികവർഗ്ഗക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി AHADS-ന്റെ ആഭിമുഖ്യത്തിൽ 1042 കോടി രൂപയുടെ പദ്ധതി 'JICA' സഹായത്തിനുവേണ്ടി കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്.

96. കുട്ടനാട് പാക്കേജ് പ്രൊഫ. സ്വാമിനാഥൻ വിഭാവനം ചെയ്ത രീതിയിൽ തന്നെ കർഷകരുടെയും മറ്റു വിദഗ്ദ്ധരുമായി ആശയ വിനിമയം നടത്തി സമയബന്ധിതമായി പൂർത്തിയാക്കും. ഈ പാക്കേജിലെ പ്രധാന ഘടകങ്ങൾ

കുട്ടനാട്ടിലെ നെൽകൃഷി വികസനവും അതുമായി ബന്ധപ്പെട്ട വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതിയുമാണ്. കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച ധനസഹായം ഉൾപ്പെടെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായി 175 കോടി രൂപ മാറ്റി വെയ്ക്കുന്നു.

97. ഇടുക്കി ജില്ലയിലെ സുഗന്ധവ്യഞ്ജനം, തോട്ടവിളകൾ, മൃഗസംരക്ഷണം, ജലസേചനം എന്നീ മേഖലകളുടെ വികസനം ലക്ഷ്യമാക്കി വിവിധ ഏജൻസികളുടെ പങ്കാളിത്തത്തോടുകൂടി 765 കോടി രൂപയുടെ **'ഇടുക്കി പാക്കേജിൽ'**-ന് 396 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചുകഴിഞ്ഞു. ഈ വർഷം തന്നെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതാണ്.

98. തൃശ്ശൂർ ജില്ലയിൽ കോൾ നിലങ്ങളുടെ വികസനത്തിന് നബാർഡിന്റെ സഹായത്തോടെ 400 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി നടപ്പിലാക്കുന്നതാണ്.

99. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലെ ആദിവാസി സമൂഹം ഉൾപ്പെടെയുള്ള ജനങ്ങളുടെ ഉന്നമനത്തിനായി **'അക്ഷയപാത്രം'** എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് 153 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. 12-ാം പദ്ധതി കാലയളവിൽ ഇത് നടപ്പിലാക്കുന്നതാണ്.

**വനം, വന്യജീവി**

100. കേരളത്തിന്റെ അമൂല്യ സ്വത്തായ വനങ്ങളുടെ സംരക്ഷണവും പരിപാലനവും സർക്കാരിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ്. അടുത്ത സാമ്പത്തിക വർഷം, വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി 114 കോടി രൂപ വകയിരുത്തുന്നു.

101. വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി 18 കോടി രൂപയും വനമേഖലയ്ക്ക് പുറത്ത് വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്ന പ്രവർത്തനങ്ങൾക്കായി 7.50 കോടി രൂപയും വകയിരുത്തുന്നു.

102. വനം വകുപ്പിന്റെ അധീനതയിലുള്ള 5 ദേശീയ ഉദ്യാനങ്ങൾ, 16 വന്യജീവി സങ്കേതങ്ങൾ, അഗസ്ത്യമല പരിസ്ഥിതി പദ്ധതി എന്നിവയുടെ പരിപാലനത്തിനായി 28 കോടി രൂപ വകയിരുത്തുന്നു.

103. കേരളത്തിലെ പശ്ചിമ ഘട്ടത്തിൽ ഏകദേശം 300-ൽ പരം ഓർക്കിഡുകളാണ് കാണപ്പെടുന്നത്. അപൂർവ്വ ഇനം ഓർക്കിഡുകളെ സംരക്ഷിക്കുന്നതിനായി ഇടുക്കി ജില്ലയിലെ വാഗമണ്ണിൽ വനം വകുപ്പിന്റെ അധീനതയിലുള്ള വിനോദ സഞ്ചാരപ്രധാനമായ പ്രദേശത്ത് ഒരു ഓർക്കിഡ് ഉദ്യാനവും അനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കുന്നതിന് ഒരു കോടി രൂപ അനുവദിക്കുന്നു.

104. സംരക്ഷിത മേഖലയിൽ വനം-വന്യജീവി സമ്പത്ത് പരിരക്ഷിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര സഹായത്തോടെ തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ 136 ഏക്കറോളം വന ഭൂമി ഉപയുക്തമാക്കി അന്താരാഷ്ട്ര നിലവാരത്തിൽ ഒരു സുവോളജിക്കൽ പാർക്കും വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രവും ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനത്തിന് 5 കോടി രൂപ വകയിരുത്തുന്നു.

105. ഇക്കോ ടൂറിസത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ പുറക്കാട് പഞ്ചായത്തിലെ വനം വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് **'ഗാന്ധി സ്മൃതിവനം'** എന്ന പദ്ധതിക്കും വിവിധ ഇക്കോ ടൂറിസം പ്രോജക്ടുകൾ നടപ്പാക്കുന്നതിനുമായി മൊത്തം 2 കോടി രൂപ മാറ്റിവെയ്ക്കുന്നു.

106. തിരുവനന്തപുരം ജില്ലയിൽ **കോട്ടൂരിലും, കാപ്പുകാട്ടും** ആന സംരക്ഷണ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രാഥമിക ചെലവുകൾക്കായി ഒരോ കോടി രൂപ അനുവദിക്കുന്നു.

107. ജനവാസകേന്ദ്രങ്ങളിൽ കടന്നുവന്ന് വന്യമൃഗങ്ങൾ വിളകൾ നശിപ്പിക്കുകയും മനുഷ്യജീവന് ഭീഷണി ഉയർത്തുകയും ചെയ്യുന്നത് സർവ്വസാധാരണമായിരിക്കുകയാണ്. വന്യമൃഗങ്ങളുടെ അക്രമ ഭീഷണി നിലനിൽക്കുന്ന പ്രദേശങ്ങളിൽ വസിക്കുന്നവരെ സംരക്ഷിക്കുന്നതിന് സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന വൈദ്യുത കമ്പിവേലികൾ നിർമ്മിക്കുന്നതിനും, കിടങ്ങുകൾ കുഴിക്കുന്നതിനും നബാർഡുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നതിന് 12 കോടി രൂപ വകയിരുത്തുന്നു.

**ഗ്രാമ വികസനം**

108. ഗ്രാമീണ ജനങ്ങളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി ഗ്രാമവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ (ദേശീയ ഗ്രാമീണ ജീവന ദൗത്യം) വഴി സൂക്ഷ്മ സംരഭങ്ങൾ ആരംഭിക്കുന്നതിനുള്ള സംസ്ഥാന വിഹിതമായി ഈ വർഷം 10 കോടി രൂപ വകയിരുത്തുന്നു.

109. **'ഇന്ദിരാ ആവാസ് യോജന'** പ്രകാരം ഈ വർഷം 28,420 പുതിയ വീടുകൾ നിർമ്മിച്ചു നൽകുന്നതിനും 6,400 വീടുകൾ പുനരുദ്ധരിക്കുന്നതിനും സഹായം നൽകാൻ ഉദ്ദേശിക്കുന്നു ഇതിനായി 40 കോടി രൂപ വകയിരുത്തുന്നു. ഈ പദ്ധതിപ്രകാരമുള്ള ധനസഹായം പട്ടികജാതി ക്കാർക്ക് 2 ലക്ഷം രൂപയായും പട്ടിക വർഗ്ഗക്കാർക്ക് 2.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. പൊതുവിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതും 2 ലക്ഷം രൂപ വീതം സഹായം നൽകുന്നതുമാണ്.

**റവന്യൂ**

110. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷംവിവിധ ഭൂപതിവ് നിയമങ്ങൾ അനുസരിച്ച് വനവകാശരേഖ ഉൾപ്പെടെ 21782 കുടുംബങ്ങൾക്ക് പട്ടയം നൽകി. പട്ടയം ലഭിക്കുന്നതിനുള്ള വാർഷിക

വരുമാന പരിധി 24000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയായി ഉയർത്തി. മൂന്നാറിൽ 2009 ഏക്കർ കയ്യേറ്റഭൂമി തിരിച്ചു പിടിച്ചു. ഇത് സംരക്ഷിക്കാൻ പ്രത്യേക ഭൂസംരക്ഷണ സേനയും രൂപീകരിച്ചിട്ടുണ്ട്. മൂലമ്പള്ളിയിൽ എല്ലാവർക്കും സ്വീകാര്യമായ പുനരധിവാസ പാക്കേജ് നടപ്പിലാക്കിവരുന്നു. ചെങ്ങറ ഭൂസമരം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

111. റവന്യൂ വകുപ്പിൽ നിന്നും 23 സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകുന്ന റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം പാലക്കാട് ജില്ലയിൽ പ്രവർത്തനമാരംഭിച്ചു. ഇത് മറ്റു ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട, ജനങ്ങളുടെ ആവശ്യങ്ങൾക്കും, പരാതികൾക്കും അതിവേഗം പരിഹാരം കാണുന്നതിനു വേണ്ടി റവന്യൂ വകുപ്പുമന്ത്രിയുടെ ഓഫീസിനോടനുബന്ധിച്ച് ഒരു **റവന്യൂ സെൽ** രൂപീകരിക്കുന്നതാണ്.

112. **'ഭൂരഹിതരില്ലാത്ത കേരളം'** എന്ന പദ്ധതിയുടെ ആദ്യ പടിയായി ഭൂരഹിതരുടെ കണക്കെടുപ്പ് ഈ വർഷം എപ്രിൽ മാസത്തിൽ തന്നെ ആരംഭിക്കുന്നതാണ്. കണക്കെടുപ്പ് പൂർത്തിയാക്കിയാലുടൻ എല്ലാ ഭൂരഹിതർക്കും നൽകുന്നതിന് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി ദ്രുതഗതിയിലാക്കും.

113. വികസനപ്രവർത്തനങ്ങൾക്കുള്ള സ്ഥലമെടുപ്പ് സുതാര്യമാക്കുന്നതിനും ഭൂമി ഏറ്റെടുക്കലിനോടനുബന്ധിച്ച് ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് നീതിപൂർവ്വവും ന്യായവുമായ സഹായധനം ലഭ്യമാക്കുന്നതിനും വേണ്ടി സർക്കാർ ഒരു **റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് പോളിസി** (R & R Policy) രൂപീകരിച്ചിട്ടുണ്ട്.

114. പദ്ധതിപ്രവർത്തനങ്ങൾക്കുള്ള സ്ഥലമേറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനായി, വിവിധ വകുപ്പുകളുടെ ബഡ്ജറ്റ് ശീർഷകങ്ങളിൽ തുക

നീക്കിവെക്കുന്ന നിലവിലുള്ള രീതി അവസാനിപ്പിച്ച്, അടുത്ത സാമ്പത്തിക വർഷം മുതൽ സ്ഥലം ഏറ്റെടുക്കുന്നതിലേക്ക് റവന്യൂ വകുപ്പിന്റെ പ്രത്യേക ശീർഷകത്തിൽ 300 കോടി രൂപ വകയിരുത്തുന്നു.

115. ദുരന്തനിവാരണ ലഘൂകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു അന്താരാഷ്ട്ര ശിൽപ്പശാലയും **സുരക്ഷായനം** എന്ന പേരിൽ പ്രദർശനവും തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയുണ്ടായി വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിനെ ദേശീയ-അന്തർദേശീയ നിലവാരത്തിലുള്ള അഡ്മിനിസ്ട്രേറ്റീവ് ട്രെയിനിംഗ് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുവാനും സർക്കാർ ഉദ്ദേശിക്കുന്നു.

116. കോട്ടയം ആസ്ഥാനമായി പശ്ചിമഘട്ടമേഘലയിലെ കാലാവസ്ഥ വ്യതിയാനവും അതുമൂലമുണ്ടാകുന്ന ദുരന്തങ്ങളും പഠനവിധേയമാക്കുവാൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതാണ്.

117. തിരുവനന്തപുരം നഗരത്തിൽ സർക്കാർ ഓഫീസുകൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് ആറ്റിപ്ര വില്ലേജിൽ ഒരു ബഹുനില ഓഫീസ് സമുച്ചയം നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ ഓഫീസ് സമുച്ചയം ഒരു ജനസൗഹൃദ-ഹരിത മന്ദിരമായിരിക്കും. ഇതിന് 2 കോടി രൂപ അനുവദിക്കുന്നു.

118. ദേശീയ ഭൂരേഖാ നവീകരണ പദ്ധതി പ്രകാരം ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി 10 കോടി രൂപ നീക്കിവെയ്ക്കുന്നു.

### തദ്ദേശ സ്വയംഭരണ വകുപ്പ്

119. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസംവിധാനം ശക്തിപ്പെടുത്തുന്നതിനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി, ലോക ബാങ്ക് സഹായത്തോടെയുള്ള **കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ്**

ഡെലിവറി **പ്രോജക്ട്** എന്ന പദ്ധതി ഈ വർഷം ആരംഭിച്ചു. ഈ പദ്ധതിക്ക് അടുത്ത വർഷം 248 കോടി രൂപ ലഭ്യമാക്കുന്നതാണ്.

120. കുടുംബശ്രീ മിഷൻ വിവിധ മേഖലകളിൽ വനിതാക്ഷേമത്തിനായി നൂതനങ്ങളായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നു. കുടുംബശ്രീയുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായി 84 കോടി രൂപ വകയിരുത്തുന്നു.

121. നഗരങ്ങളിലേതിന് സമാനമായ അടിസ്ഥാന സൗകര്യം ഗ്രാമങ്ങളിൽ ലഭ്യമാക്കാനുള്ള **'പുര'** പദ്ധതി തൃശ്ശൂർ ജില്ലയിലെ തളിക്കുളം പഞ്ചായത്തിലും മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി പഞ്ചായത്തിലും കേന്ദ്രസഹായത്തോടെ ആരംഭിച്ചു കഴിഞ്ഞു. ഇത് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

122. ജലദൗർലഭ്യം പരിഹരിക്കുന്നതിനായി മഴവെള്ള സംഭരണ സംരംഭങ്ങൾ ഊർജ്ജിതപ്പെടുത്തുവാനും സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ മഴവെള്ള സംഭരണ സംവിധാനം നിർബ്ബന്ധമാക്കും. അതുപോലെതന്നെ പുതുതായി നിർമ്മിക്കുന്ന എല്ലാ ഫ്ളാറ്റുകളിലും ഖരമാലിന്യ സംസ്ക്കരണ സംവിധാനം നിർബ്ബന്ധമാക്കുന്നതാണ്.

123. അടുത്ത സാമ്പത്തിക വർഷം മുതൽ സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള പെൻഷൻ ഉൾപ്പെടെ എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളും ആവശ്യക്കാരായ ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടുകളിലൂടെ ഇലക്ട്രോണിക് സംവിധാനം മുഖാന്തരം വിതരണം ചെയ്യുന്നതാണ്. ഇൻഫർമേഷൻ കേരളാ മിഷന്റെ പ്രവർത്തനങ്ങൾക്കായി 4 കോടി രൂപ വകയിരുത്തുന്നു.

124. സംസ്ഥാന ദുരന്തനിവാരണ ഫണ്ടിന്റെ നിലവിലുള്ള മാർഗ്ഗരേഖകൾ പ്രകാരം ഇപ്പോൾ ഇടി-മിന്നൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾക്ക് ധനസഹായം

നൽകാൻ അനുവാദമില്ല. ഇതിൽ ഇളവുകൾ വരുത്താൻ കേന്ദ്ര ഗവണ്മെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം മുതൽ ഇത്തരം ദുരന്തങ്ങൾക്ക് ഇരയാകുന്നവർക്കും ധനസഹായം നൽകുന്നതാണ്.

125. വർക്കല പാപനാശം കടപ്പുറത്തും, അരുവിക്കരയിലും, ആലുവാ മണപ്പുറത്തും, ഭാരതപ്പുഴയിലും വർഷംതോറും പിതൃതർപ്പണത്തിനെത്തുന്ന തീർത്ഥാടകർക്ക് വേണ്ടി ഇവിടങ്ങളിൽ ബലിമണ്ഡപങ്ങൾ നിർമ്മിക്കുന്നതാണ്. ഇതിലേക്ക് 60 ലക്ഷം രൂപ വകയിരുത്തുന്നു.

## നഗര വികസനം

126. സർക്കാരിന്റെ ഒരു വർഷ കർമ്മപദ്ധതിയിൽ വിഭാവനം ചെയ്തപ്രകാരം ബസ് ഷെൽറ്ററുകൾ, കുടിവെള്ള വിതരണം, പൊതു ടോയ്‌ലറ്റുകൾ, നഗര ശുചിത്വം എന്നിവയുടെ നടത്തിപ്പിനായി സിയാൽ മാതൃകയിൽ നാല് പ്രത്യേക കമ്പനികൾ രൂപീകരിക്കുന്നതാണ്. 40 കോടി രൂപയുടെ മൂലധനം നിക്ഷേപം ആവശ്യമായിവരുന്ന ഈ കമ്പനികളിലെ 26 ശതമാനം സർക്കാർ പങ്കാളിത്തമായി 10 കോടി രൂപ വകയിരുത്തുന്നു.

127. മാലിന്യ നിർമ്മാർജ്ജനം പാരിസ്ഥിതികവും സാമൂഹികവുമായ ഗുരുതര പ്രശ്നങ്ങൾ ഉളവാക്കുന്ന സാഹചര്യത്തിൽ തിരുവനന്തപുരം, എറണാകുളം, കോട്ടയം, കോഴിക്കോട് എന്നീ നഗരങ്ങളിൽ ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ വൻകിട മാലിന്യ സംസ്ക്കരണ പ്ളാന്റുകൾ PPP അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 100 കോടി രൂപ വകയിരുത്തുന്നു. മാലിന്യം സംസ്ക്കരിക്കുന്നതിന് തൃശ്ശൂർ, കൊല്ലം കോർപ്പറേഷനുകൾക്ക് പ്രത്യേക ധനസഹായമായി 15 കോടി രൂപ അനുവദിക്കുന്നു.

128. സെപ്ടിക് ടാങ്കുകളിൽ നിന്നും ഉള്ള മാലിന്യം ജലാശയങ്ങളിലും മറ്റും ഒഴുക്കുന്നത് ഇന്ന് വലിയ പ്രശ്നമായി നില നിൽക്കുന്നു. ഇത് പരിഹരിക്കാനായി, തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ദ്രവമാലിന്യ

സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ്. ഇതിന് ശുചിത്വമിഷൻ വഴി 15 കോടി രൂപ നല്കുന്നതാണ്. സീറോ വേസ്റ്റ് എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ സഹകരണത്തോടെ ഗ്രീൻ ടെക്നോളജി സെന്റർ ആരംഭിക്കുന്നതാണ്.

129. പ്ലാസ്റ്റിക് മാലിന്യങ്ങൾ സൃഷ്ടിക്കുന്ന ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഒരളവുവരെ പരിഹാരം കണ്ടെത്തുന്നതിലേക്കായി പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ സഹായത്തോടെ ഒരു വൻകിട പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതാണ്. ഷ്രെഡ് ചെയ്ത് പ്ലാസ്റ്റിക് റോഡ് ടാറിംഗിന് ഉപയോഗിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

130. അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി നഗര ശുചീകരണ പദ്ധതിയുമായി ബന്ധപ്പെടുത്തി കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതാണ്. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

131. നഗരകാര്യവകുപ്പിന്റെ കീഴിൽ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന കേരള സുസ്ഥിര നഗര വികസന പദ്ധതി(KSUDP), തിരുവനന്തപുരം, കൊച്ചി, നഗരസഭകളിൽ നടപ്പിലാക്കുന്ന ജവഹർലാൽനെഹ്റു ദേശീയ നഗരപുനരുദ്ധാരണ മിഷൻ(JNNURM), തലസ്ഥാന നഗര വികസന പദ്ധതി(CRDP), ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി (UIDSSMT) എന്നിവയുടെ സംസ്ഥാന വിഹിതമായി 150 കോടി രൂപ വകയിരുത്തുന്നു.

132. സംസ്ഥാനത്ത് മന്ദഗതിയിൽ നടന്നുകൊണ്ടിരുന്ന കെ.എസ്.യു.ഡി.പി പദ്ധതികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള ശ്രമം ഈ സർക്കാർ എടുത്തുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 20 ശതമാനം എന്ന നിലയിൽ നിന്നും 60 ശതമാനം പദ്ധതി പ്രവർത്തനം പുരോഗതി കൈവരിച്ചിട്ടുണ്ട്. നൂറ് ശതമാനം പദ്ധതികളും ഇതിനകം

ടെൻഡർ ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. ഇതിലൂടെ കോടിക്കണക്കിന് രൂപ കമ്മിറ്റ്മെന്റ് ചാർജ്ജ് ആയി നൽകുന്നത് ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്.

133. ചേരി നിർമ്മാർജ്ജനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് രാജീവ് ആവാസ് യോജന പദ്ധതിയിൽ അഞ്ച് വർഷം കൊണ്ട് 50,000 വീടുകൾ നിർമ്മിക്കുന്നതാണ്. ഇതിനായി 62 കോടി രൂപ വകയിരുത്തുന്നു. കുടിവെള്ളത്തിനായി പൊതു ടാപ്പുകളെ ആശ്രയിക്കുന്ന കുടുംബങ്ങൾക്ക് ഹൗസ് കണക്ഷൻ നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കും.

134. വൈറ്റില മൊബിലിറ്റി ഹബ്ബിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ അനുവദിക്കുന്നതാണ്. തൃശ്ശൂരിലും കോട്ടയത്തും പുതുതായി മൊബിലിറ്റി ഹബ്ബുകൾ ഈ വർഷം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

135. സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് പ്രധാന ടൗണുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രക്രിയ നടന്നുവരികയാണ്. ഇതിലേക്കായി ആവശ്യമെങ്കിൽ അന്തർദേശീയ അംഗീകാരമുള്ള പുറം ഏജൻസികളുടെ സഹായം തേടുന്നതാണ്. ഈ പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനു വേണ്ടി 50 ലക്ഷം രൂപ വകയിരുത്തുന്നു.

**സഹകരണം**

136. കേരളത്തിന്റെ ഗ്രാമീണ സമ്പദ് വ്യവസ്ഥയെ എല്ലാവിധ ബാങ്കിംഗ് സേവനങ്ങളും നല്കി, സമ്പുഷ്ടമായി നിലനിർത്തുന്ന സഹകരണ മേഖലയ്ക്കായി നടപ്പുസാമ്പത്തിക വർഷം 62 കോടി രൂപ നീക്കിവെക്കുന്നു.

137. **നന്മ** പദ്ധതിയുടെ ഭാഗമായി 2000 സഹകരണ വിപണന കേന്ദ്രങ്ങളും പുതുതായി കൂടുതൽ ത്രിവേണി സ്റ്റോറുകളും ത്രിവേണി സൂപ്പർമാർക്കറ്റുകളും ആരംഭിക്കും. കൺസ്യൂമർ ഫെഡിന്റെയും മറ്റു സഹകരണ സംഘങ്ങളുടെയും ആഭിമുഖ്യത്തിൽ പുതിയ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതാണ്.

138. CAPE-ൻെറ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലും വടക്കാഞ്ചേരിയിലെ അത്താണിയിലും ഓരോ പുതിയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതാണ്. കേപ്പ് (CAPE)-നായി 5 കോടി രൂപ പ്രത്യേകം വകയിരുത്തുന്നു.

139. കൺസ്യൂമർ ഫെഡിന്റെ കീഴിൽ ഇടുക്കി ജില്ലയിൽ റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും, തൃശ്ശൂർ ജില്ലയിൽ ഫാർമസി കോളേജും ആരംഭിക്കും. ഇതിന് 1 കോടി രൂപ വകയിരുത്തുന്നു.

140. കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനുമായി കർഷക സേവന കേന്ദ്രങ്ങൾ എന്ന പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഓരോ ബ്ലോക്കിലും ഓരോ സേവനകേന്ദ്രങ്ങൾ തുടങ്ങുവാനും ഉദ്ദേശിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട ഒരു സഹകരണസംഘത്തിന്റെ കീഴിലായിരിക്കും സേവനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ഓരോ കേന്ദ്രത്തിനും 25 ലക്ഷം രൂപ വരെ സഹായം നൽകുന്നതാണ്. ഇതിനായി 10 കോടി രൂപ മാറ്റിവെക്കുന്നു.

**ജലസേചനം**

141. കേരളത്തിലെ അമൂല്യമായ ജലസമ്പത്ത് ജാഗ്രതയോടെ സംരക്ഷിച്ച് മെച്ചപ്പെട്ട ജല മാനേജ്മെന്റിലൂടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

142. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ദുർബ്ബലാവസ്ഥ കേരളത്തിലെ 5 ജില്ലകളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയുയർത്തുന്ന അതീവ ഗുരുതരവും സ്ഫോടനാത്മകവുമായ ഒരു പ്രശ്നമാണ്. കേരളത്തിന് സുരക്ഷയും തമിഴ്നാടിന് വെള്ളവും ഉറപ്പുവരുത്തുക എന്നതാണ് കേരളാ സർക്കാരിന്റെ പ്രഖ്യാപിത നയം. ഈ പശ്ചാത്തലത്തിൽ മുല്ലപ്പെരിയാർ അണക്കെട്ടിനു 1300 അടി താഴെ പുതിയൊരു സംരക്ഷണ അണക്കെട്ട് നിർമ്മിക്കേണ്ടതിന് പ്രാരംഭച്ചെലവുകൾക്കായി 50 കോടി രൂപ മാറ്റിവെക്കുന്നു.

143. ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടം 8 ജില്ലകളിലെ 200 പഞ്ചായത്തുകളിൽ ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്. 2012-17 കാലഘട്ടത്തിൽ അഞ്ചു വർഷം കൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിക്ക് പ്രതീക്ഷിക്കുന്ന ആകെ ചെലവ് 1022 കോടി രൂപയാണ്. ജലനിധിയുടെ ഈ വർഷത്തെ പ്രവർത്തനത്തിനായി 110 കോടി രൂപ വകയിരുത്തുന്നു.

144. കൊല്ലം-കോട്ടപ്പുറം ദേശീയപാത 2012-13ൽ തന്നെ യാഥാർത്ഥ്യമാകുന്നതോടൊപ്പം ദീർഘിപ്പിക്കൽ നടപടികളും ആരംഭിക്കുന്നതാണ്. ദേശീയ ജലപാത കോട്ടപ്പുറം മുതൽ നീലേശ്വരം വരെയും, കൊല്ലം മുതൽ കോവളം വരെയും ദീർഘിപ്പിക്കുന്നതിനുള്ള പ്രാരംഭ പഠനങ്ങൾ നാറ്റ്പാക്കിൽ പൂർത്തിയായി വരികയാണ്.

145. ദേശീയ ജലപാത (NW III)-യുമായി ബന്ധപ്പെടുത്തി നടയറ മുതൽ കൊല്ലം വരെയുള്ള ഭാഗം ഗതാഗതയോഗ്യമാക്കുന്നതിനായി കൊല്ലം തോടിന്റെ അവശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതാണ്. ഇതു കൂടാതെ, നബാർഡ് സഹായത്തോടു കൂടി വടകര-മാഹി കനാലിന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതാണ്. കോഴിക്കോട് ജില്ലയിലെ ഇ.കെ.കനാലിന്റെ ഭാഗികമായ പുനരുദ്ധാരണം നബാർഡ് സഹായത്തോടെ ഏറ്റെടുക്കുന്നതാണ്. ദേശീയ ജലപാതാപദ്ധതികൾക്കായി 90 കോടി രൂപ വകയിരുത്തുന്നു.

146. സംസ്ഥാന ജലപാതയുടെ തൃശ്ശൂർ ജില്ലയിലെ പുവത്തുംകടവ് മുതൽ മലപ്പുറം ജില്ലയിലെ പൊന്നാനി വരെയും മലപ്പുറം ജില്ലയിലെ വെട്ടം മുതൽ കോരപ്പുഴ വരെയും (ഏകദേശം 75.35 കി.മി) ഉള്ള കനാൽ നവീകരിച്ച് ഗതാഗത യോഗ്യമാക്കാനായി 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിക്കുന്നതാണ്.

147. തീരദേശ സംരക്ഷണത്തിനായി നൂതനവും, പരിസ്ഥിതിക്ക് ദോഷം വരാത്ത രീതിയിലുമുള്ള ജിയോ ട്യൂബ് ഉപയോഗിച്ചുള്ള **സൈറ്റ് സ്പെസിഫിക്ക് സബ്മേർജ്ഡ് റീഫ്**-ന്റെ നിർമ്മാണത്തിനായി ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 40 ലക്ഷം രൂപ വകയിരുത്തുന്നു.

148. സ്വകാര്യ-പൊതുമേഖലകളിൽ ഉൾപ്പെടുന്ന ചെറുതും വലുതുമായ 14,000 കുളങ്ങളും, ജലസംഭരണികളും കേരളത്തിൽ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന്റെ ആദ്യപടിയായി ഓരോ പഞ്ചായത്തിലെയും ഓരോ കുളം വീതം പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കും. ഇതിനായി 47 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

149. ജല സ്രോതസ്സുകളുടെ ലഭ്യതയ്ക്കും ഇവയുടെ ഫലപ്രദമായ വിനിയോഗത്തിനുമായി നദീതട വികസന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2012-13-ൽ ഭാരതപ്പുഴ, ചാലിയാർ, പമ്പ നദീതട വികസനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

150. നമ്മുടെ പല ഡാം സൈറ്റുകളും പ്രകൃതി രമണീയത കൊണ്ട് ആകർഷകമാണ്. ഇവിടങ്ങളിൽ പൂന്തോട്ടങ്ങൾ നിർമ്മിച്ച് മലമ്പുഴ മാതൃകയിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളായി വികസിപ്പിക്കാനുദ്ദേശിക്കുന്നു. കാരാപ്പുഴ, കുറ്റ്യാടി, മങ്കര, പേപ്പാറ തുടങ്ങിയ ഡാം സൈറ്റുകളെ ടൂറിസ്റ്റ് ആകർഷക കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും മോടി പിടിപ്പിക്കുന്നതിനും 1 കോടി രൂപ വകയിരുത്തുന്നു.

151. മീനച്ചിൽ വാലി ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നു. സമിതിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപ വകയിരുത്തുന്നു.

**ശുദ്ധജലവിതരണം**

152. മിക്ക ജലവിതരണ പദ്ധതികളിലേയും നിലവിലുള്ള പൈപ്പുകൾ 30 വർഷത്തിലേറെ പഴക്കമുള്ളവയാണ്. ഇവ അടിക്കടി പൊട്ടുന്നതുമൂലം ജല വിതരണം തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിലേയ്ക്ക് ഘട്ടം ഘട്ടമായി ഇവ

മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതാണ്. ഇതിലേയ്ക്ക് ഈ വർഷം 85 കോടി രൂപ വകയിരുത്തുന്നു.

153. ജപ്പാൻ കുടിവെള്ള പദ്ധതി എറണാകുളം ജില്ലയിൽ കൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുപുറമേ, തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നിവിടങ്ങളിൽ നിലവിൽ നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികൾക്കും കൂടി ആകെ 300 കോടി രൂപ നീക്കിവെക്കുന്നു.

154. കുടിവെള്ള ക്ഷാമം ഏറ്റവും അധികം അനുഭവപ്പെടുന്ന തീരപ്രദേശത്തെയും കുട്ടനാട് പ്രദേശത്തെയും ശുദ്ധജലവിതരണത്തിനായി ഡിസലൈനേഷൻ പ്രോജക്ടുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായി 15 കോടി രൂപ പ്രത്യേകം വകയിരുത്തുന്നു. കൂടാതെ, ഹരിപ്പാട് നിയോജകമണ്ഡലത്തിലെ 10 പഞ്ചായത്തുകളിലും സമീപ വില്ലേജുകളിലും ശുദ്ധജലമെത്തിക്കുന്നതിനായി ഒരു സമഗ്ര കുടിവെള്ളപദ്ധതി നടപ്പിലാക്കുന്നതാണ്.

**ഊർജ്ജം**

155. സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം അനുദിനം വർദ്ധിച്ചുവരികയാണ്. ഉപഭോഗത്തിന്റെ 40 ശതമാനം മാത്രമാണ് കേരളത്തിൽ ഉത്പാദിപ്പിക്കുന്നത്. കമ്മി നികത്തുന്നത് പുറമേ നിന്നും കൂടിയ വിലയ്ക്ക് വാങ്ങുന്ന വൈദ്യുതി ഉപയോഗിച്ചാണ്.

156. 2020 ആകുമ്പോൾ കേരളത്തിന്റെ വൈദ്യുതി ഉപഭോഗം 6000 മെഗാവാട്ട് ആകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്നതിന് ഒറീസയിലെ ബൈതരണിയിൽ നിന്നുള്ള കൽക്കരി ഉപയോഗപ്പെടുത്തി 1050 മെഗാവാട്ടും ചീമേനിയിൽ എൽ.എൻ.ജി ഉപയോഗിച്ച് 1200 മെഗാവാട്ടും പെട്രോനെറ്റും, കെ.എസ്.ഇ.ബിയും യോജിച്ച് സംയുക്ത സംരംഭമായി പുതുവൈപ്പിനിൽ 1200 മെഗാവാട്ടും കായംകുളം വൈദ്യുതി നിലയത്തിൽ നിന്നും 1150 മെഗാവാട്ടും 5 കൊല്ലത്തിനുള്ളിൽ

ഉത്പാദിപ്പിക്കുവാനുള്ള ബൃഹത്തായ പദ്ധതികൾ ഗവണ്മെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ട്. മാത്രമല്ല, ഈ വർഷം 53 മെഗാ വാട്ട് ശേഷിയുള്ള 5 ചെറിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. ഇതിനുംപുറമേ, സൗരോർജ്ജം, കാറ്റ്, തുടങ്ങി പുതിയതും പുതുക്കാവുന്നതുമായ ഊർജ്ജം വ്യാപകമായ തോതിൽ ഉത്പാദിപ്പിക്കുന്നതാണ്.

157. കെ.എസ്.ഇ.ബി കമ്പനിയായി പുന:സംവിധാനം ചെയ്യുന്നതിനും ബാധ്യതകൾ തീർക്കുന്നതിനും വേണ്ടിയുള്ള 3024 കോടി രൂപയിൽ അടുത്ത 10 വർഷത്തെ ഇലക്ട്രിസിറ്റി ഡ്യൂട്ടി തട്ടിക്കിഴിച്ചതിനുശേഷം, ബാക്കി വരുന്ന 524 കോടി രൂപ ഗവണ്മെന്റ് നൽകുന്നതാണ്.

158. മിച്ചം വെക്കുന്ന ഒരു യൂണിറ്റ് വൈദ്യുതി, ഉത്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് വൈദ്യുതിയേക്കാൾ മൂല്യമുള്ളതാണ്. ഈ തത്വത്തിന്റെ അടിസ്ഥാനത്തിൽ ഊർജ്ജ സംരക്ഷണനയം ആവിഷ്ക്കരിച്ച് നടപ്പിലാക്കും. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പദ്ധതി എല്ലാ സ്കൂളുകളിലും നടപ്പാക്കും. എനർജി മാനേജ്മെന്റ് സെന്റർ വഴി കൂടുതൽ വ്യവസായ സ്ഥാപനങ്ങളിലേക്ക് **എനർജി ഓഡിറ്റ്** വ്യാപിപ്പിക്കും. മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കും.

159. 2011-12 സാമ്പത്തിക വർഷം 10,000 വീടുകളുടെ മേൽക്കൂരകളിൽ ഒരു കിലോവാട്ടും അതിലധികവും ശേഷിയുള്ള സൗരവൈദ്യുത പ്ലാന്റുകൾ സ്ഥാപിക്കുവാനും ഇവയിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി-ക്ക് നല്കാനും ഉദ്ദേശിച്ചുള്ള **'സൗരഗൃഹ പദ്ധതി'** നടപ്പിലാക്കുന്നതാണ്.

## വ്യവസായം

160. വികസനാധിഷ്ഠിതവും നിക്ഷേപസൗഹൃദവുമായ അന്തരീക്ഷത്തിലൂടെ സംസ്ഥാനത്തെ വ്യവസായ രംഗത്ത് നിക്ഷേപ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള നയരൂപീകരണമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

161. സംസ്ഥാനത്തിന്റെ വൈവിധ്യമാർന്ന വിഭവങ്ങളും കഴിവും സാധ്യതകളും ലോകത്തിനുമുമ്പാകെ അവതരിപ്പിക്കുവാനായി രണ്ടു വർഷത്തിലൊരിക്കൽ **'എമർജിങ്ങ് കേരള'** എന്ന പേരിൽ ആഗോള നിക്ഷേപക സംഗമം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ദീർഘകാല അടിസ്ഥാനത്തിലുള്ള സാമ്പത്തിക മുന്നേറ്റത്തിന് ആവശ്യമായ കർമ്മപദ്ധതികളും നിർദ്ദേശങ്ങളുമാണ് **എമർജിങ്ങ് കേരളാ സംഗമത്തിൽ** അവതരിപ്പിക്കുക. ഇതിനകം തന്നെ ഒട്ടനവധി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ തയ്യാറായിട്ടുണ്ട്. ഈ കൊല്ലം സെപ്തംബർ ആദ്യ പകുതിയിൽ കൊച്ചിയിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന ആഗോള സംഗമത്തിനായി 5 കോടി രൂപ വകയിരുത്തുന്നു.

162. എമർജിങ്ങ് കേരള സംഗമത്തിൽ അവതരിപ്പിക്കുന്ന വിവിധ പദ്ധതികൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടത് ആവശ്യമാണ്. ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വൻ നഗരങ്ങളിൽ വൻകിട വ്യാപാര വാണിജ്യ മേഖലകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ ഈ ആവശ്യത്തിലേയ്ക്കായി അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തുന്ന തിനായുള്ള നടപടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളെ വാണിജ്യമേഖലകളായി വിജ്ഞാപനം ചെയ്യുകയും എല്ലാത്തരത്തിലുമുള്ള വ്യവസായ-വാണിജ്യ വ്യാപാര പ്രവർത്തനങ്ങൾ അനുവദിക്കുകയും ചെയ്യും. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഭൂമിഏറ്റെടുക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി കിൻഫ്രക്ക് ഇപ്പോൾ നൽകിവരുന്ന പദ്ധതിവിഹിതത്തിനു പുറമേ 100 കോടി രൂപ വകയിരുത്തുന്നു. ഇതേ മാതൃകയിലുള്ള മേഖലകൾ ജില്ലാ

ആസ്ഥാനങ്ങളിലും പ്രധാന ടൗണുകളിലും മുനിസിപ്പാലിറ്റികളിലും സ്ഥാപിക്കുന്നതാണ്.

163. സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ സർക്കാരിന്റെ വിഹിതം കൊണ്ടുമാത്രം മെച്ചപ്പെടുത്താൻ കഴിയില്ല. അടിസ്ഥാന സൗകര്യ വികസനത്തിനായി നിരവധി **പബ്ലിക്-പ്രൈവറ്റ്-പാർട്ട്ണർഷിപ്പ്**(പി. പി. പി.) പോജക്റ്റുകൾ സർക്കാരിന്റെ പരിഗണനയ്ക്ക് ലഭിച്ചിട്ടുണ്ട്. ഈ പ്രോജക്റ്റുകളുടെ വിദഗ്ധ മേൽനോട്ടത്തിനായി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ പി. പി. പി സെൽ ആരംഭിക്കുന്നതാണ്.

164. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ലാഭകരവും കാര്യക്ഷമവും ആണെന്ന് ഉറപ്പുവരുത്തുവാൻ ഉന്നതനിലവാരത്തിലുള്ള പ്രൊഫഷണലിസം ആവശ്യമാണെന്ന് സർക്കാർ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇതിനായി കമ്പനികളുടെ പ്രവർത്തനത്തെക്കുറിച്ച് അവലോകനം നടത്താനും, ഡയറക്ടർ ബോർഡുകളിലും ഉയർന്ന തസ്തികകളിലും, യോഗ്യതയും പരിചയ സമ്പത്തും ഉള്ളവരെ ഉൾപ്പെടുത്താനും സർക്കാർ ഉദ്ദേശിക്കുന്നു. ഇതിലേക്കായി നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസും (ബി. പി. ഇ), റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡും (റിയാബ്) സംയോജിപ്പിച്ച് ഒരു പബ്ലിക് സെക്ടർ എന്റർപ്രൈസസ് ബോർഡ് രൂപീകരിക്കും. ഈ ബോർഡിന് കഴിവുറ്റ പ്രഫഷണലുകളുടെ സേവനവും സ്വയംഭരണവും സർക്കാർ ഉറപ്പാക്കും. കൂടാതെ ഒരു നിശ്ചിത പ്രവർത്തന മികവ് ഉറപ്പാക്കുന്നതിനായി കേന്ദ്രസർക്കാരും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും തമ്മിലുണ്ടാക്കിയിട്ടുള്ള എം.ഒ.യു സംവിധാനത്തിന്റെ മാതൃകയിൽ സംസ്ഥാനത്തും ധാരണാപത്രം ഒപ്പിടുന്നതാണ്. ഈ സംവിധാനങ്ങൾക്കായി 2 കോടി രൂപ വകയിരുത്തുന്നു.

165. വ്യവസായ വകുപ്പിന്റെ കീഴിലുള്ള മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങളിലും ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിലാക്കും. ഈ സംവിധാനം വഴി ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കാനാവും.

166. കേന്ദ്രസർക്കാർ അംഗീകാരം നൽകിയ നാഷണൽ മാനുഫാക്ച്ചറിംഗ് പോളിസിയുടെ ചുവടുപിടിച്ച് ഇൻഡസ്ട്രിയൽ മാനുഫാക്ച്ചറിംഗ് സോണുകൾ സംസ്ഥാനത്ത് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപികരിക്കും. ഈ പദ്ധതി പ്രധാനമായും കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി യിലായിരിക്കും നടപ്പാക്കുക. കൂടാതെ ആമ്പല്ലൂരിൽ ഒരു ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ് ഹബ് സ്ഥാപിക്കുന്നതാണ്. ഈ പദ്ധതികൾക്കായി 20 കോടി രൂപ നീക്കിവെയ്ക്കുന്നു.

167. കൊച്ചി റിഫൈനറിയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും മറ്റ് പെട്രോ-കെമിക്കൽ വ്യവസായം ആരംഭിക്കുന്നതിനുമായി 18,000 കോടി രൂപയുടെ ബൃഹദ് പദ്ധതി അടുത്ത 5 വർഷം കൊണ്ട് ബി.പി.സി.എൽ നടപ്പാക്കുന്നതാണ്. ഇത് കേരളത്തിലെ വ്യവസായ മേഖലയിലെ ഏറ്റവും വലിയ നിക്ഷേപമായിരിക്കും. ഇതു വഴി അനുബന്ധ വ്യവസായങ്ങളുടെ ഒരു വൻ ശൃംഖല നിലവിൽ വരുമെന്നും ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്കു വേണ്ടി ബി.പി.സി.എൽ-ന് നികുതിയിളവുകൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൊച്ചിയിൽ ഒരു പെട്രോകെമിക്കൽ ഇൻഡസ്ട്രിയൽ സോൺ സ്ഥാപിച്ച് ധാരാളം ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാനും അതുമൂലം വൻതോതിലുള്ള തൊഴിലവസരം സൃഷ്ടിക്കുവാനും കഴിയും. ഈ സോണിന്റെ പ്രാരംഭ നടപടിക്കും സ്ഥലമേറ്റെടുക്കലിനുമായി 50 കോടി രൂപ വകയിരുത്തുന്നു.

168. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ലഭ്യമായ സമ്പുഷ്ട ധാതുവിഭവങ്ങൾ വിവേകപൂർവം പ്രയോജനപ്പെടുത്തിയാൽ നിരവധി മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുവാനും അതുവഴി കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാനും കഴിയും. ഇതിലേയ്ക്കായി കേരളാ മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷന് ആവശ്യമായ ആധുനിക യന്ത്രസംവിധാനവും സാമഗ്രികളും നൽകി ശക്തിപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ ആവശ്യത്തിനായി 2 കോടി രൂപ വകയിരുത്തുന്നു.

169. ലോകത്തിന്റെ ആയുർവേദ തലസ്ഥാനമെന്ന പദവിയിലേക്ക് സംസ്ഥാനത്തെ എത്തിക്കുന്നതിനായി കിൻഫ്രയുടെ സഹകരണത്തോടെ ഒരു ഗ്ലോബൽ ആയുർവ്വേദ വില്ലേജ് സ്ഥാപിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിനായി 5 കോടി രൂപ നീക്കിവെയ്ക്കുന്നു.

170. മലപ്പുറം ജില്ലയിൽ, ഇൻകെലിന്റെ കൈവശമുള്ള 240 ഏക്കർ ഭൂമിയിൽ ഒരു ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെയുള്ള **'എഡ്യൂ-ഹെൽത്ത് സിറ്റി'** രൂപപ്പെടുത്തും. സ്റ്റാന്റേർഡ് ഡിസൈൻ മോഡ്യൂൾ, കമ്മ്യൂണിറ്റി കോളേജ് (സ്കിൽ ഡെവലപ്മെന്റ് സെന്റർ) എന്നിവയുടെ പ്രവർത്തനം ഉടൻ തുടങ്ങും. ചരക്ക് ഗതാഗതത്തിൽ ഉയർന്ന് വരുന്ന അവസരങ്ങൾ പരിഗണിച്ച് വല്ലാർപ്പാടത്ത് ഒരു കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ ഇൻകെൽ സ്ഥാപിക്കും.

171. KSIDC-യും, GAIL-ഉം ചേർന്നുള്ള കേരളാ ഗെയ്ൽ ഗ്യാസ് ലിമിറ്റഡ് എന്ന കമ്പനി, സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതുവഴി പട്ടണങ്ങളിലേക്കുള്ള ഇന്ധന വാതക വിതരണവും വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ സി.എൻ.ജി (CNG) വിതരണവും സാദ്ധ്യമാകുന്നതാണ്. ഇതിന്റെ പ്രവർത്തനത്തിനായി 12 കോടി രൂപ വകയിരുത്തുന്നു.

172. വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്കുകൾ ഒഴിവാക്കി യാത്രാസമയം കുറയ്ക്കുന്നതിനുവേണ്ടി **'സീപ്ലെയിൻ' (Sea-plane)** സർവ്വീസ് ആരംഭിക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 12 കോടി രൂപ വകയിരുത്തുന്നു.

173. കൊച്ചി കോർപ്പറേഷന്റെ ബ്രഹ്മപുരത്തുള്ള വേസ്റ്റ് മാനേജ്മെന്റിന്റെ പ്ലാന്റ് ആധുനീകരിക്കുന്നതാണ്. ഇതിനാവശ്യമായ ഭൂമി കഴിച്ച് മിച്ചമുള്ള 100 ഏക്കറോളം സ്ഥലത്ത് കൊച്ചി കോർപ്പറേഷനും വ്യവസായ വകുപ്പും ചേർന്ന് ഒരു ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതാണ്. സ്ഥലം കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഒരു ഇൻഡസ്ട്രിയൽ പാർക്ക് അടുത്ത

വർഷം ഇരിങ്ങാലക്കുടയിൽ സ്ഥാപിക്കുന്നതാണ്. ഓരോ പാർക്കിനും 10 ലക്ഷം രൂപ വീതം വകയിരുത്തുന്നു. തിരുവനന്തപുരം തോന്നയ്ക്കൽ വില്ലേജിൽ ഒരു **ജൈവ-ശാസ്ത്രോദ്യാനം** സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കായി കെ.എസ്.ഐ.ഡി.സി 36 ഏക്കർ സ്ഥലം ഏറ്റെടുത്തു കഴിഞ്ഞു. ഏകദേശം 300 കോടി രൂപ നിർമ്മാണച്ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്കായി 10 കോടി രൂപ നീക്കിവെക്കുന്നു.

174. നിക്ഷേപവും തൊഴിലവസരവും സൃഷ്ടിച്ച് സാമ്പത്തിക വികസനം ഉറപ്പുവരുത്തുന്നതിൽ ചെറുകിട മേഖലയുടെ വികസനത്തിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് സംരംഭകർ ഇന്ന് നേരിടുന്ന കടുത്ത സ്ഥലപരിമിതി കണക്കിലെടുത്ത്, ചുരുങ്ങിയ സ്ഥലത്ത് കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുവാൻ സൗകര്യപ്രദമായവിധം ബഹുനില വ്യവസായ എസ്റ്റേറ്റുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ വർഷം കൊച്ചുവേളി, മഞ്ചേരി, കോട്ടക്കൽ എന്നീ സ്ഥലങ്ങളിൽ ഇത്തരം ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ നിർമ്മാണം ആരംഭിക്കുന്നതാണ്. ഇതിനായി 20 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.

175. കെൽട്രോണിന്റെയും വി.എസ്.എസ്.സി-യുടെയും സംയുക്ത സംരംഭമായി തിരുവനന്തപുരത്ത് ഒരു **എയ്റോ സ്പേസ് സെന്റർ** ഈ വർഷം പ്രവർത്തനം ആരംഭിക്കും. ഇതിനായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

176. കേരളത്തിന്റെ തീവ്ര വ്യവസായ വികസനം ലക്ഷ്യമാക്കിക്കൊണ്ട് നാല് വ്യവസായ വികസന കേന്ദ്രങ്ങളെ ഉൾപ്പെടുത്തി, തുറമുഖങ്ങളെയും വിമാനത്താവളങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു **സീ-പോർട്ട്-എയർപോർട്ട് ഏരിയാ ഡെവലപ്മെന്റ് അതോറിറ്റി** രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. കൊച്ചിയിലെ നെടുമ്പാശ്ശേരി-വല്ലാർപാടം, കോഴിക്കോട്/മലപ്പുറം ജില്ലയിലെ കരിപ്പൂർ-ബേപ്പൂർ, കണ്ണൂരിലെ മട്ടന്നൂർ-അഴീക്കൽ, തിരുവനന്തപുരത്തെ വിഴിഞ്ഞം-ശംഖുമുഖം എന്നീ നാലു വ്യവസായ വികസന കേന്ദ്രങ്ങളെയാണ് ഇതിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

177. കേന്ദ്ര ഭക്ഷ്യ-സംസ്ക്കരണ വ്യവസായ മന്ത്രാലയത്തിന്റെ കീഴിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി കിൻഫ്രയുടെ കീഴിൽ ഒരു ഭക്ഷ്യ സംസ്ക്കരണ മിഷൻ ആരംഭിക്കുന്നതാണ്. ഇതിനായി 4.5 കോടി രൂപ വകയിരുത്തുന്നു.

178. പരമ്പരാഗതമായ വ്യവസായങ്ങളുടെ വികസനം സംസ്ഥാനത്തിന്റെ ആകമാനമായുള്ള വ്യവസായ വികസനത്തിന് അത്യന്താപേക്ഷിതമാണ്. കൈത്തറി മേഖലയിൽ പണിയെടുക്കുന്നവർക്ക് സ്ഥിരം വരുമാനവും, കൈത്തറി യൂണിറ്റുകൾക്ക് പ്രവർത്തന ലാഭവും ഉറപ്പാക്കുന്നതിനായി ആധുനികവത്ക്കരണമടക്കമുള്ള പദ്ധതികൾ നടപ്പിലാക്കും. ഇതിനായി 50 കോടി രൂപ വകയിരുത്തുന്നു. കരകൗശല വികസന കോർപ്പറേഷന്റെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികൾ സാങ്കേതിക പരിജ്ഞാനത്തിൽ രാജ്യത്തിൽ ഉന്നത നിലവാരം പുലർത്തുന്നവരാണ്. കോർപ്പറേഷന്റെ പ്രവർത്തനമൂലധനമായി ഒരു കോടി രൂപയും നിലവിലെ ബാധ്യത തീർക്കുന്നതിനായി 4 കോടി രൂപയും വകയിരുത്തുന്നു.

179. കയർ മേഖലയ്ക്കായി ആകെ 100 കോടി രൂപ വകയിരുത്തുന്നു. കയർ വികസന വകുപ്പ്, സംഘടിപ്പിച്ച അന്താരാഷ്ട്ര പ്രദർശനമായ **'കയർ കേരള 2012'**-ൽ 32 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുകയും 100 കോടി രൂപയ്ക്കുള്ള വ്യാപാര ഓർഡർ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ **'കയർ കേരള 2013'** സംഘടിപ്പിക്കുന്നതിന് 2 കോടി രൂപ വകയിരുത്തുന്നു.

180. വിനോദസഞ്ചാരമേഖലയുമായി സമന്വയിപ്പിച്ച് ഒരു മാതൃകാ കയർ ഗ്രാമം ഒരുക്കിയെടുക്കുക എന്നതാണ് ഈ വകുപ്പ് ഏറ്റെടുത്തിരിക്കുന്ന മറ്റൊരു ദൗത്യം. പൊതു-സ്വകാര്യ മേഖലാ പങ്കാളിത്ത രീതിയിൽ രൂപം നൽകുന്ന കയർ ഗ്രാമത്തിന്റെ നിർമ്മാണത്തിനായി ആദ്യ പടിയായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

181. ആഭരണങ്ങൾ, ബാഗ്, ഫയലുകൾ തുടങ്ങി വൈവിദ്ധ്യമാർന്ന ഉത്പന്നങ്ങളും, അലങ്കാര വസ്തുക്കളും നിർമ്മിക്കുന്ന പദ്ധതി രൂപപ്പെടുത്തും. ഇത്തരം ഉത്പന്നങ്ങളുടെ നിർമ്മാണം, വിപണനം എന്നിവയ്ക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

182. കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരത ഉറപ്പുവരുത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കും. ഇതിന്റെ ഭാഗമായി കശുവണ്ടി ഫാക്ടറികൾ ആധുനികവത്ക്കരിക്കുന്നതാണ്. കശുവണ്ടിയുടെ കയറ്റുമതി സാദ്ധ്യതകൾ വിപുലീകരിക്കുന്നതിനായി ഒരു ബ്രാൻഡ് രൂപപ്പെടുത്തുന്നതാണ്. കശുവണ്ടിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ലഭ്യമായ സ്ഥലത്ത് കശുമാവ് കൃഷിത്തോട്ടങ്ങൾ വെച്ചുപിടിപ്പിക്കുന്നതും ജൈവ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതുമാണ്. കശുവണ്ടി ഫാക്ടറികൾക്ക് വർഷം മുഴുവൻ കശുവണ്ടി ലഭ്യമാക്കുന്നതിന് ഒരു അസംസ്കൃത കശുവണ്ടി ബാങ്ക് രൂപീകരിക്കുന്നതാണ്. കശുവണ്ടി മേഖലയിലെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് 65 കോടി രൂപ വകയിരുത്തുന്നു.

183. പരമ്പരാഗത മേഖലയെന്ന നിലയിൽ കൈത്തറിയെ സംരക്ഷിക്കേണ്ടത് ഈ സർക്കാരിന്റെ ബാദ്ധ്യതയാണെന്ന് തിരിച്ചറിഞ്ഞ് ബഹുമുഖ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൈത്തറി ഉത്പന്നങ്ങളുടെ വിപണനത്തിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി 2.90 കോടി രൂപയും നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിന് 4.50 കോടി രൂപയും കൈത്തറി സംഘങ്ങളുടെ പുനരുജ്ജീവനത്തിനും ശാക്തീകരണത്തിനും 7 കോടി രൂപയും കൈത്തറി വില്ലേജുകൾ രൂപീകരിക്കുന്നതിന് 2.50 കോടി രൂപയും നീക്കിവെച്ചുകൊണ്ട് ഈ മേഖലയുടെ സമഗ്ര പുരോഗിക്കായുള്ള യജ്ഞം നടപ്പിലാക്കുന്നതാണ്.

184. ഖാദിമേഖലയിലെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് 1500 തറികൾ പുതുതായി സ്ഥാപിക്കുകയും 2500 ചർക്കകൾ ആധുനികവത്ക്കരിക്കുകയും ചെയ്യും. പുതുതായി സ്ഥാപിക്കുന്ന 1500 തറികൾക്ക് ഷെഡുകൾ നിർമ്മിക്കുന്നതിനും

മേഖലയിലെ മുഴുവൻ നെയ്ത്ത് തൊഴിലാളികൾക്ക് റെഡിമെയ്ഡ് പാവ് നൽകുന്നതിനും നടപടി സ്വീകരിക്കും. ഖാദിബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഗ്രാമവ്യവസായ പാർക്കുകൾ സ്ഥാപിക്കും. ഖാദിബോർഡിന്റെ പ്രവർത്തനത്തിനായി 12 കോടി രൂപ വകയിരുത്തുന്നു.

185. ടെക്സ്റ്റൈൽ മേഖലയുടെ സമഗ്ര പുനരുദ്ധരാണത്തിനായി പ്രത്യേക പാക്കേജായി 60 കോടിരൂപ അനുവദിക്കുന്നതാണ്. രജതജൂബിലി ആഘോഷിക്കുന്ന എടരിക്കോട് ടെക്സ്റ്റൈൽസ് മിൽ നവീകരിക്കുന്നതാണ്.

## വിവരസാങ്കേതിക വിദ്യ

186. കേരളത്തിന്റെ ഐ.ടി നയത്തിന്റെ ലക്ഷ്യം ഇന്ത്യയുടെ മൊത്തം ഐ.ടി വിപണിയുടെ 5 ശതമാനമെങ്കിലും നേടുകയും 6 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നുള്ളതാണ്. ഇതിനായി 1000 ഏക്കർ സ്ഥലത്ത് 600 ലക്ഷം ചതുരശ്ര അടിയുള്ള കെട്ടിടം ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതാണ്. ഇതിലുടെ 20,000 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്ത് എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിലെ ചെറിയ പട്ടണങ്ങളിലേക്കും ഐ.ടി നിക്ഷേപകരെ ആകർഷിക്കുവാൻ നയങ്ങൾ രൂപീകരിക്കും.

187. ഐ.ടി കോറിഡോർ പദ്ധതിയിൽ ഉൾപ്പെടുത്തി ടൂറിസം വകുപ്പുമായി ചേർന്ന് അന്താരാഷ്ട്ര നിലവാരത്തിലുള്ള **കൺവെൻഷൻ കോംപ്ലക്സ് ആന്റ് എക്സ്പോ സെന്റർ** ആക്കുളത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞു.

188. സംസ്ഥാനത്തെ 2.50 ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള, ആദ്യത്തെ ഐ.ടി ബിൽഡിംഗായ കോഴിക്കോട് സൈബർ പാർക്ക് ഒരു വർഷത്തിനകം നിർമ്മാണം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി ഈ വർഷം 32 കോടി രൂപ വകയിരുത്തുന്നു. കൂടാതെ, തിരുവനന്തപുരം ടെക്നോപാർക്കിന് 43 കോടി രൂപയും കൊച്ചിയിലെ ഇൻഫോ പാർക്കിന്

42 കോടി രൂപയും കോഴിക്കോട് ഐ.റ്റി പാർക്ക്, കൊരട്ടി ഐ.റ്റി പാർക്ക്, അമ്പലപ്പുഴ ഐ.റ്റി പാർക്ക് എന്നിവയ്ക്കായി 17 കോടി രൂപയും നീക്കി വെയ്ക്കുന്നു.

189. ഐ.ഐ.ടി.എം.കെ-യെ ഒരു ലോകോത്തര സ്ഥാപനമായി ഉയർത്താൻ ഉദ്ദേശിക്കുന്നു. ടെക്നോസിറ്റി കാമ്പസ്സിൽ പത്തേക്കർ വിസ്തൃതിയിൽ ഐ.ഐ.ടി.എം.കെ-യുടെ കാമ്പസ് നിർമ്മിക്കുന്നതാണ്. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു. കോട്ടയം ജില്ലയിലെ കരൂർ പഞ്ചായത്തിൽ ഒരു ടെക്നോപാർക്ക് സ്ഥാപിക്കുന്നതാണ്. അതിനുവേണ്ടി 10 കോടി രൂപ വകയിരുത്തുന്നു.

190. സർക്കാർ ആവശ്യത്തിനായുള്ള സാധന-സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയ ഇ-പ്രൊക്യൂർമെന്റ്/ ഇ-ടെന്ററിംഗ്/ ഇ-പേയ്മെന്റ്, സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

**തുറമുഖം**

191. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ 17 ചെറുകിട ഇടത്തരം തുറമുഖങ്ങളുണ്ട്. വ്യവസായ വികസനത്തിനും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും തുറമുഖങ്ങളുടെ വികസനം അത്യന്താപേക്ഷിതമാണ്. ഇപ്പോൾ നിരത്തിലൂടെയും റെയിലിലൂടെയും നടക്കുന്ന ചരക്കു ഗതാഗതം തുറമുഖങ്ങളിലൂടെ നീക്കുന്നതിനും അതുവഴി സമ്പദ്വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനും തൊഴിൽ വർദ്ധിപ്പിക്കുന്നതിനും അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനും തീരദേശ കപ്പൽ ഗതാഗതം വർദ്ധിപ്പിക്കുന്നതിലൂടെ കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. ഇതിനായി, ഒരു സമഗ്ര കപ്പൽ ഗതാഗത നയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

192. നീണ്ടകര, കായംകുളം, വടകര, തലശ്ശേരി, കണ്ണൂർ, ചെറുവത്തൂർ-നീലേശ്വരം, കാസർഗോഡ്, മഞ്ചേശ്വരം, ബേപ്പൂർ, അഴീക്കൽ, വിഴിഞ്ഞം, തങ്കശ്ശേരി കാർഗോ ഹാർബറുകൾ, കൊടുങ്ങല്ലൂർ, മുനമ്പം എന്നീ തുറമുഖങ്ങൾ എല്ലാവിധ പശ്ചാത്തലസൗകര്യങ്ങളോടും കൂടി വികസിപ്പിക്കുന്നതാണ്.

193. ഫോർട്ടുകൊച്ചിയിൽ നിന്ന് ആലപ്പുഴയിലേക്കും തിരുവനന്തപുരത്തെ വലിയതുറയിൽ നിന്ന് ആലപ്പുഴയിലേക്കും വിനോദ സഞ്ചാര ഗതാഗത സർവ്വീസ് ആരംഭിക്കുന്നതും വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ആലപ്പുഴ, തലശ്ശേരി, തുറമുഖങ്ങൾ മറീനാ ഉല്ലാസ നൗകാ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതുമാണ്.

194. തുറമുഖ വകുപ്പിനായി 247 കോടി രൂപയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനായി 22 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**പൊതുമരാമത്ത്**

195. കേരളത്തിലെ റോഡു വികസനത്തിന് ക്രിയാത്മകമായ ആസൂത്രണവും ഫലപ്രദമായ പദ്ധതിനിർവ്വഹണവും ഏർപ്പെടുത്തുന്നതിലൂടെ ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡ് ഗതാഗത സംവിധാനം രൂപവത്ക്കരിക്കുന്നതിനുള്ള ഒരു സമഗ്ര ആധുനികവത്ക്കരണ പദ്ധതി നടപ്പാക്കുന്നതാണ്. ഇതിന്റെ ഭാഗമായി റോഡുനിർമ്മാണത്തിലെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ വേണ്ടിയുള്ള മോണിറ്ററിംഗ് സംവിധാനങ്ങളും തേർഡ് പാർട്ടി ഓഡിറ്റ് സംവിധാനവും നടപ്പിലാക്കുന്നതാണ്. ഇതു കൂടാതെ, 5 കോടി രൂപയിൽ കൂടുതലുള്ള റോഡുപണിക്ക് ഭരണാനുമതിക്കു മുമ്പ് ഡീറ്റെയ്ൽഡ് എസ്റ്റിമേറ്റും ഡിസൈനും നിർബന്ധമാക്കുകയും ഇവ തയ്യാറാക്കുന്നതിന് ഫണ്ട് വകയിരുത്തുകയും ചെയ്യും. ആധുനിക രീതിയിലുള്ള റോഡു നിർമ്മാണ സാങ്കേതിക വിദ്യയോടൊപ്പംതന്നെ കോൺക്രീറ്റും, പ്ലാസ്റ്റിക്കും, റബ്ബറും മറ്റും ഉപയോഗിച്ചുള്ള റോഡു നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതാണ്. പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ

സീ-പോർട്ട് എയർപോർട്ട് റോഡ് കോൺക്രീറ്റ് റോഡായി പുനർനിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

196. ഉയർന്ന നിലവാരത്തിലുള്ള റോഡ് സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ട് രണ്ടാം ഘട്ടത്തിന് 2712 കോടി രൂപ ചെലവിൽ 367 കി.മീ. റോഡും, കേരളാ സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ 5100 കോടി രൂപ ചെലവിൽ 1286 കി.മീ റോഡും ഉന്നത നിലവാരത്തിൽ പൂർത്തിയാക്കുന്നതാണ്. ഇതു കൂടാതെ, 3000 കി.മീ കൂടുതൽ റോഡ് കൂടി നവീകരിക്കുന്നതും പരിഗണനയിലുണ്ട്.

197. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന 8,500 കി.മി. ഗ്രാമീണ റോഡുകൾ കൂടി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് മേജർ ഡിസ്ട്രിക് റോഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ റോഡുകളുടെ നവീകരണത്തിനായി പദ്ധതിയിനത്തിൽ 50 കോടി രൂപ വകയിരുത്തുന്നു.

198. എൻ.എച്ച് 47-ലെ കരമന മുതൽ കളിയിക്കാവിള വരെയുള്ള അതിരൂക്ഷമായ യാത്രാക്ലേശം പരിഹരിക്കുന്നതിനായി ഈ റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്നതാണ്. ഇതിന്റെ ഒന്നാം ഘട്ടത്തിന്റെ സ്ഥലമെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായുള്ള തുക റവന്യൂ വകുപ്പിന്റെ പ്രത്യേക ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

199. ദേശീയപാതയിൽ ആലപ്പുഴ രണ്ടുവരി ബൈപ്പാസ് കേന്ദ്ര സംസ്ഥാന പങ്കാളിത്തത്തിൽ ഏറ്റെടുത്തുനിർമ്മിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു. അതുപോലെ കൊല്ലം, കാഞ്ഞിരപ്പള്ളി ബൈപ്പാസുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് 6 കോടി രൂപ വകയിരുത്തുന്നു. നിലവിലുള്ള വയനാട് ചുരം റോഡിന് സമാന്തര ബൈപ്പാസ് നിർമ്മിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു.

200. സംസ്ഥാനത്തെ സർക്കാർ ഉടമസ്ഥതയിലുള്ള തെരഞ്ഞെടുക്കപ്പെട്ട കെട്ടിടങ്ങൾ അതിന്റെ തനതായ വാസ്തുശില്പ ചാരുത നഷ്ടപ്പെടാതെ

സംരക്ഷിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുന്നതാണ്. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ ഗവ. വിക്ടോറിയാ കോളേജ് പാലക്കാട്, ഗവ. ബ്രണ്ണൻ കോളേജ് തലശ്ശേരി, മഹാരാജാസ് കോളേജ് എറണാകുളം, യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം, എറണാകുളം ലോ കോളേജിലുള്ള കൊച്ചി സ്റ്റേറ്റ് അസംബ്ലി ഹാൾ, ഗവ. ആർട്സ് കോളേജ് തിരുവനന്തപുരം, കെ.എൻ.എം ഗവ. വിമൻസ് കോളേജ് കണ്ണൂർ, ഗവ. ടീച്ചർ എഡ്യൂക്കേഷൻ കോളേജ് തിരുവനന്തപുരം, തലശ്ശേരി, സ്വാതി തിരുനാൾ സംഗീത കോളേജ് തിരുവനന്തപുരം, എന്നിവയാണ് ഈ പദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്നത്.

201. സംസ്ഥാനത്തിന് പരിസ്ഥിതി-സൗഹൃദ നിർമ്മിതികൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു ഹരിത നിർമ്മാണ നയം രൂപീകരിക്കുന്നതാണ്.

202. കോട്ടയം-കുമരകം-ചേർത്തല ടൂറിസ്റ്റ് ഹൈവേ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുവാൻ കേരളാ റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിനും, മറ്റ് പ്രാരംഭ പണികൾക്കുമായി 10 കോടി രൂപ വകയിരുത്തുന്നു. പൊന്നാനി-വെങ്ങളം തീരദേശ പാത വിനോദസഞ്ചാര മേഖലയ്ക്ക് മുതൽക്കൂട്ടായിരിക്കും. പ്രസ്തുതപാതയുടെ നിർമ്മാണത്തിനായി ഒരു കോടി രൂപ വകയിരുത്തുന്നു.

203. കെ.എസ്.ടി.പി-യുടെ രണ്ടാംഘട്ടമായി തെരഞ്ഞെടുക്കപ്പെട്ട 367 കി.മീ റോഡ് ലോക ബാങ്ക് സഹായത്തോടെ വികസിപ്പിക്കുന്നതാണ്. ഇതിനു വേണ്ട സംസ്ഥാന സഹായമായി 25 കോടി രൂപ ബജറ്റിൽ വകയിരുത്തുന്നു.

204. ഹെവി മെയിന്റനൻസ് പദ്ധതി ഇപ്പോൾ ശബരിമല റോഡുകളിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി നടപ്പു സാമ്പത്തിക വർഷം മുതൽ ഘട്ടംഘട്ടമായി മുഴുവൻ സംസ്ഥാന പാതകളിലും നടപ്പിലാക്കുന്നതാണ്. ഇതിലേക്കായി ഈ വർഷം 20 കോടി രൂപ വകയിരുത്തുന്നു.

## ഗതാഗതം

205. റോഡ് സുരക്ഷാ നടപടികളുടെ ഭാഗമായി, റോഡപകടങ്ങൾ കുറയ്ക്കുന്നതിന്, ഒരു സമഗ്ര പദ്ധതി **'റോഡ് സേഫ്റ്റി അതോറിറ്റി'** ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്. കൂടാതെ, റോഡപകടങ്ങളുടെ കാരണവും പരിഹാരവും കണ്ടെത്തുന്നതിനായി ആക്സിഡന്റ് റിവ്യൂ കമ്മിറ്റികൾ സംസ്ഥാന-ജില്ലാ തലങ്ങളിൽ രൂപീകരിക്കുന്നതാണ്. റോഡ് സുരക്ഷാ പരിശീലനത്തിന്റെ ഭാഗമായി ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ നിർമ്മിക്കുന്നതാണ്. കോഴിക്കോട്ടും കണ്ണൂരും രണ്ട് ട്രാക്കുകൾ സ്ഥാപിക്കുവാനുള്ള നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. മൂന്നു നഗരങ്ങളിൽ കൂടി പ്രസ്തുത ട്രാക്കുകൾ സ്ഥാപിക്കുന്നതാണ്.

206. കേന്ദ്ര സർക്കാരിന്റെ സഹായത്തോടു കൂടി മോട്ടോർ വാഹന വകുപ്പ് റഡാർ സർവ്വയിലൻസ് സംവിധാനം നടപ്പു സാമ്പത്തിക വർഷം അഞ്ചു ജില്ലകളിൽ നടപ്പിലാക്കുന്നുണ്ട്. അടുത്ത വർഷം എല്ലാ ജില്ലകളിലേക്കും പ്രസ്തുത സംവിധാനം വ്യാപിപ്പിക്കുന്നതാണ്.

207. സംസ്ഥാനത്ത് ഡ്രൈവിംഗ് പരിശീലനം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സഹായത്തോടെ മലപ്പുറം ജില്ലയിലെ എടപ്പാളിൽ ഒരു ഡ്രൈവിംഗ് പലിശീലന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതാണ്. വാഹനങ്ങളുടെ ഫിറ്റ്നെസ് പരിശോധന ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർവത്കൃത വാഹനപരിശോധനാ കേന്ദ്രങ്ങൾ നടപ്പുസാമ്പത്തിക വർഷം തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

208. തിരുവനന്തപുരത്തെ ശ്രീചിത്തിരതിരുനാൾ എഞ്ചിനിയറിംഗ് കോളേജിൽ **റോഡ് സേഫ്റ്റി**-യിൽ ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിക്കും.

209. കെ.എസ്.ആർ.ടി.സി കേരളത്തിലെ പൊതു ഗതാഗത രംഗത്ത് വളരെ ശ്രദ്ധേയമായ പ്രവർത്തനമാണ് കാഴ്ചവെക്കുന്നത്.

കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം ഒഴിവാക്കി കാര്യക്ഷമതയും ധനശേഷിയും വർദ്ധിപ്പിക്കുന്നതിന് ഒരു പുനരുജ്ജീവന പാക്കേജ് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ പദ്ധതി വരുന്ന വർഷം പൂർത്തിയാക്കുന്നതാണ്. എല്ലാ വർക്ക്ഷോപ്പുകളും ആധുനിക വത്ക്കരിക്കുന്നതിനായി കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് സംവിധാനമുള്ള പണിയായുധങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതാണ്. കെ.എസ്.ആർ.ടി.സി ബസുകളിൽ ഘട്ടംഘട്ടമായി ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതാണ്.

210. എറണാകുളം ജില്ലയിൽ തിരുക്കൊച്ചി സർവ്വീസ് ആരംഭിച്ചതുപോലെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ടൗൺ/സിറ്റി സർവ്വീസുകളാരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. തൃശ്ശൂർ, കോഴിക്കോട്, കോട്ടയം നഗരങ്ങളിൽ ഈ വർഷം 100 ടൗൺ/സിറ്റി സർവ്വീസുകൾ ആരംഭിക്കുന്നതാണ്.

211. ഈഞ്ചക്കലിൽ പൂർണ്ണതോതിൽ ഒരു അന്തർ സംസ്ഥാന, അന്തർ ജില്ലാ ബസ് ടെർമിനൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ, എട്ട് ഡിപ്പോകളിൽ കെ.എസ്.ആർ.ടി.സി സ്വന്തമായി ഷോപ്പിംഗ് കോംപ്ലസുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി ബസ് സ്റ്റേഷനുകളിൽ സ്ത്രീകൾക്ക് മാത്രമായി വിശ്രമമുറികൾ, പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യം, കുടിവെള്ളം, തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തും.

212. പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ പുതിയ കെ.എസ്.ആർ.ടി.സി ഡിപ്പോയും ഇടുക്കിയിൽ ബസ് ടെർമിനലും ആരംഭിക്കുന്നതാണ്.

213. കെ.എസ്.ആർ.ടി.സി-യുടെ അടുത്ത വർഷത്തെ പ്രവർത്തനങ്ങൾക്കായി 125 കോടി രൂപ വകയിരുത്തുന്നു.

## ജലഗതാഗതം

214. സംസ്ഥാന ജലഗതാഗത വകുപ്പിന്റെ പഴകിയതും കാലഹരണപ്പെട്ടതുമായ ബോട്ടുകൾക്ക് പകരം അത്യാധുനികമായ സ്റ്റീൽ ബോട്ടുകൾ വാങ്ങുന്നതാണ്. വിനോദസഞ്ചാര-കാർഗോ മേഖലയിലേക്കുള്ള കാൽവെയ്പിന്റെ ഭാഗമായി ഒരു ബോട്ടും, സർവ്വീസിനിടയിൽ തകരാറിലാകുന്ന ബോട്ടുകൾ, യാർഡിലേക്ക് എത്തിച്ച് അറ്റകുറ്റപണി നടത്തുന്നതിന് ഒരു വർക്ക്ഷോപ്പ് ബോട്ടും വാങ്ങുന്നതാണ്. നിലവിലുള്ള വർക്ക്ഷോപ്പുകൾ ആധുനികവത്ക്കരിക്കും. അറ്റകുറ്റപ്പണികൾക്കായി പോഞ്ഞിക്കരയിൽ പുതിയ ഡ്രൈ ഡോക്ക് സൗകര്യങ്ങൾ ഉള്ള ഒരു സ്ലിപ്പ് വേ-കം-വർക്ക് ഷോപ്പ് നിർമ്മിക്കുന്നതാണ്.

## വിനോദ സഞ്ചാരം

215. 2010-ലെ കണക്കുപ്രകാരം ടൂറിസം മേഖല 12 ലക്ഷത്തോളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും 17,000 കോടി രൂപയുടെ വരുമാനം നേടിത്തരുകയും 1,000 കോടി രൂപയുടെ നിക്ഷേപം സമാഹരിക്കുകയും 3,797 കോടി രൂപയുടെ വിദേശനാണ്യം നേടിത്തരുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടുതന്നെ, കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു പുതിയ ടൂറിസം നയം സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് 12-ാം പദ്ധതിയിൽ സർക്കാർ ഊന്നൽ നൽകുന്നത്. ദേശീയവും അന്തർദേശീയവുമായ പുതിയ ടൂറിസം വിപണികൾ കണ്ടെത്തി ടൂറിസം സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെ ടൂറിസം പ്രമോഷൻ ബോർഡ് രൂപീകരിക്കുന്നതിന് 15 കോടി രൂപ നീക്കിവെക്കുന്നു.

216. മുസിരീസിനെ സംസ്ഥാനത്തെ പരമ പ്രധാന വിനോദ സഞ്ചാരകേന്ദ്രമാക്കുന്നതിന് മുസിരീസ് പൈതൃക ടൂറിസം പദ്ധതിക്കായി 7 കോടി രൂപ വകയിരുത്തുന്നു. തലശ്ശേരി ഹെറിറ്റേജ് പ്രോജക്ടിന് 2 കോടി രൂപ

വകയിരുത്തുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും മറ്റുമായി 53 കോടി രൂപ നീക്കി വെക്കുന്നു. ബേക്കൽ, വയനാട്, കൊച്ചി, കുമരകം, കോവളം എന്നീ ടൂറിസം കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് 5 കോടി രൂപ നീക്കിവെക്കുന്നു.

217. നിക്ഷേപങ്ങളും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 50 പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. **'കേരള മാലിന്യവിമുക്ത ടൂറിസം കേന്ദ്രം'** പദ്ധതിക്കായി 3 കോടി രൂപ നീക്കിവെക്കുന്നു.

218. സഞ്ചാരികൾക്ക് ഓരോ ടൂറിസ്റ്റ് കേന്ദ്രവും കണ്ട് ആസ്വദിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്ന കേന്ദ്രങ്ങളിൽ **'Hope on-Hope off'** സർവ്വീസ് ആരംഭിക്കുന്നതാണ്. തദ്ദേശ സമൂഹത്തിന് വിനോദ സഞ്ചാരത്തിൽ നിന്നും നേട്ടങ്ങൾ ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച **'Responsible Tourism Initiative'** വിപുലീകരിച്ചു നടപ്പിലാക്കുന്നതിന് 2 കോടി രൂപ നീക്കിവെക്കുന്നു.

219. മലബാർ മേഖലയിലെ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്ന **ഈസ്റ്റേൺ കോറിഡോർ എക്കോ-സർക്യൂട്ട് ('Eastern Corridor Eco-circuit')** നടപ്പിലാക്കുന്നതാണ്.

220. **നിള ടൂറിസം പദ്ധതി** നടപ്പിലാക്കുന്നതിന് 10 ലക്ഷം രൂപ നീക്കിവെക്കുന്നു. ഇടുക്കി, കോട്ടയം ജില്ലകളുടെ സംഗമസ്ഥാനമായ വാഗമൺ കേന്ദ്രമാക്കി ഒരു ടൂറിസം പദ്ധതി കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. മുരുകൻമല, തങ്ങൾപാറ, കുരിശുമല എന്നീ തീർത്ഥാടനകേന്ദ്രങ്ങളെയും സമീപ പ്രദേശങ്ങളിലെ പുരാതന ക്ഷേത്രങ്ങളെയും വിശുദ്ധസ്ഥലങ്ങളെയും ആ പദ്ധതിയിൽ ചേർത്തുകൊണ്ട് ഒരു സംയോജിത തീർത്ഥാടന ടൂറിസം സർക്യൂട്ട് പ്രോജക്ട് അടുത്ത വർഷം നടപ്പിലാക്കുന്നതാണ്. ഇതിലേക്കു വേണ്ടി 25 ലക്ഷം രൂപ വകയിരുത്തുന്നു.

221. കണ്ണൂർ ജില്ലയിലെ മുണ്ടേരി പഞ്ചായത്തിലെ തണ്ണീർതടത്തിൽ പതിനായിരക്കണക്കിന് ദേശാടനപക്ഷികളാണ് എത്തുന്നത് ഈ തണ്ണീർതടം ഒരു പക്ഷി സങ്കേതമായി വികസിപ്പിക്കുന്നതാണ്. ഹരിപ്പാട് പ്രദേശത്തെ ടൂറിസം സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്നതിന് ഹരിപ്പാട് പിൽഗ്രിം മെഗാ ടൂറിസം പ്രോജക്ട് ഈ വർഷം നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിക്ക് 20 ലക്ഷം രൂപ വകയിരുത്തുന്നു.

**ശാസ്ത്രം-സാങ്കേതികം-പരിസ്ഥിതി**

222. കേരളത്തിന്റെ സാമൂഹിക-പാരിസ്ഥിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതാണ്.

223. സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലെ ശാസ്ത്ര പ്രതിഭകളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനായി '**ടെക്നോളജി ഫെസ്റ്റിവൽ**' എന്ന പദ്ധതി നടപ്പിലാക്കുന്നതാണ്. സാമൂഹ്യമായും പ്രാദേശികമായും ഒറ്റപ്പെട്ട ശാസ്ത്ര ബിരുദധാരികളായ വനിതകൾക്ക് തൊഴിൽ പ്രാവീണ്യം നേടുന്നതിനുള്ള ഒരു പ്രത്യേക വിദഗ്ധ പരിശീലന പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

224. കേരള തീരപ്രദേശം ലോകം മുഴുവൻ അറിയപ്പെടുന്ന ധാതുലവണങ്ങൾ കൊണ്ട് സമ്പുഷ്ടമാണ്. ഇതിന്റെ സാദ്ധ്യതകൾ മനസ്സിലാക്കി ധാതുക്കളെ മൂല്യ വർദ്ധിത വസ്തുക്കളാക്കി മാറ്റുക എന്ന ഉദ്ദേശ്യത്തോടെ ഒരു പദ്ധതി ആരംഭിക്കുന്നതാണ്. മൂന്നാറിലെ പാർവതി മലയിൽ ഒരു '**ബൊട്ടാണിക്കൽ ഗാർഡൻ**' സ്ഥാപിക്കുന്നതാണ്. രാമച്ചം ഉപയോഗിച്ച് പുഴയോരങ്ങൾ സംരക്ഷിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതാണ്.

## വിദ്യാഭ്യാസം

225. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടോടെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ചുവടുപിടിച്ചാണ് സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസത്തെ ചിട്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. 2009–ലെ വിദ്യാഭ്യാസ അവകാശ നിയമത്തിനനുസൃതമായി സംസ്ഥാനത്തെ നിലവിലുള്ള പ്രൈമറി, സെക്കന്ററി സ്കൂൾ തലം പുനഃക്രമീകരിക്കുക എന്നതാണ് നാം നേരിടുന്ന ഒരു പ്രധാനപ്പെട്ട വെല്ലുവിളി. ഇതിന്റെ അടിസ്ഥാനത്തിൽ 8–ാം ക്ലാസ് അപ്പർ പ്രൈമറി തലത്തിലേക്കും 5–ാം ക്ലാസ് ലോവർ പ്രൈമറി തലത്തിലേക്കും മാറ്റും. ഈ മാറ്റം അടുത്ത വർഷം ആരംഭിക്കുന്നതാണ്.

226. ഈ പദ്ധതിക്കാലത്ത് സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളെയും അന്തർദേശീയ നിലവാരത്തിൽ ആധുനികവത്ക്കരിക്കുന്നതാണ്. ഈ പദ്ധതിയിൽ അക്കാദമിക് നിലവാരം ഉയർത്തൽ, കലാ കായികം, വിവരസാങ്കേതിക വിദ്യ, ജീവന നൈപുണ്യം ഇവയിൽ കുട്ടികളുടെ കഴിവ് വർദ്ധിപ്പിക്കൽ, സ്കൂളുകളുടെ പശ്ചാത്തല സൗകര്യവികസനം എന്നിവ ഉൾപ്പെടുന്നു. ഇതിനായി 200 കോടി രൂപ വകയിരുത്തുന്നു.

227. സംസ്ഥാനത്തെ മുഴുവൻ ക്ലാസ് മുറികളും **'സ്മാർട്ട് ക്ലാസ്'** മുറികളാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഘട്ടം ഘട്ടമായി ഈ ലക്ഷ്യം കൈവരിക്കാനും ആദ്യഘട്ടമെന്ന നിലയിൽ 2012–13 വർഷം ഒരു സ്കൂളിൽ ഒരു സ്മാർട്ട് ക്ലാസ് മുറിയെങ്കിലും ഒരുക്കാനും സർക്കാർ ഉദ്ദേശിക്കുന്നു.

228. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി 10 കോടി രൂപയും ഹയർസെക്കൻഡറി മേഖലയിൽ 66 കോടി രൂപയും വകയിരുത്തുന്നു.

229. വിദ്യാഭ്യാസവകുപ്പ് അംഗീകരിച്ചിട്ടുള്ള, അന്ധ-ബധിര-മൂക വിദ്യാർത്ഥികൾ പഠിക്കുന്ന നിലവിലുള്ള അൺ-എയ്ഡഡ് സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് വിഭാഗത്തിലേക്ക് മാറ്റുന്നതാണ്.

230. എസ്.ഐ.ഇ.ടി-യുടെ ആഭിമുഖ്യത്ത്യൽ എല്ലാ പത്താംക്ലാസ് വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസത്തിനും തൊഴിലിനും ഉള്ള അഭിരുചി പരീക്ഷ നടത്താൻ ഉദ്ദേശിക്കുന്നു. ഇതിന് 25 ലക്ഷം രൂപ അനുവദിക്കുന്നു. ശതാബ്ദി ആഘോഷിക്കുന്ന ഗവൺമെന്റ് കോളേജുകൾക്ക് 5 ലക്ഷം രൂപയും ഗവൺമെന്റ് സ്കൂളുകൾക്ക് 2 ലക്ഷം രൂപയും വികസന പരിപാടികൾക്കായി അനുവദിക്കുന്നു.

**ഉന്നതവിദ്യാഭ്യാസം**

231. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ ലോക നിലവാരത്തിലേക്കുയർത്തുക എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകൾ പുറം ലോകത്തെ അറിയിക്കുന്നതിനും കേരളത്തിലെ വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള യൂണിവേഴ്സിറ്റികളുമായി ആശയ വിനിമയം നടത്തുന്നതിനുള്ള അവസരം ഒരുക്കുന്നതിനും അടുത്തവർഷം ഒരു **ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റ്** നടത്താൻ ഉദ്ദേശിക്കുന്നു.

232. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രശസ്തമായ യൂണിവേഴ്സിറ്റികളുടെ കോഴ്സുകൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഒരു **'അക്കാദമിക് സിറ്റി'** സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. പല വിദേശ രാജ്യങ്ങളിലും ഇത്തരത്തിലുള്ള അക്കാദമിക് സിറ്റികൾ ഉണ്ട്. അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും എക്സ്ചേഞ്ച് പ്രോഗ്രാമുകൾക്കും അക്കാദമിക് സിറ്റി സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു. ഇതിലേക്ക് 25 ലക്ഷം രൂപ വകയിരുത്തുന്നു.

233. ഉന്നത വിദ്യാഭ്യാസവും ഗവേഷണ പഠന സൗകര്യങ്ങളും അന്തർദേശീയ നിലവാരത്തിൽ സംവിധാനം ചെയ്ത് വിജ്ഞാനവർദ്ധനവിന് നേതൃത്വം നൽകുന്ന ഒരു **'നോളഡ്ജ് സിറ്റി'** തൊടുപുഴയിൽ ആരംഭിക്കുന്നതാണ്. ഇതിലേക്ക് 25 ലക്ഷം രൂപ വകയിരുത്തുന്നു.

234. പുതിയ കാലത്തിന്റെ വെല്ലുവിളികൾ നേരിടാൻ കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ മേഖല ഉയരേണ്ടതുണ്ട്. ഈ രംഗത്തെ പഠന ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനത്ത് തിരുവനന്തപുരം കേന്ദ്രമായി ഒരു **'സാങ്കേതിക സർവകലാശാല'** സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 1.5 കോടി രൂപ മാറ്റി വെക്കുന്നു.

235. കേരള ജനതയുടെ ചിരകാല അഭിലാഷമായ ഒരു **ഐ.ഐ.ടി**, പാലക്കാട് കേന്ദ്ര അനുമതിയോടെ സ്ഥാപിക്കുന്നതാണ്. ഇതിനായി 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു.

236. സംസ്ഥാനത്തെ സർവകലാശാലകളേയും കോളേജുകളേയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുമായി 'യൂണിവേഴ്സിറ്റീസ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ്' എന്ന സ്കീം യു. ജി. സി നടപ്പാക്കിവരുന്നുണ്ട്. ഇന്ത്യയിലൊട്ടാകെ 16 യൂണിവേഴ്സിറ്റികളെ ഈ സ്കീമിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്. കേരളത്തിലെ യൂണിവേഴ്സിറ്റികളെ ഇതിന് പ്രാപ്തമാക്കുന്നതിന് വേണ്ടിയാണ് **'സ്റ്റേറ്റ് അവാർഡ് ഫണ്ട് ഫോർ യൂണിവേഴ്സിറ്റീസ്'** നടപ്പിലാക്കുന്നത്. ഇതിനായി 20 കോടി രൂപ നീക്കിവെക്കുന്നു.

237. സംസ്ഥാനത്തെ 10 കോളേജുകളെ ഉന്നതനിലവാരത്തിലുള്ള **'സെന്റർ ഓഫ് എക്സലൻസ്'** ആയി മാറ്റുന്നതിനുള്ള പദ്ധതി അടുത്ത 3 വർഷക്കാലം കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു. കേരളാ സർവകലാശാലയിൽ വി. എൽ. എസ്. ഐ.

ചിപ്പ് ഡിസൈൻ സെന്റർ, ബോംബെ ഐ.ഐ.ടി യുമായി ചേർന്ന് ആരംഭിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

238. സംസ്ഥാനത്തെ ഗവൺമെന്റ് എയ്ഡഡ് എഞ്ചിനിയറിംഗ് കോളേജിലെ മിടുക്കരായ കുട്ടികൾക്ക് റിസർച്ച് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയ്ക്ക് ഈ വർഷം തുടക്കം കുറിക്കുന്നതാണ്. ബിരുദവിദ്യാർത്ഥികളുടെ അഭിരുചികൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കുന്നതിനായി **'വാക്ക് വിത്ത് എ സ്കോളർ'** പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

239. സച്ചാർ കമ്മിറ്റി ശുപാർശ അനുസരിച്ച് മലപ്പുറം ജില്ലയിൽ തിരൂരങ്ങാടിയിൽ ഐ.എച്ച്.ആർ.ഡി-യുടെ ആഭിമുഖ്യത്തിൽ ഒരു **'ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി'** സ്ഥാപിക്കുന്നതാണ്. ഇതിനായി 1 കോടി രൂപ വകയിരുത്തുന്നു.

240. കോട്ടയം ജില്ലയിൽ അടുത്ത വർഷം ഒരു സയൻസ് സിറ്റി ആരംഭിക്കുന്നതാണ്. ഇതിനായി 50 ലക്ഷം രൂപ അനുവദിക്കുന്നതാണ്. ബഡ്ജറ്റുകളെ സംബന്ധിച്ച് പഠനഗവേഷണങ്ങൾ നടത്തുന്നതിനായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സെന്റർ ഫോർ ബജറ്റ് സ്റ്റഡീസ് ആരംഭിക്കുന്നതിന് 5 ലക്ഷം രൂപ വകയിരുത്തുന്നു.

241. മലയാളഭാഷയുടെ പിതാവായ തുഞ്ചത്ത് എഴുത്തച്ഛന്റെ പേരിൽ തിരൂർ ആസ്ഥാനമായി സ്ഥാപിക്കുന്ന മലയാളം സർവ്വകലാശാലയുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു. ഹരിപ്പാട് ഐ.എച്ച്.ആർ.ഡി-യുടെ ആഭിമുഖ്യത്തിൽ അപ്ലൈഡ് സയൻസ് കോളേജ് ആരംഭിക്കുന്നതാണ്. അതിലേക്ക് 1 കോടി രൂപ അനുവദിക്കുന്നു.

## കലയും സാംസ്ക്കാരികവും

242. മലയാള ചലച്ചിത്രത്തിന്റെ ചിത്രീകരണത്തിന് പ്രസിദ്ധിയാർജ്ജിച്ച ഒറ്റപ്പാലത്ത് പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഒരു **'ഫിലിം സിറ്റി'** സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 1 കോടി രൂപ വകയിരുത്തുന്നു.

243. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെക്കുറിച്ചുള്ള ഏതാനും ചില മ്യൂസിയങ്ങൾ മാത്രമേ ഇന്ത്യയിൽ ഉള്ളൂ. സ്വാതന്ത്ര്യസമര ചരിത്രത്തിലെ ആവേശകരമായ ഏടുകൾ ഉൾപ്പെടുത്തി സമഗ്രമായ ഒരു മ്യൂസിയം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനും സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആദ്യ സമ്മേളനം നടന്ന വട്ടിയൂർക്കാവിൽ **'ഫ്രീഡം മെമ്മോറിയൽ'** സ്ഥാപിക്കുന്നതിനും ഒരു കോടി രൂപ വകയിരുത്തുന്നു.

244. **ശ്രീപത്മനാഭസ്വാമി** ക്ഷേത്രത്തിനു ചുറ്റുമുള്ള കോട്ട കവാടങ്ങളും മതിലുകളും സംരക്ഷിക്കുന്നതിന് പുരാവസ്തുവകുപ്പിന് ഒരു കോടി രൂപ അനുവദിക്കുന്നു. ലോകശ്രദ്ധ ആകർഷിച്ചുകൊണ്ടിരിക്കുന്ന ശ്രീപത്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട സംസ്ഥാന പുരാരേഖാ വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള മതിലകം രേഖകൾ ലിപിമാറ്റവും വിവർത്തനവും നടത്തി, ഡിജിറ്റൈസ് ചെയ്ത് ശാസ്ത്രീയമായി സംരക്ഷിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

245. പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള വയനാട് ജില്ലയിലെ എടയ്ക്കൽ ഗുഹ **'ലോക പൈതൃകകേന്ദ്രമായി'** പ്രഖ്യാപിക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഈ വർഷം 50 ലക്ഷം രൂപ വകയിരുത്തുന്നു. മഞ്ചേശ്വരത്ത് തുളു അക്കാഡമിക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് 25 ലക്ഷം രൂപ അനുവദിക്കുന്നു.

246. മലയാള ഭാഷയെയും സാഹിത്യത്തെയും അതിലുപരി മലയാളികളുടെ സാംസ്ക്കാരിക പാരമ്പര്യത്തിന്റെ ഘടകങ്ങളെയും ഉദ്ദീപ്തമാക്കുവാൻ

പര്യാപ്തമായ നിലയിൽ ഒരു വിശ്വമലയാള മഹോത്സവം കേരള സാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിൽ 2012 ൽ നടത്തുന്നതാണ്. ഇതിനായി 50 ലക്ഷം രൂപ അനുവദിക്കുന്നു.

247. തിരുവനന്തപുരം വട്ടിയൂർക്കാവിലെ ഗുരുഗോപിനാഥ് നടനഗ്രാമത്തിൽ ദേശീയ **'നാട്യ മ്യൂസിയം'** സ്ഥാപിക്കുന്നതിന് സർക്കാർ സഹായമായി 10 ലക്ഷം രൂപ വകയിരുത്തുന്നു. തിരുവനന്തപുരം ജവഹർബാലഭവന്റെ വികസനപ്രവർത്തനങ്ങൾക്ക് ധനസഹായമായി 5 ലക്ഷം രൂപ അനുവദിക്കുന്നു. സാംസ്ക്കാരിക വകുപ്പിനു കീഴിലുള്ള ഭാരത് ഭവന്റെ പ്രവർത്തനങ്ങൾക്കായി ഒറ്റത്തവണ ഗ്രാന്റായി അഞ്ച് ലക്ഷം രൂപ അനുവദിക്കുന്നതാണ്. തിരുവനന്തപുരം ശാന്തിഗിരിയിൽ കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപയും അനുവദിക്കുന്നു. തീർത്ഥാടന കേന്ദ്രമായ ആലപ്പുഴ പൂങ്കാവ് പള്ളിയോടനുബന്ധിച്ച് കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ അനുവദിക്കുന്നു.

248. മുൻ ഇന്ത്യൻ പ്രസിഡന്റ് ശ്രീ. കെ. ആർ. നാരായണന്റെ പ്രതിമ ഉഴവൂരിൽ സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപയും മുൻ മുഖ്യമന്ത്രി ശ്രീ. ആർ. ശങ്കറിന്റെ പ്രതിമാ നിർമ്മാണത്തിന് ആർ. ശങ്കർ ഫൗണ്ടേഷന് 5 ലക്ഷം രൂപയും അനുവദിക്കുന്നു. പത്തനംതിട്ട ജില്ലയിൽ ഇലവുംതിട്ടയിൽ സരസകവി മൂലൂർ സ്മാരക നിർമ്മാണത്തിനും, കവിതിലകൻ പണ്ഡിറ്റ് കെ.പി. കറുപ്പന്റെ ജൻമശതാബ്ദി സ്മാരകം എറണാകുളത്ത് നിർമ്മിക്കുന്നതിനും 5 ലക്ഷം രൂപ വീതം അനുവദിക്കുന്നു. മലയാള പത്രപ്രവർത്തന രംഗത്തെ കുലപതിയായിരുന്ന ശ്രീ. കെ.എം. മാത്യുവിന് കോട്ടയത്തും, പ്രതിഭാശാലിയായ എഴുത്തുകാരനും പ്രഭാഷകനുമായിരുന്ന ഡോ. സുകുമാർ അഴീക്കോടിന് തൃശ്ശൂരിലും സ്മാരകങ്ങൾ നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ വീതം അനുവദിക്കുന്നു.

249. മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന് വാർഷിക ഗ്രാന്റ് 1 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നു. തിരുവനന്തപുരത്തെ പി.എൻ.പണിക്കർ

വിജ്ഞാൻ വികാസ് കേന്ദ്രത്തിന് വാർഷിക ഗ്രാന്റായി ഒരു ലക്ഷം രൂപ അനുവദിക്കുന്നു.

250. വയനാട്ടിലെ ആദിവാസികളുടെ മൺമറഞ്ഞുപോയതും അന്യം നിന്നുപോകുന്നതുമായ കലാരൂപങ്ങൾ, ആയുധങ്ങൾ, അവർ ഉപയോഗിച്ചുകൊണ്ടിരുന്ന പാത്രങ്ങൾ, അവരുടേതായ കരകൗശല സാമഗ്രികൾ, ആഭരണങ്ങൾ മുതലായവ പ്രദർശിപ്പിക്കുന്നതിനും അവരുടെ സാംസ്ക്കാരിക പൈതൃകം പുനരാവിഷ്ക്കരിക്കുന്നതിനുമായി വയനാട്ടിലെ മാനന്തവാടിയിൽ ഒരു **'ഹെറിറ്റേജ് മ്യൂസിയം'** ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ഇതിലേക്കായി 80 ലക്ഷം രൂപ വകയിരുത്തുന്നു.

**കായികം, യുവജനകാര്യം**

251. കേരളം ആതിഥ്യമരുളുന്ന 35-ാമത് ദേശീയ ഗെയിംസിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായി 30 കോടി രൂപയും കേരളാ സ്പോർട്സ് കൗൺസിലിന് 22 കോടി രൂപയും സംസ്ഥാന യുവജനകാര്യ ബോർഡിന് 15 കോടി രൂപയും അനുവദിക്കുന്നതാണ്.

252. 2009-ലെ സംസ്ഥാന കായിക കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള **'കായിക വികസന ഫണ്ട്'** രൂപീകരിക്കുകയും ഒരു കായിക നയം ഇക്കൊല്ലം തന്നെ പ്രഖ്യാപിക്കുകയും ചെയ്യും. ഈ ഫണ്ടിലേക്ക് 1 കോടി രൂപ വകയിരുത്തുന്നു.

253. കോഴിക്കോട് അന്താരാഷ്ട്ര നിലവാരത്തിൽ ഒരു സ്പോർട്സ് സ്റ്റേഡിയം നിർമ്മിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിന് ഒരു കോടി രൂപ വകയിരുത്തുന്നു. കോഴിക്കോട് ജില്ലയിൽ പുല്ലൂരാംപാറയിൽ ഒരു സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതാണ്. ഇതിലേക്ക് 10 ലക്ഷം രൂപ വകയിരുത്തുന്നു. ഇടുക്കി ജില്ലയിലെ മൂന്നാറിലുള്ള 'ഹൈ ഓൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ' കേന്ദ്ര ഗവണ്മെന്റ് സഹായത്തോടെ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കും. ഇവിടെ വരുന്ന പരിശീലകർക്കും കായിക താരങ്ങൾക്കും

അന്തർദ്ദേശീയ നിലവാരത്തിൽ പരിശീലന സൗകര്യം ഒരുക്കുന്നതാണ്. ഇതിലേക്ക് 1 കോടി രൂപയും ഇടുക്കിയിലെ പൈനാവിൽ സ്റ്റേഡിയവും, സൈക്കിൾ വെലോഡ്രോമും നിർമ്മിക്കുന്നതിന് ഒരു കോടി രൂപയും അനുവദിക്കുന്നു. വോളിബോൾ പ്രതിഭയായിരുന്ന ജിമ്മി ജോർജ്ജിന്റെ 25-ാം ചരമ വാർഷികമായ 2012-ൽ അദ്ദേഹത്തിന്റെ ജന്മസ്ഥലമായ പേരാവൂരിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 25 ലക്ഷം രൂപ വകയിരുത്തുന്നു.

254. തിരുവനന്തപുരത്ത് രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജിയിൽ എയർക്രാഫ്റ്റ് മെയിന്റനൻസ് എഞ്ചിനീയറിംഗ്, ഫ്ളൈറ്റ് ഡെസ്പാച്ചർ, ക്യാബിൻ ക്രൂ, ഡിഗ്രി ഇൻ ഏവിയേഷൻ എന്നീ പുതിയ കോഴ്സുകൾ തുടങ്ങി, അക്കാഡമിയെ അന്താരാഷ്ട്ര നിലവാരമുള്ള ട്രെയിനിംഗ് സെന്ററായി ഉയർത്തും. അക്കാഡമിയിൽ പരിശീലനം പൂർത്തിയാക്കിവരുന്ന വിദ്യാർത്ഥികൾക്ക് ഉപരിപരിശീലനം നൽകുന്നതിനായി ഒരു ഇരട്ട എൻജിൻ വിമാനം വാങ്ങുന്നതിന് 6 കോടി രൂപ വകയിരുത്തുന്നു.

255. സംസ്ഥാന യുവജനകാര്യ വകുപ്പിനും യവജനകാര്യ ബോർഡിനും വേണ്ടി ഒരു ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതാണ്. ഇതിനായി 50 ലക്ഷം രൂപ അനുവദിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമം**

256. ആരോഗ്യമുള്ള ഒരു ജനതയാണ് ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്ത്. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മാതൃ-ശിശു മരണ നിരക്കുകൾ ഗണ്യമായി കുറഞ്ഞ ഒരു സംസ്ഥാനമാണ് കേരളം. ഈ സർക്കാർ പുതിയ കാൽവെയ്പ്പുമായി ആരോഗ്യമേഖലയെ പുഷ്ടിപ്പെടുത്താൻ ചില പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ആരോഗ്യമേഖലയിൽ വിപുലമായ പ്രവർത്തനങ്ങൾക്ക് 2012-13 വർഷത്തിൽ 470 കോടി രൂപയാണ് വകയിരുത്തുന്നത്.

257. സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളില്ലാത്ത 8 ജില്ലകളിൽ അവ സ്ഥാപിക്കും. ഇതിനായി 35 കോടി രൂപ നീക്കിവെക്കുന്നു.

258. റോഡപകടങ്ങൾക്ക് ഇരയാകുന്നവരെ എത്രയും പെട്ടെന്ന് ആശുപത്രിയിൽ എത്തിച്ച് അടിയന്തര ചികിത്സ നൽകാൻ ഒരു തൃതീയ ട്രോമാ പരിചരണ ശൃംഖല ഉണ്ടാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. പരിശീലനം സിദ്ധിച്ച പാരാ-മെഡിക്കൽ ജീവനക്കാർ അടങ്ങുന്ന '108' ആംബുലൻസ് സംവിധാനം എല്ലാ ജില്ലകളിലും ഏർപ്പെടുത്തുന്നതാണ്. ഇതിനായി 40 കോടി രൂപ വകയിരുത്തുന്നു. എല്ലാ മെഡിക്കൽ കോളേജുകളിലും ട്രോമാ കെയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 25 കോടി രൂപ വകയിരുത്തുന്നു.

259. മെഡിക്കൽ കോളേജുകളിൽ ശിശുരോഗ വിഭാഗത്തിന്റെ കീഴിൽ നവജാതശിശു വിഭാഗം ആരംഭിക്കുന്നതിന് 1 കോടി രൂപ വകയിരുത്തുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലാബുകൾ സ്ഥാപിക്കുന്നതിന് 8 കോടി രൂപ വകയിരുത്തുന്നു.

260. കഴിഞ്ഞ ബഡ്ജറ്റിൽ കേരളത്തിലെ 4 പിന്നോക്ക ജില്ലകളിൽ ഓരോ മെഡിക്കൽ കേളേജുകൾ അനുവദിയ്ക്കുകയുണ്ടായി. അടുത്ത രണ്ടു വർഷത്തിനകം സംസ്ഥാനത്തെ അവശേഷിക്കുന്ന ജില്ലകളിലും മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുക എന്ന വിശാല ലക്ഷ്യത്തിന്റെ ഭാഗമായി 2012-13ൽ വയനാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് കൂടി സ്ഥാപിക്കുന്നതാണ്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി രണ്ടു കോടി രൂപ വകയിരുത്തുന്നു. പാലക്കാട്, കൊല്ലം ജില്ലകളിൽ തുടർവർഷങ്ങളിൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കും. തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ ഈ വർഷം പുതിയ ദന്തൽകോളേജുകൾ ആരംഭിക്കുന്നതാണ്. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

261. പ്രവാസികളുടെയും പൊതുമേഖലയുടെയും സംയുക്ത പങ്കാളിത്തത്തോടെ PPP മോഡലിൽ ഒരു പ്രവാസി-പൊതുമേഖലാ മെഡിക്കൽ കോളേജ് അടുത്ത വർഷം ഹരിപ്പാട്ട് ആരംഭിക്കുന്നതാണ്.

262. കേരളത്തിൽ അഖിലേന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

263. അടുത്ത സാമ്പത്തിക വർഷം 50 പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതാണ്. ഇതിനായി 3.42 കോടി രൂപ വകയിരുത്തുന്നു. കൂടാതെ, ഹോമിയോ ആശുപത്രികൾ ഇല്ലാത്ത ജില്ലയിൽ 25 കിടക്കകളുള്ള പുതിയ ഹോമിയോ ആശുപത്രികൾ ആരംഭിക്കുന്നതാണ്. കണ്ണൂർ ജില്ലയിലെ ആദിവാസി മേഖലയിൽ 10 കിടക്കകളുള്ള ഹോമിയോ ആശുപത്രി നടപ്പു സാമ്പത്തിക വർഷം ആരംഭിക്കും. ഈ പദ്ധതിക്കായി 35 ലക്ഷം രൂപ വകയിരുത്തുന്നു.

264. റീജിയണൽ കാൻസർ സെന്ററിൽ സ്ത്രീകളുടെയും കുട്ടികളുടെയും ക്യാൻസർ, പുകയിലജന്യ ക്യാൻസർ, മറ്റ് ക്യാൻസർ എന്നിവ മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിൽസിക്കുന്നതിനുള്ള സൗകര്യങ്ങൾ വികസിപ്പിക്കും. ഇതിനായി 22 കോടി രൂപ വകയിരുത്തുന്നു. ഇതിന്റെ തിരുവനന്തപുരം കാമ്പസ്സിൽ 10 നില കെട്ടിടത്തിന്റെ 3-ാം ഘട്ട നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി 8 കോടി രൂപ നീക്കിവെക്കുന്നു.

265. കുട്ടികളുടെ ആരോഗ്യസംരക്ഷണം ലക്ഷ്യമിട്ട് 2 ജില്ലകളിൽ നടപ്പിലാക്കിയിട്ടുള്ള സ്കൂൾ ഹെൽത്ത് പദ്ധതി സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കും.

266. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ചികിത്സയ്ക്കും തുടർ ചികിത്സയ്ക്കും ആവശ്യമായ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതാണ്. അവർക്ക് ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതിനുള്ള സംസ്ഥാന വിഹിതമായി 25 കോടി രൂപ വകയിരുത്തുന്നു.

267. കോന്നി, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയതായി ഡ്രഗ് ടെസ്റ്റിങ്ങ് ലാബുകൾ തുടങ്ങും. കാഞ്ഞിരപ്പളി താലൂക്ക് ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തുന്നതാണ്.

268. തലശ്ശേരി മലബാർ ക്യാൻസർ സെന്ററിൽ പുതിയ ലബോറട്ടറി ബ്ലോക്ക് സ്ഥാപിക്കുന്നതും ഒരു 4 ഡി സ്കാനറും ഡിജിറ്റൽ മാമോഗ്രാഫി മെഷീനും വാങ്ങും. ഇതിലേക്കായി 15 കോടി രൂപ വകയിരുത്തുന്നു. എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള തലപ്പാടി സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ പകർച്ചവ്യാധി നിയന്ത്രണ കേന്ദ്രത്തിനും വൈറോളജി ഗവേഷണകേന്ദ്രം സ്ഥാപിക്കുന്നതിനുമായി 1 കോടി രൂപ വകയിരുത്തുന്നു.

269. പൊതുജനങ്ങൾക്ക് ന്യായവിലക്ക് മരുന്നുവിതരണം ചെയ്യുന്നതിനായി തുടക്കംകുറിച്ച കാരുണ്യ ഫാർമസിയുടെ പ്രവർത്തനം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കും.

270. മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരിയിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്റർ ഈ വർഷം തന്നെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നതാണ്.

271. ഒരു വ്യക്തിയുടെ അനാരോഗ്യം മനസിനാണെങ്കിലും ശരീരത്തിനാണെങ്കിലും അത് യഥാസമയം ചികിത്സിച്ച് ഭേദമാക്കി സമൂഹത്തിന്റെ മുഖ്യധാരയിൽ ജീവിക്കാൻ പ്രാപ്തരാക്കുക എന്നത് പൊതുസമൂഹത്തിന്റെ ധർമ്മമാണ്. സാമൂഹികക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സർക്കാരിന് ഈ പ്രശ്നം അവഗണിക്കാനാവില്ല. മനോരോഗികളെ സംരക്ഷിക്കുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സംവിധാനം എല്ലാ ജില്ലകളിലും സൃഷ്ടിക്കുന്നതാണ്.

272. ഇടുക്കി ജില്ലയിലെ ജില്ലാ ആശുപത്രിക്കായി 150 കിടക്കകളുള്ള പുതിയ ഐ.പി വാർഡ് നിർമ്മിക്കുന്നതാണ്. ഇതിനായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

### ഭവന നിർമ്മാണം

273. ഹൗസിങ്ങ് ബോർഡ് ഹഡ്കോക്ക് വായ്പാകുടിശ്ശികയായ 750 കോടി രൂപ അടച്ചുതീർക്കാത്തതിനാൽ ഹഡ്കോ ഹൗസിങ്ങ് ബോർഡിനുള്ള വായ്പാസഹായം നിർത്തിയിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം, ഹഡ്കോയുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി വായ്പ പുനഃക്രമീകരണ പാക്കേജിന് രൂപം കൊടുക്കാൻ കഴിഞ്ഞു. കുടിശ്ശികയുടെ ആദ്യ ഗഡുവായ 250 കോടി രൂപ ഹഡ്കോയ്ക്ക് നല്കുകയും, തുടർന്ന് ഹഡ്കോ ഭവനനിർമ്മാണ ബോർഡിന്റെ പുതിയ പദ്ധതികൾക്ക് അംഗീകാരം നൽകാൻ സന്നദ്ധത അറിയിക്കുകയും ചെയ്തിട്ടുണ്ട്. വായ്പയുടെ പുനഃക്രമീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് മുതലും പലിശയും ഇനത്തിൽ ഹൗസിങ്ങ് ബോർഡിന് 150 കോടി രൂപ വകയിരുത്തുന്നു.

274. സംസ്ഥാനത്തെ ചെറിയ ടൗണുകളിലും ഗ്രാമങ്ങളിലും ഇടത്തരം വരുമാനക്കാർക്ക് താങ്ങാവുന്ന വിലയ്ക്ക് പ്ലോട്ടുകൾ നൽകുന്നതിനുവേണ്ടി ഭവനനിർമ്മാണ ബോർഡ് സ്വാശ്രയാടിസ്ഥാനത്തിൽ **സായൂജ്യം** എന്ന ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്.

275. കെട്ടിടനിർമ്മാണ മേഖലയിൽ നൂതന പരീക്ഷണങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ടെക്നോളജി ഇന്നവേഷൻ ഫണ്ട് രൂപീകരിക്കുന്നതാണ്. ഇതിലേക്കായി 1 കോടി രൂപ അനുവദിക്കുന്നു.

276. പ്രകൃതിദത്ത മണലിന്റെ ദൗർലഭ്യവും മണൽവിലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവും നിർമ്മാണ മേഖല അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നങ്ങളാണ്. ഇതു പരിഹരിക്കുന്നതിനുവേണ്ടി നിർമ്മിതികേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ഒരു മണൽ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതാണ്. ഇതിനായി 1 കോടി രൂപ നീക്കിവെക്കുന്നു.

277. തുച്ഛവരുമാനക്കാർക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗുണഭോക്തൃ വിഹിതവും ഉപയോഗിച്ച് ഫ്ളാറ്റ് നിർമ്മിച്ച് നൽകാനായി ഉദ്ദേശിക്കുന്നു. ഇത്തരത്തിലുള്ള 1000 യൂണിറ്റുകൾക്ക് 2 കോടി രൂപ വകയിരുത്തുന്നു.

278. കട്ടപ്പനയിലും മുട്ടത്തും കോഴിക്കോടും സംസ്ഥാന ഗവൺമെന്റിന്റെ മൂലധന സബ്സിഡിയോടുകൂടി വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ സ്ഥാപിക്കുവാനായി 1.50 കോടി രൂപ വകയിരുത്തുന്നു.

279. കെട്ടിട നിർമ്മാണ മേഖല നേരിടുന്ന തൊഴിലാളികളുടെ തുടർച്ചയായ ലഭ്യതയില്ലായ്മ മറികടക്കുന്നതിനായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ ഒരു തൊഴിൽ ബാങ്ക് രൂപികരിക്കുന്നതാണ്. 2012-13 സാമ്പത്തിക വർഷം 1500 അംഗങ്ങളുള്ള തൊഴിൽ ബാങ്ക് ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനു പുറമെ, ഹൗസിങ്ങ് ബോർഡിന്റെയും നിർമ്മിതികേന്ദ്രത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ നിർമ്മാണമേഖലയിലെ തൊഴിലാളികൾക്ക് സാങ്കേതിക വൈദഗ്ദ്ധ്യപരിശീലനം നൽകുന്നതിന് **'കേരള കൺസ്ട്രക്ഷൻ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്'**, കട്ടപ്പനയിൽ ആരംഭിക്കും. ഇതിലേക്കായി 1 കോടി രൂപ വകയിരുത്തുന്നു. സംസ്ഥാനത്തെ റിയൽ എസ്റ്റേറ്റ് രംഗത്ത് രൂപീകരിക്കുന്ന റഗുലേറ്ററി അതോറിറ്റിയുടെ പ്രവർത്തനത്തിന് 1 കോടി രൂപ വകയിരുത്തുന്നു.

## വിവരവും പൊതുജന സമ്പർക്കവും

280. കോട്ടയം ജില്ലയിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ മേഖലാ കേന്ദ്രം ആരംഭിക്കാനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ ആരംഭിച്ചിട്ടുള്ള ഈ കേന്ദ്രത്തിന് ഒരു കോടി രൂപ വകയിരുത്തുന്നു.

281. തിരുവനന്തപുരം വഴുതക്കാട്ടുള്ള **ടാഗോർ തീയേറ്റർ** ആധുനിക സൗകര്യങ്ങളോടെ നവീകരിച്ച് വിവിധോദ്ദേശ്യ സാംസ്ക്കാരിക കേന്ദ്രമായി ഉയർത്തുന്നതാണ്. ഇതിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഈ വർഷം ഇതിനായി 7.5 കോടി രൂപ വകയിരുത്തുന്നു.

282. ഒന്നര നൂറ്റാണ്ടു കാലത്തെ മലയാള മാധ്യമ പ്രവർത്തനത്തിന്റെ ചരിത്രം സംരക്ഷിക്കുന്നതിന് **കേരള പ്രസ് അക്കാദമിയുടെ** ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന **മ്യൂസിയത്തിന്** ധനസഹായമായി രണ്ടു ലക്ഷം രൂപയും പത്രപ്രവർത്തക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന കൺസ്യൂമർ സ്റ്റോറിന് നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഒറ്റത്തവണ ധനസഹായമായി 25 ലക്ഷം രൂപയും അനുവദിക്കുന്നു. കോട്ടയം ജേർണലിസ്റ്റ് ഹൗസിങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഒറ്റത്തവണ ധനസഹായമായി 5 ലക്ഷം രൂപ അനുവദിക്കുന്നതാണ്. പത്രപ്രവർത്തകർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഭവന സബ്സിഡി ദൃശ്യമാധ്യമ പ്രവർത്തകർക്കുകൂടി വ്യാപിപ്പിക്കുന്നതാണ്.

283. ഭാരതസംസ്ക്കാരത്തിന് ഗണ്യമായ സംഭാവന നല്കിയ മഹത് വ്യക്തിയാണ് സ്വാമി വിവേകാനന്ദൻ. സ്വാമിജിയുടെ 150-ാം ജയന്തി ആഘോഷങ്ങളോടനുബന്ധിച്ച് ദേശീയോദ്ഗ്രഥനവും മതസൗഹാർദ്ദവും പ്രോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാന വ്യാപകമായി ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നതാണ്. ഇതോടൊപ്പം, രബീന്ദ്രനാഥ ടാഗോറിന്റെ സ്മരണയ്ക്കായി രബീന്ദ്രോത്സവവും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. രണ്ട് പദ്ധതികൾക്കുമായി 2 കോടി രൂപ വകയിരുത്തുന്നു.

## തൊഴിലും പുനരധിവാസവും

284. ക്ഷേമാധിഷ്ഠിതവും വികസനോന്മുഖവുമായ ഒരു തൊഴിൽ സമൂഹത്തെ വാർത്തെടുക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എല്ലാ മേഖലയിലെയും തൊഴിലാളികളുടെ ക്ഷേമത്തിന് സർക്കാർ മുന്തിയ

പരിഗണന നൽകുന്നു. ഇതിന്റെ ഭാഗമായി ഈ വർഷം വിവിധ പുതിയ പദ്ധതികൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

285. സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, എറണാകുളം, എന്നീ ജില്ലകളിൽ ചുമട്ടുതൊഴിലാളികളുടെ കൂലി നിരക്ക് ഏകീകരിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലും ചുമട്ടുതൊഴിലാളികളുടെ കൂലി നിരക്ക് ഏകീകരിക്കും. ഇപ്രകാരം കൂലി ഏകീകരിക്കുന്നത് മുഖേന തൊഴിലാളികൾക്ക് ന്യായമായ കൂലി ഉറപ്പാക്കുന്നതിനും, ഈ മേഖലയിലുണ്ടാകുന്ന തൊഴിൽ പ്രശ്നങ്ങൾ നല്ലൊരളവ് വരെ ഒഴിവാക്കുന്നതിനും കഴിയും.

286. തൊഴിലാളികളുടെ മിനിമം കൂലി ഉറപ്പുവരുത്തുന്നതിന് അത് ബാങ്ക് വഴി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും. ഇതിലൂടെ തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ കഴിയും.

287. തോട്ടം മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള താമസ സൗകര്യം തൊഴിലുടമകളുടെ സഹകരണത്തോടു കൂടി കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും. ഇതിന്റെ പ്രാരംഭ നടപടികൾക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

288. അസംഘടിത തൊഴിലാളികൾക്കായി കേന്ദ്രസർക്കാരും സംസ്ഥാന ക്ഷേമ ബോർഡുമായി ചേർന്ന് **'ജനശ്രീ ഭീമ യോജന'** പദ്ധതി നടപ്പിലാക്കും.

289. അന്യസംസ്ഥാനങ്ങളിൽ നിന്ന് നമ്മുടെ സംസ്ഥാനത്ത് എത്തുന്ന തൊഴിലാളികൾക്ക് സ്വകാര്യ-സന്നദ്ധ സംഘടനകളുടെ സഹകരണത്തോടു കൂടി തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ പാർപ്പിട സൗകര്യം ഏർപ്പെടുത്തും. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

290. സ്വകാര്യ ആശുപത്രി മേഖലയിൽ തൊഴിലുടമ, തൊഴിലാളി, സർക്കാർ പ്രതിനിധികൾ ഉൾപ്പെട്ട ഒരു ത്രികക്ഷി വ്യവസായ ബന്ധസമിതി രൂപീകരിക്കും. തിരുവനന്തപുരം, എറണാകുളം ജില്ലകളെ നോക്കുകൂലി

വിമുക്ത ജില്ലകളാക്കി പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റു ജില്ലകളെയും **നോക്കുകൂലി വിമുക്ത ജില്ല**കളാക്കി മാറ്റും.

291. പരമ്പരാഗത മേഖലകൾ മുതൽ സാങ്കേതിക മേഖലകൾ വരെയുള്ള വ്യത്യസ്ത മേഖലകളിൽ തൊഴിൽ വൈദഗ്ധ്യം നൽകുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമായി 'കേരളാ അക്കാഡമി ഫോർ സ്കിൽ എക്സലൻസ്' എന്ന സ്ഥാപനം ആരംഭിക്കും.

292. വനിതകൾക്ക് സ്വയംപര്യാപ്തത നേടുന്നതിനും കൂടുതൽ അവസരങ്ങൾ ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് കോട്ടയം, ഇടുക്കി, മലപ്പുറം, കാസർഗോഡ് എന്നീ നാലു ജില്ലകളിൽ വനിതകൾക്കായി ഓരോ ഐ.ടി.ഐ-കൾ ആരംഭിക്കും. ഇതിനായി 250 ലക്ഷം രൂപ വകയിരുത്തുന്നു.

293. തൊഴിൽ ജന്യ രോഗങ്ങൾ നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനുമായി കൊല്ലം ജില്ലയിൽ ഒരു Occupational Health Centre ആരംഭിക്കുന്നതാണ്. ഇതിനായി 150 ലക്ഷം രൂപ വകയിരുത്തുന്നു. ഉത്തരമേഖലയിലുള്ള തൊഴിലാളികളുടെയും ഇ.എസ്.ഐ ഗുണഭോക്താക്കളുടെയും മെച്ചപ്പെട്ട ചികിത്സാ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനായി ഫെറോക്കിലെ ഇ.എസ്.ഐ ആശുപത്രിയെ മോഡൽ ആശുപത്രിയായി ഉയർത്തും. പാലായിലും നെടുമങ്ങാട്ടും എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഇ.എസ്.ഐ ഡിസ്പെൻസറികൾ ഈ വർഷം പ്രവർത്തനം ആരംഭിക്കുന്നതാണ്.

**പട്ടികജാതി വികസനം**

294. പട്ടികജാതി കോളനികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി അവയെ സ്വയംപര്യാപ്ത ആവാസ കേന്ദ്രങ്ങളായി ഉയർത്തുന്നതാണ്. നിർദ്ധനരും മാരകമായ രോഗങ്ങൾ ബാധിച്ചവരുമായ പട്ടികജാതിക്കാർക്ക് 1 ലക്ഷം രൂപ വരെ ചികിത്സാ സഹായം അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. 25000 പട്ടികജാതി കുടുംബങ്ങൾക്ക് തങ്ങളുടെ

വീടുകളിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനായി 25000 രൂപ വീതം ധനസഹായം നൽകുന്നതാണ്. പട്ടിക സമുദായാംഗങ്ങളായ യുവജനങ്ങളെ വിവിധ സാങ്കേതിക മേഖലകളിൽ വിദഗ്ദ്ധ തൊഴിലാളികളാക്കി മാറ്റുന്നതിന് നിലവിലുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളെ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളായി വികസിപ്പിക്കുന്നതാണ്. പട്ടികജാതി സങ്കേതങ്ങളിൽ വനിതകളുടെ സ്വയം സഹായ സംഘങ്ങൾക്ക് രൂപം നല്കി, അത്തരം സംഘങ്ങൾക്ക് കാട, മുയൽ, ആട് (QRG പദ്ധതി) എന്നിവയുടെ പരിപാലനത്തിന് ആവശ്യമായ പരിശീലനം നല്കി വരുമാന പദ്ധതി നടപ്പിലാക്കും. ഈ പ്രവർത്തനങ്ങൾക്കായി 115 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

295. പട്ടികജാതി ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്ന കമ്യൂണിറ്റി ക്ലിനിക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി 2.5 കോടി രൂപ നിക്കി വെയ്ക്കുന്നു.

296. നെട്ടൂർ സാങ്കേതിക പരിശീലന ഫൗണ്ടേഷന്റെ സഹകരണത്തോടെ വണ്ടൂരിൽ ഒരു കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കുന്നതാണ്. നിർദ്ധനരായ പട്ടികജാതിക്കാർക്ക് പെൺമക്കളുടെ വിവാഹത്തിനായി നൽകുന്ന ധനസഹായം 50,000 രൂപയായി വർദ്ധിപ്പിക്കുന്നതാണ്.

297. പട്ടികജാതിയിൽപ്പെട്ട ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിനും ഭൂമി വാങ്ങുന്നതിനും ധനസഹായം നൽകുന്നതിനുമുള്ള പദ്ധതിക്കായി 170 കോടി രൂപയും ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിനുള്ള ധനസഹായവും പലിശരഹിത വായ്പയും നൽകുന്ന പദ്ധതിക്കായി 100 കോടി രൂപയും വകയിരുത്തുന്നു.

## പട്ടികവർഗ്ഗ വികസനം

298. സംസ്ഥാനത്തെ തൊഴിൽരഹിതരായ പട്ടികവർഗ്ഗ യുവതികളിൽ നിന്നും തെരെഞ്ഞെടുക്കപ്പെടുന്ന 500 പേർക്ക് ഡ്രൈവിംഗ് പരിശീലനം നൽകുകയും ആയത് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ജീവനോപാധി എന്ന നിലയിൽ ഒരു ആട്ടോറിക്ഷ വാങ്ങി നൽകുകയും ചെയ്യുന്ന ഒരു പദ്ധതി മുന്നോട്ട് വയ്ക്കുന്നു.

299. വയനാട്ടിലെ ആദിവാസികൾക്കിടയിൽ വ്യാപകമായി കണ്ടുവരുന്ന ഒരു അസുഖമാണ് **'അരിവാൾ രോഗം'.** ഇത്തരം രോഗികൾക്ക് ഒരു സാന്ത്വനമെന്ന നിലയിലും, അവർക്ക് അത്യാവശ്യം മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിനുമായി പ്രതിമാസം 1000 രൂപ വീതം ധനസഹായം അനുവദിക്കുന്നതാണ്. ഇതിനായി 2 കോടി രൂപ വകയിരുത്തുന്നു.

300. സംസ്ഥാന പട്ടികവർഗ്ഗക്കാർക്കിടയിൽ വംശീയ വൈദ്യൻമാർ ധാരാളം ഉണ്ട്. ആദിവാസി മേഖലയിലെ വംശീയ വൈദ്യത്തിന് വേണ്ടത്ര പ്രചാരണം നൽകുന്നതിനും പരിപോഷിപ്പിക്കുന്നതിനും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി സഹായിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കും. വിതുര കേന്ദ്രമാക്കി ഒരു ആദിവാസി-പാരമ്പര്യ വൈദ്യപഠന കേന്ദ്രം ആരംഭിക്കുന്നതാണ്. ഈ പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

301. പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 4250 പേർക്ക് 6 കോടി രൂപ ചെലവിൽ സ്ഥിര വരുമാനം ലഭ്യമാക്കുന്ന കാർഷിക സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കുന്നതാണ്.

302. വനാവകാശ നിയമ പ്രകാരം ഭൂമി ലഭ്യമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്കും അടിസ്ഥാന സൗകര്യ വികസന പദ്ധതി നടപ്പിലാക്കുന്നതാണ്.

303. തിരുവനന്തപുരത്ത് കുറ്റിച്ചൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുവാൻ ഒരു റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ ചെലവുകൾക്ക് 1 കോടി രൂപ വകയിരുത്തുന്നതാണ്.

304. പട്ടിക വർഗ്ഗത്തിൽപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും വീട് ലഭ്യമാക്കാനും വീടും സ്ഥലവും ഇല്ലാത്തവരുടെ പുനരധിവാസം നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നു. ഇതിനായി 25 കോടി രൂപ നീക്കിവെക്കുന്നു.

305. 2006-ലെ പട്ടികവർഗ്ഗക്കാർക്കായുള്ള വനാവകാശ നിയമപ്രകാരം അർഹത പ്പെട്ട മുഴുവൻ പേർക്കും പട്ടയം നൽകുന്നതാണ്. എറണാകുളത്തെ ട്രൈബൽ കോംപ്ലക്സിന്റ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്.

306. ദക്ഷിണേന്ത്യയിലെ ഏക ആദിവാസി രാജാവായ കോവിൽമല രാജമന്നന് ആദിവാസി സംസ്ക്കാരത്തിന് അനുയോജ്യമായ തരത്തിൽ ഒരു രാജധാനി പണിയുന്നതിന് 20 ലക്ഷം രൂപ അനുവദിക്കുന്നു.

307. പട്ടിക വർഗ്ഗ വിഭാഗക്കാർക്കുള്ള ഈ വർഷത്തെ വിവിധ പദ്ധതികൾക്കായി 207 കോടി രൂപ വകയിരുത്തുന്നു.

**സാമൂഹ്യക്ഷേമം**

308. സ്ത്രീകൾക്കും പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കുമെതിരായ പീഡനങ്ങൾ തടയാനും പരിഹാരം കാണാനും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിനായി **നിർഭയ** എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കുറ്റവാളികൾക്ക് ഉടൻ ശിക്ഷ നൽകുവാനായി ഫാസ്റ്റ് ട്രാക്ക് കോടതിയും സ്ഥാപിക്കും. ഇതിന്റെ പ്രവർത്തനങ്ങൾക്കായി 1.30 കോടി രൂപ നീക്കി വെയ്ക്കുന്നു. സ്ത്രീകൾക്ക് മാത്രമായുള്ള സ്ത്രീകളുടെ ഒരു കേന്ദ്രമായി **'തന്റേടം ജൻഡർ പാർക്ക്'** എന്ന ഒരു പദ്ധതി സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിനും സ്ത്രീ കേന്ദ്രീകൃതമായ എല്ലാ പ്രവർത്തനങ്ങൾ

ക്കുമുള്ള ഒരു സംഗമ സ്ഥാനമായിരിക്കും കോഴിക്കോട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഈ ജൻഡർ പാർക്ക്. ഇതിനായി ഈ വർഷം 5 കോടി രൂപ നീക്കി വെയ്ക്കുന്നു.

309. സാമൂഹ്യസുരക്ഷാ മിഷൻ ഇപ്പോൾ ജില്ലാ ആസ്ഥാനങ്ങളിൽ നടപ്പാക്കിയിട്ടുള്ള **വയോമിത്രം** പദ്ധതി എല്ലാ നഗരസഭകളിലേയ്ക്കും മുനിസിപ്പാലിറ്റികളിലേക്കും ഈ വർഷം വ്യാപിപ്പിക്കുന്നതാണ്. സാമൂഹ്യ സുരക്ഷാമിഷന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായി 4 കോടി രൂപ വകയിരുത്തുന്നു.

310. മൂന്നുവയസ്സിന് താഴെയുള്ള കുട്ടികളുടെ ശ്രവണശേഷിയും സംസാര ശേഷിയും വീണ്ടെടുക്കാനുള്ള കോക്ളിയർ ഇംപ്ലാന്റേഷൻ പദ്ധതി തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കും. ഇതിനായി 6 കോടി രൂപ വകയിരുത്തുന്നു. കോക്ളിയർ ഇംപ്ലാന്റേഷൻ നടത്തുന്ന കുട്ടികൾക്ക് സ്പീച്ച് തെറാപ്പി നൽകുന്നതിനുള്ള പരിശീലനം **നിഷ്** – ൽ ഏർപ്പെടു ത്തേണ്ടതുണ്ട്. ഇതിനായി 2 കോടി രൂപ നീക്കിവയ്ക്കുന്നു. ഇപ്പോൾ കോഴിക്കോട് നഗരത്തിൽ നടപ്പിലാക്കിവരുന്ന **വിശപ്പ് രഹിത നഗരം** പദ്ധതി തിരുവനന്തപുരം, കൊല്ലം നഗരങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതാണ്.

311. ചൂഷണവിമുക്തമായ ഒരു ശിശുസമൂഹം ആരോഗ്യകരമായ ഒരു സമൂഹത്തിന് ആവശ്യമാണ്. യു.എൻ. പ്രഖ്യാപനമനുസരിച്ചുള്ള ശിശുക്കളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഇതിനായി **ചൈൽഡ് റൈറ്റ് കമ്മീഷൻ** സംസ്ഥാനത്ത് ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.

312. ഓരോ നിയമസഭാ നിയോജകമണ്ഡലത്തിലും ഓരോ മാതൃകാ അംഗൻ വാടികൾ സ്ഥാപിക്കും. ഇതിനായി 5 കോടി രൂപ നീക്കി വെയ്ക്കും. സർക്കാർ ചിൽഡ്രൻസ് ഹോം ഇല്ലാത്ത ഇടുക്കി ജില്ലയിൽ ചിൽഡ്രൻസ് ഹോം ഈ വർഷം ആരംഭിക്കുന്നതാണ്.

**ന്യൂനപക്ഷ ക്ഷേമം**

313. വയനാട് ജില്ലയിൽ നടപ്പിലാക്കി വരുന്ന മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം കേരളത്തിലെ ന്യൂനപക്ഷ കേന്ദ്രീകൃതമായ 50 ബ്ലോക്കുകളിൽ കൂടി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഒരു ബ്ലോക്കിന് 2 കോടി രൂപ ചെലവ് വരുന്ന ഈ പദ്ധതിക്ക് 100 കോടി രൂപ ചെലവ് കണക്കാക്കുന്നു. ഇതിന്റെ സംസ്ഥാന വിഹിതമായി 19 കോടി രൂപ നീക്കിവെക്കുന്നു.

314. സ്ത്രീശാക്തീകരണം ലക്ഷ്യമിട്ട് ന്യൂനപക്ഷ വനിതകളുടെ സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുകയും കുടുംബശ്രീ മാതൃകയിൽ അവർക്ക് ആവശ്യമായ തൊഴിൽ പരിശീലനവും സാമ്പത്തിക സഹായവും ലഭ്യമാക്കുന്നതിനുമായി ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി 1 കോടി രൂപ വകയിരുത്തുന്നു.

**പിന്നോക്ക സമുദായ വികസനം**

315. ഭരണഘടനയിൽ മറ്റ് പിന്നോക്ക വിഭാഗങ്ങളായി ഉൾപ്പെടുത്തിയിട്ടുള്ളതിൽ 80 ഓളം സമുദായങ്ങൾ നമ്മുടെ സംസ്ഥാനത്ത് അധിവസിക്കുന്നു. നൂറ്റാണ്ടുകളോളം ജാതി വ്യവസ്ഥയുടെ തിന്മകൾ അനുഭവിച്ചിരുന്ന ഈ വിഭാഗത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ മുന്നേറ്റത്തിന് സർക്കാരിന്റെ പിന്തുണ അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ പിന്നോക്ക സമുദായങ്ങളുടെ ചിരകാലാഭിലാഷമായ പിന്നോക്ക വികസന വകുപ്പ്, ഈ സർക്കാർ യാഥാർത്ഥ്യമാക്കിയത്. പിന്നോക്ക സമുദായത്തിൽപ്പെടുന്ന ദരിദ്ര വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങളും യുവാക്കൾക്ക് മെച്ചപ്പെട്ട ഉപജീവന മാർഗ്ഗങ്ങളും ഒരുക്കുന്നതിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അർഹരായ പിന്നോക്ക സമുദായത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ഫീസിളവ്, ലംപ്സം ഗ്രാന്റ് മുതലായവ നൽകുന്നതിനായി 32 കോടി രൂപ നീക്കിവെക്കുന്നു.

316. സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന പിന്നോക്ക സമുദായങ്ങളിൽപ്പെട്ട അഭിഭാഷക ബിരുദധാരികൾക്ക് പ്രാക്ടീസിന്റെ ആരംഭത്തിൽ 7500 രൂപ ഗ്രാന്റായി അനുവദിക്കുന്നതാണ്. ഈ വർഷം അർഹരായ 500 അഭിഭാഷകർക്ക് ഗ്രാന്റ് അനുവദിക്കും. ഇതിനായി 37.50 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

317. പിന്നോക്ക വികസന കോർപ്പറേഷന് ധനസഹായമായി 10 കോടി രൂപ ബജറ്റിൽ വകയിരുത്തുന്നു.

**മുന്നോക്ക സമുദായ വികസനം**

318. മുന്നോക്ക വിഭാഗങ്ങളിൽ പാവപ്പെട്ടവരുടെ വികസനത്തിനുവേണ്ടി സർക്കാർ മുന്നോക്ക സമുദായ വികസന കോർപ്പറേഷൻ രൂപീകരിക്കുന്നതാണ്. ഈ കോർപ്പറേഷനുവേണ്ടി 10 കോടി രൂപ അനുവദിക്കുന്നതാണ്.

**ആഭ്യന്തരം**

319. പൊതുജനങ്ങളുടെ സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പുവരുത്തുന്ന ഒരു പോലീസ് സേനയാണ് നമുക്കുള്ളത്. ഈ ലക്ഷ്യത്തിന്റെ ഭാഗമായി കുറ്റകൃത്യങ്ങൾ തടയുന്നതിനായി പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് മുന്തിയ പ്രാധാന്യമാണ് പോലീസ് നൽകുന്നത്. കുറ്റകൃത്യങ്ങൾ പ്രതിരോധിക്കുന്നതിനും, അക്രമം തടയുന്നതിനും, ആപത്തിൽപ്പെടുന്ന വനിതകളെയും ദുർബലരെയും മറ്റും സഹായിക്കുന്നതിനും, പോലീസ് സഹായ നമ്പരിൽ വിളിച്ചാൽ ഉടനടി സഹായം ലഭ്യമാക്കുന്നതാണ്. ഇതിനാവശ്യമായ ചലനാത്മകത കൈവരിക്കുവാൻ പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതാണ്. ജനമൈത്രി പോലീസ് സംവിധാനം 100 പോലീസ് സ്റ്റേഷനുകളിൽ കൂടി വ്യാപിപ്പിക്കുന്നതാണ്. അതുപോലെ, സ്റ്റുഡന്റ് പോലീസ് പദ്ധതിക്ക് കൂടുതൽ പ്രചാരണം നൽകും. വയോജനങ്ങളുടെയും, സ്ത്രീകളുടെയും, പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെയും പരാതികളിൽ സമയബന്ധിതമായി തുടർ നടപടി

സ്വീകരിക്കുന്നതാണ്. ഇവർ നൽകിയിട്ടുള്ള പരാതികളിൻമേലും മറ്റു പൊതുവായ വിഷയങ്ങളിലും കൈക്കൊണ്ട നടപടികൾ ഓരോ മൂന്ന് മാസത്തിലും പ്രസിദ്ധപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിനായി **'റാപ്പിഡ് റെസ്പോൺസ് ടീമുകൾ'** തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ രൂപീകരിക്കുന്നതാണ്.

320. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും തടയുന്നതിനും, പോലീസ് സ്റ്റേഷനുകളെ വനിതാ സൗഹൃദ കേന്ദ്രങ്ങളാക്കുന്നതിനും, സ്ത്രീകളെയും കുട്ടികളെയും നിയമ സംരക്ഷണങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതാണ്. പോലീസ് വകുപ്പിന്റെ കാര്യശേഷിയും ഫലപ്രാപ്തിയും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്ററുകൾ, വിനോദ സഞ്ചാരികളുടെ സുരക്ഷാകേന്ദ്രങ്ങൾ, മുതിർന്ന പൗരന്മാരുടെ സുരക്ഷാ പദ്ധതികൾ എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഈ പ്രവർത്തനങ്ങൾക്കായി 25 കോടി രൂപ മാറ്റിവെക്കുന്നു.

321. സാങ്കേതിക വിദഗ്ദ്ധർ തയ്യാറാക്കുന്ന മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ കുറ്റാന്വേഷണ സംവിധാനം ആധുനികവൽക്കരിക്കുന്നതാണ്. കൂടാതെ മെച്ചപ്പെട്ട സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിനോടൊപ്പം പ്രത്യേക പരിശീലനവും നൽകും. അതിസങ്കീർണ്ണവും വ്യാപ്തി ആവശ്യമുള്ളതുമായ കേസ്സുകളിൽ അന്വേഷണം നടത്തുന്നതിന് പുതുതായി ഒരു സംസ്ഥാന അന്വേഷണ വിഭാഗം രൂപീകരിക്കുന്നതുമാണ്.

322. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നതാണ്.

323. കേരളത്തിൽ ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവയുടെ ഉപയോഗം വ്യാപകമായി വർദ്ധിച്ചുവരുന്നതിന് സമാന്തരമായി സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണവും വൻ തോതിൽ വർദ്ധിച്ചുവരികയാണ്. സൈബർ

കുറ്റകൃത്യങ്ങൾക്കെതിരെ വ്യാപകവും വിപുലവുമായ ഒരു സാമൂഹ്യ ബോധവത്ക്കരണ പരിപാടി ഐ.ടി @ സ്കൂൾ, ഐ.ടി മിഷൻ, സി-ഡിറ്റ് എന്നിവയുടെ സഹകരണത്തൊടെ നടപ്പിലാക്കുന്നതാണ്. പോലീസ് സേനയുടെ നവീകരണം ഉൾപ്പെടെയുള്ള മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾക്കായി ഈ വർഷം 46 കോടി രൂപ നീക്കിവെയ്ക്കുന്നു.

**ജയിൽ**

324. ജയിൽ സംവിധാനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ജൈവവാതക പ്ലാന്റ്, മഴവെള്ള സംഭരണി, എന്നിവ സ്ഥാപിക്കുകയും സി.സി.റ്റി.വി നീരീക്ഷണ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും. വിയ്യൂർ വനിതാ ജയിലിലും, കോഴിക്കോട് ജില്ലാ ജയിലിലും ക്ഷീര ഫാമുകൾ ആരംഭിക്കും. തടവുകാരുടെ മാനസിക സംഘർഷം ലഘുകരിക്കുന്നതിലേക്കായി എഫ്.എം. റേഡിയോ, ടെലിവിഷൻ എന്നിവ സ്ഥാപിക്കും.

325. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെയും സഹകരണത്തോടെ തടവുകാരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കും.

326. ജയിൽ മോചിതരായതിന് ശേഷം യോജിച്ച തൊഴിൽ കണ്ടെത്തുന്നതിനായി തടവുകാർക്ക് ജയിലിൽ പ്രത്യേകം പ്ലെയ്സ്മെന്റ് സെൽ രൂപീകരിക്കുന്ന താണ്. തടവുകാരുടെ ജീവിത ഭദ്രതയ്ക്ക് വേണ്ടി **'പ്രിസണേഴ്സ് ബെനവലന്റ് ഫണ്ട്'** രൂപീകരിക്കുന്നതിന് 15 ലക്ഷം രൂപ അനുവദിക്കുന്ന താണ്.

327. ജയിൽ വകുപ്പിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായി 16.85 കോടി രൂപ വകയിരുത്തുന്നു.

**അഗ്നിശമനസേന**

328. അഗ്നിശമന സേന ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഏഴുവർഷത്തിൽ കൂടുതൽ പഴക്കമുള്ള എല്ലാ അഗ്നിശമന വാഹനങ്ങൾക്കും പകരം അടുത്ത 3 വർഷത്തിനകം പുതിയ വാഹനങ്ങൾ വാങ്ങുന്നതാണ്. അഗ്നിശമന വകുപ്പ് ആധുനികവത്ക്കരിക്കുന്നതിനുള്ള പദ്ധതി വിദഗ്ദ്ധരുടെ സഹായത്തോടെ തയ്യാറാക്കുന്നതാണ്. സംസ്ഥാനത്ത് ഉയർന്നുവരുന്ന ബഹുനില കെട്ടിടങ്ങളുടെ ബാഹുല്യം കണക്കിലെടുത്ത് അഗ്നിശമന സേനയ്ക്ക് **സ്കൈലിഫ്റ്റ്** ഉൾപ്പെടെയുള്ള അത്യാധുനിക ഉപകരണങ്ങൾ ആവശ്യമാണ് ഇതിനായി 12 കോടി രൂപ വകയിരുത്തുന്നു. കൂടാതെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും കെട്ടിട നിർമ്മിതാക്കളുടെയും മറ്റ് ബന്ധപ്പെട്ട വരുടെയും സഹകരണത്തോടെ ഒരു പ്രത്യേക **'നഗര അഗ്നി സുരക്ഷാ പദ്ധതി'** നടപ്പിലാക്കുന്നതാണ്.

**ധനകാര്യം**

329. സംസ്ഥാനത്തെ ഏത് ട്രഷറികളിൽ നിന്നും പണമിടപാട് നടത്തുവാൻ കഴിയത്തക്ക വിധം ട്രഷറി പ്രവർത്തനങ്ങളെ പരസ്പരം ബന്ധിപ്പിച്ച് കൊണ്ട് നെറ്റ് വർക്കിംഗ്, കോർ ബാങ്കിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്. സംസ്ഥാനത്തെ തനതു നികുതി വരുമാന വകുപ്പുകളിൽ ഇ-പേയ്മെന്റ് സംവിധാനം വഴി ഏകോപിതമായ രീതിയിൽ പണം ഒടുക്കുന്നതിനും, എല്ലാ വകുപ്പുകളിലും പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും, ജീവനക്കാരുടെ ആനുകൂല്യങ്ങൾ, സാമൂഹ്യക്ഷേമ പെൻഷൻ, മറ്റു സഹായങ്ങൾ തുടങ്ങിയവ സൗകര്യപ്രദമായ രീതിയിൽ ദ്രുതഗതിയിൽ വിതരണം ചെയ്യുന്നതിനുമുള്ള ആധുനിക സംവിധാനങ്ങൾ ട്രഷറികളിൽ ഏർപ്പെടുത്തുന്നതാണ്. ഇങ്ങനെ ചെയ്യുന്നതുവഴി ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാകുകയും ധനവിനിയോഗത്തിലെ കൃത്യതയും സൂക്ഷ്മതയും ഉറപ്പുവരുത്തുകയും ചെയ്യും.

330. ധനകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ധനകാര്യ സെക്രട്ടേറിയറ്റ് പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം **'സെന്റർ ഫോർ ട്രെയിനിങ്ങ് ഇൻ ഫിനാൻഷ്യൽ മാനേജുമെന്റ്'** (CTFM) എന്ന പേരിൽ വിപുലീകരിക്കുന്നതാണ്.

331. ആലപ്പുഴ ജില്ലയിലെ മുതുകുളത്ത് പുതുതായി ഒരു സബ് ട്രഷറി ആരംഭിക്കുന്നതാണ്.

332. കേരളത്തിലെ വ്യവസായ മേഖലയ്ക്ക് വേണ്ടി ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് കെ.എഫ്.സി കാഴ്ചവെച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാന സ്വയംസംരംഭക വികസന മിഷൻ 2012-13-ൽ 2,000 പുതിയ സംരംഭങ്ങൾ പുതുതായി തുടങ്ങുവാൻ ലക്ഷ്യമിടുന്നു. ഇതിന്റെ പലിശ സബ്സിഡിക്കായി ഈ വർഷം 25 കോടി രൂപ വകയിരുത്തുന്നു.

333. അടുത്ത സാമ്പത്തികവർഷം നിർമ്മാണ ആതിഥേയ വിനോദ മേഖലകൾക്ക് ഊന്നൽ നൽകി 25% വളർച്ച ഉറപ്പാക്കാനാണ് കെ.എഫ്.സി ലക്ഷ്യമിടുന്നത്. ഇതിനുള്ള ധനസമാഹരണത്തിനായി കോർപ്പറേഷൻ, ബോണ്ട് പുറപ്പെടുവിക്കും.

334. കേരള സർക്കാരിന്റെ ഏറ്റവും വലിയ സാമ്പത്തിക സ്ഥാപനമായി കെ.എസ്.എഫ്.ഇ വളർന്നുകഴിഞ്ഞു. സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ നിന്ന് കെ.എസ്.എഫ്.ഇ ബ്രാഞ്ചുകൾക്കായി ആവശ്യം ഉയർന്നുവന്നിരിക്കുകയാണ് ഇത് സ്ഥാപനത്തിൽ ജനങ്ങൾക്കുള്ള വിശ്വാസത്തിന്റെ അളവുകോലായി പരിഗണിക്കാം. ഈ സാഹചര്യത്തിൽ, മൂന്നു വർഷത്തിനകം എല്ലാ പഞ്ചായത്തുകളിലും ബ്രാഞ്ചുകൾ ആരംഭിക്കുന്നതാണ്. അതിൽ 100 പ്രധാന ശാഖകൾ ഈ വർഷം ആരംഭിക്കുന്നതാണ്. കൂടാതെ, 150 കോടി രൂപയുടെ അധിക സ്വർണ്ണപ്പണയ വായ്പാ ബിസിനസ്സ് ലക്ഷ്യമിടുന്ന കെ.എസ്.എഫ്.ഇ. 100 പ്രത്യേക സ്വർണ്ണപ്പണയ വായ്പാ ശാഖകൾ ആരംഭിക്കും.

335. പരിസ്ഥിതി സൗഹൃദ ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ വാങ്ങുന്നതിന് 10 കോടി രൂപ വായ്പ നൽകും.

336. നൈപുണ്യ വികസന കോഴ്സുകളിൽ ചേരാൻ ഈ സാമ്പത്തിക വർഷം 10 കോടി രൂപ വായ്പ നൽകും.

337. കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് ഇന്ന് മാതാപിതാക്കളെ അലട്ടുന്ന ഏറ്റവും വലിയ പ്രശ്നമാണ്. മിതവ്യയത്തിലൂടെയും ലഘുസമ്പാദ്യത്തിലൂടെയും ഇതിലേക്കാവശ്യമായ തുക സംഭരിക്കാവുന്ന വിദ്യാഭ്യാസ സമ്പാദ്യ പദ്ധതിയ്ക്ക് കെ.എസ്.എഫ്.ഇ രൂപം നൽകുന്നതാണ്.

**നിയമം**

338. സർക്കാർ കക്ഷിയായി വരുന്ന വ്യവഹാരങ്ങൾ അതിവേഗത്തിലും സുതാര്യമായും തീർപ്പാക്കുന്നതിനും, അതുവഴി പൊതുഖജനാവിനും, കക്ഷികൾക്കുമുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരമാവധി കുറയ്ക്കുന്നതിനുമായി ദേശീയ വ്യവഹാര നയത്തിന്റെ ചുവടുപിടിച്ച് സംസ്ഥാന വ്യവഹാര നയം നടപ്പിലാക്കും. സർക്കാർ കക്ഷിയായിട്ടുള്ള മുഴുവൻ കേസുകളും പരമാവധി 3 വർഷത്തിനുള്ളിൽ പൂർണ്ണമായി തീർപ്പാക്കുന്നതിന് നയം നടപ്പിലാക്കുന്നതുവഴി കഴിയുന്നതാണ്.

339. നീതിന്യായ സംവിധാനം ജനങ്ങളുടെ പടിവാതിൽക്കൽ എത്തിക്കുന്നതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഗ്രാമ ന്യായാലയങ്ങൾ ആരംഭിക്കും. അതുവഴി ഗൗരവം കുറഞ്ഞ കേസുകൾ വളരെപ്പെട്ടെന്ന് തീർപ്പാക്കാൻ കഴിയുന്നതാണ്.

340. കേന്ദ്ര നിയമങ്ങൾ നാളിതുവരെയുള്ള ഭേദഗതികൾ ഉൾപ്പെടുത്തി മലയാളത്തിൽ പരിഭാഷപ്പെടുത്തി പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്ന താണ്.

341. അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് പെൻഷൻ നൽകുന്നതിലേക്ക് ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്ന് നൽകുന്ന വിഹിതം 20 ശതമാനത്തിൽ നിന്ന് 30

ശതമാനമായി വർദ്ധിപ്പിക്കും. കുടിശ്ശിക വരുത്തിയ അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് കുടിശ്ശിക അടയ്ക്കാൻ സമയം നൽകും.

**ലോട്ടറി**

342. കേരളാ സംസ്ഥാന ലോട്ടറി ഏകദേശം ഒന്നരലക്ഷം ഏജന്റുമാരുടെയും തൊഴിലാളികളുടെയും ജീവനോപാധിയാണ്.

343. അന്യ സംസ്ഥാന ലോട്ടറി മാഫിയക്കെതിരെ സംസ്ഥാന സർക്കാർ സ്വീകരിച്ച ശക്തമായ നടപടികളിലൂടെ കേവലം 557 കോടി രൂപ വാർഷിക വിറ്റുവരുമാനം ഉണ്ടായിരുന്ന സംസ്ഥാന ലോട്ടറി ഇതിനകം 1,200 കോടി രൂപയുടെ വിറ്റുവരവിലെത്തി. ലോട്ടറി മോണിറ്ററിംഗ് സെൽ പുന:സംഘടിപ്പിക്കുകയും പുതുതായി ജില്ലാതലങ്ങളിൽ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിക്കുകയും ചെയ്തു.

344. ലോട്ടറിമാഫിയക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ട്, നൂതന മാർക്കറ്റിംഗ് തന്ത്രങ്ങളിലൂടെയും സാങ്കേതികവിദ്യയിലൂടെയും ഈ രംഗത്തൊരു പുതിയ വിപ്ലവത്തിന് തുടക്കം കുറിക്കുവാൻ സർക്കാരിനു കഴിഞ്ഞു. അങ്ങനെ കുത്തഴിഞ്ഞു കിടന്ന ലോട്ടറിരംഗത്തെ മാഫിയയുടെ പിടിയിൽ നിന്നും മോചിപ്പിച്ച്, സത്യസന്ധമായി ബിസിനസ്സ് നടത്തി ഉപജീവനം നടത്തുന്ന രണ്ടുലക്ഷത്തിലധികം ഏജന്റുമാർക്കും, വില്പനക്കാർക്കും ഏകദേശം 400 കോടിയിലധികം രൂപ കമ്മീഷൻ ഇനത്തിൽ പ്രതിവർഷം ലഭിക്കുന്നതിന് അവസരം ഒരുക്കാനും അതുവഴി കേരളത്തിലെ പാവപ്പെട്ടവർക്ക് ഒരു പുത്തൻ പ്രതീക്ഷ നൽകുവാനും ഈ സർക്കാരിന് സാധിച്ചു.

**ദേവസ്വം**

345. ശബരിമലയിൽ മുമ്പ് ഉണ്ടായ പുല്ലുമേട് ദുരന്തം പോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഒരു സേഫ്ടി മാന്വൽ തയ്യാറാക്കി, അതിലെ

നിർദ്ദേശങ്ങൾ കഴിഞ്ഞ സീസണിൽ നടപ്പിൽ വരുത്തി. പുല്ലുമേട് വഴിയുള്ള വാഹന ഗതാഗതം കോടതി ഉത്തരവിനെത്തുടർന്ന് നിരോധിച്ചതിനാൽ വണ്ടിപ്പെരിയാർ - സത്രം മൗണ്ട് എസ്റ്റേറ്റ് റോഡ് വികസിപ്പിച്ച് യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതാണ്.

346. ശബരിമലയിലെത്തുന്ന തീർത്ഥാടകരിൽ നല്ലൊരു പങ്കും തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. അവരുടെ സുരക്ഷയും മറ്റു സൗകര്യങ്ങളും ഉറപ്പ് വരുത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് പ്രസ്തുത സംസ്ഥാനങ്ങളിലെ ദേവസ്വം മന്ത്രിമാരുടെ ഒരു സമ്മേളനം കോട്ടയത്ത് കഴിഞ്ഞ ഒക്ടോബറിൽ ചേരുകയുണ്ടായി. അതിലുണ്ടായ ധാരണയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ കാര്യങ്ങളുടെ മേൽനോട്ടത്തിനായി അന്തർ സംസ്ഥാന കൗൺസിൽ രൂപീകരിക്കും.

347. ക്ഷേത്രകലകൾ അഭ്യസിപ്പിക്കുന്നതിന് മലബാറിൽ മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതാണെന്ന് കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നു. മലബാറിന്റെ സാംസ്കാരിക തനിമ ഉൾക്കൊള്ളുന്ന പ്രാചീന കലകൾ അഭ്യസിപ്പിക്കുന്നതിനും, കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഈ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത്. ഇതിന്റെ ആരംഭ പ്രവർത്തനത്തിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

348. മലബാറിലെ ക്ഷേത്രങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥയും മലബാർ ദേവസ്വം ബോർഡിന് സ്വന്തമായിട്ടുള്ള വരുമാനം തുച്ഛമാണെന്ന വസ്തുതയും കണക്കിലെടുത്ത് നിലവിലുള്ള ഗ്രാന്റ് 2 കോടി കൂടി വർദ്ധിപ്പിക്കുന്നതാണ്.

349. വൈക്കം ക്ഷേത്രകലാപീഠത്തിന് 5 ലക്ഷം രൂപ വകയിരുത്തുന്നു.

## ഭക്ഷ്യവും പൊതുവിതരണവും

350. കേരളം ഒരു ഭക്ഷ്യ കമ്മി സംസ്ഥാനമായതിനാൽ ജനങ്ങളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിൽ പൊതുവിതരണ സമ്പ്രദായത്തിന് ഒരു സുപ്രധാന പങ്ക് വഹിക്കുവാനുണ്ട്. കേരളത്തിലെ പൊതുവിതരണ സമ്പ്രദായം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേതിനേക്കാൾ സുശക്തവും വ്യാപകവുമാണ്. കേരളസംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഗുണനിലവാരമുള്ള അവശ്യ സാധനങ്ങൾ മിതമായ നിരക്കിൽ നൽകുന്നതിലൂടെ ലക്ഷോപലക്ഷം ജനങ്ങൾക്ക് സമാശ്വാസമായി വർത്തിക്കുന്നു.

351. റേഷൻ ചില്ലറ/മൊത്ത വ്യാപാരികൾ റേഷൻ സാധനങ്ങൾ തിരിമറി നടത്തുന്നത് നിർത്തലാക്കുന്നതിനും പൊതു വിതരണത്തിനായി അനുവദിക്കുന്ന റേഷൻ സാധനങ്ങൾ അർഹതപ്പെട്ട കുടുംബങ്ങൾക്ക് പൂർണ്ണതോതിൽ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ പൊതുവിതരണ മേഖലയിൽ ബയോമെട്രിക് ഉപാധികളെ ആധാരമാക്കി സംയോജിത പൊതുവിതരണ സമ്പ്രദായം ആവിഷ്ക്കരിക്കുന്നതാണ്.

352. അവശ്യ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിലേക്കായി സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. 2009-ലെ ബി.പി.എൽ. സർവ്വേയുടെ അടിസ്ഥാനത്തിൽ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പുതിയ ബി.പി.എൽ. കാർഡുകൾ നൽകുന്നതും, ഇപ്പോൾ ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്ന അനർഹരെ ഒഴിവാക്കുന്നതുമാണ്.

353. റേഷൻ സാധനങ്ങൾ പൊതു വിപണിയിലേക്ക് അനധികൃതമായി കടത്തികൊണ്ടുപോകുന്നത് തടയുന്നതിന് **ഗ്ലോബൽ പൊസിഷനിംഗ് സംവിധാനം** ഉപയോഗിക്കുന്നതും, റൂട്ട് മാറിപ്പോകുന്ന വാഹനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനുമായി **വെഹിക്കിൾ ട്രാക്കിംഗ്**

**സംവിധാനം** നടപ്പിലാക്കുന്നതുമാണ്. ഇതിനായി ഒരു കോടി രൂപ അനുവദിക്കുന്നു.

354. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തലശ്ശേരി, കൊല്ലം, ചവറ, തിരുവല്ല എന്നിവിടങ്ങളിൽ ഹൈപ്പർ മാർക്കറ്റുകളും തീരദേശ-മലയോര ഗ്രാമങ്ങളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും ആരംഭിക്കുന്നതാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം ഗൾഫ് രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കാനും ന്യൂ ഡൽഹി, നവി ബോംബെ എന്നിവിടങ്ങളിലെ കേരളാ ഹൗസിൽ പ്രീമിയം വില്പനശാലകൾ തുടങ്ങാനും ഉദ്ദേശിക്കുന്നു. വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിൽ ആധുനിക ഫ്യൂവലിംഗ് സ്റ്റേഷൻ ആരംഭിക്കും.

355. ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി ഭക്ഷണ പദാർത്ഥങ്ങളുടെയും ഔഷധങ്ങളുടെയും ഗുണ നിലവാരം ഉയർത്തുന്നതിന് 9.5 കോടി മുതൽ മുടക്കും. 2012-13 സാമ്പത്തിക വർഷം 2.9 കോടി രൂപ ചെലവിൽ ലബോറട്ടറി നിർമ്മിക്കും.

356. സി.എഫ്.ആർ.ഡിയുടെ കീഴിൽ കോന്നിയിൽ ഒരു **മെഗാ ഫുഡ് പാർക്ക്** സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇത് നിലവിൽ വരുന്നതോടെ ഏകദേശം 100 നൂതന ഭക്ഷ്യ സംസ്ക്കരണ ശാലകൾ ഈ പാർക്കിൽ വരുമെന്നും അതുമുഖേന ഏകദേശം 10,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും പ്രതീക്ഷിക്കുന്നു. ഇതിന്റെ ഈ വർഷത്തെ പ്രവർത്തനത്തിനായി 1.5 കോടി രൂപ വകയിരുത്തുന്നു.

**രജിസ്ട്രേഷൻ**

357. സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ, നെറ്റ്‌വർക്ക് മുഖാന്തരം തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ എത്തിച്ചുകൊണ്ട് കേരളത്തിലെ ഭൂമി സംബന്ധമായ രജിസ്ട്രേഷൻ വിവരങ്ങൾ ഒരു സ്ഥലത്ത് കേന്ദ്രീകരിക്കുന്ന പദ്ധതി 2012-13

സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതാണ്. രജിസ്ട്രേഷൻ വകുപ്പ് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസുകൾ അടയ്ക്കുവാൻ ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതാണ്. കേരളത്തിലെ ഭൂമിയുടെ ന്യായവിലയെ സംബന്ധിച്ച പരാതികൾ റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ സംയുക്ത ശ്രമത്തിലൂടെ, സമയബന്ധിതമായി പരിഹരിച്ചുകൊണ്ട് സ്റ്റാമ്പ് ഡ്യൂട്ടി നിരക്കുകൾ യുക്തിസഹമായി പരിഷ്ക്കരിക്കുന്നതാണ്. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനലഭ്യത ഉറപ്പുവരുത്തുന്ന തരത്തിൽ അപേക്ഷകൾ സ്വീകരിക്കുന്നതിനും, അവയിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന **'ഏകജാലക സംവിധാനം'** സബ് രജിസ്ട്രാർ ഓഫീസുകളിൽ ഏർപ്പെടുത്തുന്നതാണ്.

358. ആധാര രജിസ്ട്രഷനുകൾക്ക് നിലവിലുള്ള സ്റ്റാമ്പിങ്ങ് സംവിധാനം പരിഷ്കരിച്ചുകൊണ്ട് കേരളത്തിൽ ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കുന്നതോടുകൂടി, ആധാര രജിസ്ട്രേഷൻ മേഖലയിൽ കൂടുതൽ സുതാര്യതയും കുറഞ്ഞ സമയക്രമവും കൊണ്ടുവരുന്നതോടൊപ്പം വ്യാജ മുദ്രപ്പത്രങ്ങളുടെ വിപണനവും തടയുവാൻ കഴിയുന്നതാണ്. കേരളത്തിലെ സ്റ്റാമ്പ്‌വെണ്ടർമാരുടെ തൊഴിലിനെ ബാധിക്കാത്ത രീതിയിൽ, അതീവ സുരക്ഷാ-കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഇ-സ്റ്റാമ്പിംഗ് സേവനം തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നതാണ്.

**പ്രവാസികാര്യം (നോർക്ക)**

359. കേന്ദ്ര പ്രവാസികാര്യ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ജനുവരി 7,8,9 തീയതികളിൽ നടത്തിവരുന്ന പ്രവാസി ഭാരതീയരുടെ ആഗോള സമ്മേളനമായ പ്രവാസി ഭാരതീയ ദിവസ്, ആദ്യമായി കേരളത്തിൽ നടത്തുന്നതാണ്. കേരളത്തിന്റെ നിക്ഷേപ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും, കേരളത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് പുത്തനുണർവ്വ് ലഭിക്കുന്നതിനും

ഇതിലൂടെ കഴിയുന്നതാണ്. ഇതിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനു വേണ്ടി 50 ലക്ഷം രൂപ വകയിരുത്തുന്നു.

360. പ്രവാസികളുടെ നിക്ഷേപ/വ്യവസായ സംരംഭങ്ങൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി ഒരു ബിസിനസ്സ് സെന്റർ ആരംഭിക്കും. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

361. സാമ്പത്തിക പരാധീനത അനുഭവിക്കുന്ന പ്രവാസികൾക്കും അവരുടെ കുടുംബങ്ങൾക്കും മരണാനന്തര സഹായം, ചികിത്സാ സഹായം, വിവാഹ ധനസഹായം എന്നിവയ്ക്കുള്ള പദ്ധതിയാണ് സാന്ത്വനം. പ്രസ്തുത പദ്ധതിക്കുള്ള പരമാവധി ധനസഹായം 10,000 രൂപയിൽ നിന്നും 20,000 രൂപയായി ഉയർത്തും. ഇതിനായി 1.5 കോടി രൂപ വകയിരുത്തുന്നതാണ്.

362. വിദേശത്ത് വിവിധ കാരണങ്ങളാൽ ജയിൽവാസം അനുഭവിക്കുന്നവരെ നിയമാനുസൃതം മോചിപ്പിച്ച് നാട്ടിൽ തിരിച്ചെത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ, സൗദി അറേബ്യയിലുള്ള മലയാളി വ്യവസായികളുടെ സഹായസഹകരണത്തോടെ നടപ്പിലാക്കുന്ന സ്വപ്ന സാഫല്യം പദ്ധതി 2013 മുതൽ ഗൾഫ് നാടുകളിലാകെ നടപ്പാക്കാനുദ്ദേശിക്കുന്നു. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

## എക്സൈസ് വകുപ്പ്

363. 'മദ്യ വിമുക്ത കേരളം' എന്ന ലക്ഷ്യം വച്ച് സമൂഹത്തിലെ ആബാലവൃദ്ധം ജനങ്ങളേയും ഉൾപ്പെടുത്തി വിശിഷ്യ സ്കൂൾ കോളേജ് കാമ്പസുകൾ കേന്ദ്രീകരിച്ച് ഒരു സമഗ്ര ബോധവത്ക്കരണ കാമ്പയിൻ നടത്തുന്നതാണ്. ഇതിനായി ഒരു കോടി രൂപ വകയിരുത്തുന്നു. എക്സൈസ് സേനയെ ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ എക്സൈസ് അക്കാഡമിയിൽ ആധുനിക പരിശീലന സൗകര്യങ്ങൾ ഒരുക്കുന്നതിന് 50 ലക്ഷം രൂപ അനുവദിക്കുന്നു. എക്സൈസ് വകുപ്പിൽ ഓഫീസ് കെട്ടിട പുനരുദ്ധാരണത്തിന് ഒരു കോടി രൂപ അനുവദിക്കുന്നു.

# IV അധികവിഭവ സമാഹരണം

**റവന്യൂ**

364. കേരളത്തിലെ ഭൂനികുതി നിരക്കുകൾ പതിനേഴ് വർഷം മുൻപ് നിർണ്ണയിച്ച സെന്റ് ഒന്നിന് ഒരു രൂപയിൽ താഴെയുള്ള നിരക്കുകളാണ്. ഇവ പിരിക്കുവാനുള്ള സൗകര്യം മുൻനിർത്തി ഒരു ചെറിയ വർദ്ധന നടപ്പാക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ട് ഭൂനികുതിയിൽ നിലവിലുള്ള നിരക്കുകൾ ഇരട്ടിയാക്കുന്നതാണ്.

**രജിസ്ട്രേഷൻ**

365. കുടുംബാംഗങ്ങളുടെ പേരിലല്ലാതെ സ്ഥാവര വസ്തുക്കളുടെ വില്പനയ്ക്കായി ചമയ്ക്കുന്ന മുക്ത്യാറുകൾക്ക് അതിന്റെ സ്റ്റാമ്പ് ഡ്യൂട്ടിയുടെ 2 ശതമാനം രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതാണ്.

366. കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രങ്ങൾ, ഒഴിവുകുറികൾ, ദാനാധാരങ്ങൾ, ധനനിശ്ചയാധാരങ്ങൾ ഇവയുടെ മുദ്രവില ഈടാക്കുന്നതിൽ നിലനില്ക്കുന്ന അപാകതകൾ പരിഹരിക്കുന്നതിനായി കേരള മുദ്രപ്പത്ര നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതും അവയുടെ രജിസ്ട്രേഷൻ ഫീസ് ഏകീകരിക്കുന്നതുമാണ്.

367. ഇൻഡ്യൻ പാർട്ണർഷിപ്പ് നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും മറ്റെല്ലാ ഫീസുകളും വർദ്ധിപ്പിക്കുന്നതാണ്.

368. കേരളത്തിലെ ഭൂമിയുടെ ന്യായവിലയെ സംബന്ധിച്ച പരാതികൾ റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളുടെ സംയുക്ത ശ്രമത്തിലൂടെ സമയബന്ധിതമായി പരിഹരിച്ച് കൊണ്ട് സ്റ്റാംമ്പ് ഡ്യൂട്ടി നിരക്കുകൾ യുക്തിസഹമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### മോട്ടോർ വാഹനങ്ങൾ

369. നിലവിൽ സ്വകാര്യആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന മോട്ടോർ കാറുകളുടേയും പ്രൈവറ്റ് സർവീസ് വാഹനങ്ങളുടേയും റോഡ് ടാക്സ്, വാഹനങ്ങളുടെ ക്യൂബിക് കപ്പാസിറ്റിയുടേയും വാങ്ങൽ വിലയുടേയും അടിസ്ഥാനത്തിലാണ് ഇപ്പോൾ നിർണ്ണയിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ അയൽ സംസ്ഥാനങ്ങളിൽ വാഹനങ്ങളുടെ വാങ്ങൽവിലയുടെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളിലായാണ് നികുതിനിരക്ക് നിലവിലുള്ളത്. ഇതു കണക്കിലെടുത്ത് റോഡ് ടാക്സ് നിരക്ക് നിർണ്ണയത്തിൽ അയൽ സംസ്ഥാനങ്ങളുമായി ഏകീകൃത സ്വഭാവം കൈവരിക്കാനായി വാങ്ങൽ വിലയുടെ അടിസ്ഥാനത്തിൽ, സ്വകാര്യാവശ്യത്തിനുപയോഗിക്കുന്ന മോട്ടോർ കാറുകളുടേയും പ്രൈവറ്റ് സർവീസ് വാഹനങ്ങളുടേയും നികുതിനിരക്കുകൾ താഴെപ്പറയുംപ്രകാരം പരിഷ്കരിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു.

| | |
|---|---|
| അഞ്ചു ലക്ഷം രൂപ വരെ വാങ്ങൽ വിലയുള്ള വാഹനങ്ങൾ | വാങ്ങൽ വിലയുടെ 6% |
| അഞ്ചുലക്ഷം രൂപയ്ക്കു മുകളിൽ 10 ലക്ഷം രൂപ വരെ വാങ്ങൽ വിലയുള്ള വാഹനങ്ങൾ | വാങ്ങൽ വിലയുടെ 8% |
| പത്തുലക്ഷം രൂപയ്ക്കു മുകളിൽ 15 ലക്ഷം രൂപ വരെ വാങ്ങൽ വിലയുള്ള വാഹനങ്ങൾ | വാങ്ങൽ വിലയുടെ 10% |
| പതിനഞ്ചുലക്ഷത്തിനു മുകളിൽ വാങ്ങൽവിലയുള്ള വാഹനങ്ങൾ | വാങ്ങൽ വിലയുടെ 15% |

370. ഇതുമൂലം 115 കോടി രൂപ അധികവരുമാനം പ്രതീക്ഷിക്കുന്നു. മോട്ടോർസൈക്കിളുകളുടെ നികുതിനിരക്കിൽ മാറ്റമില്ല.

### വാണിജ്യ നികുതി

371. യൂണിയൻ ഗവൺമെന്റ് കേന്ദ്ര വിൽപനനികുതി 4 ശതമാനത്തിൽ നിന്നും 3 ശതമാനത്തിലേക്കും പിന്നീട് 2 ശതമാനത്തിലേക്കും കുറവ് ചെയ്യുക

യുണ്ടായി. തുടർന്ന് സംസ്ഥാനങ്ങൾക്ക് ഇതിനോടകം ഉണ്ടായ നികുതി വരുമാന നഷ്ടത്തിന് കേന്ദ്രം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഇതുമൂലം ഭാവിയിലുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനായി 4%, 12.5% എന്നീ നികുതിനിരക്കുകൾ 1 ശതമാനം വർദ്ധിപ്പിക്കാൻ കേന്ദ്രസർക്കാരിന്റെ പ്രതിനിധികൾ കൂടി പങ്കെടുത്ത, സംസ്ഥാന ധനകാര്യവകുപ്പ് മന്ത്രിമാരുടെ ഉന്നതതലയോഗത്തിൽ പൊതുധാരണയുണ്ടായി. ഇതിന്റെ മുന്നോടിയായി നിലവിലുള്ള പ്രഖ്യാപിതചരക്കുകളുടെ (declared goods) നികുതി നിരക്ക് 4 ശതമാനത്തിൽ നിന്നും 5 ശതമാനമാക്കി കേന്ദ്രം വർദ്ധിപ്പിച്ചു. തുടർന്ന് ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും, പ്രത്യേകിച്ച് ദക്ഷിണേന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളും ഇതിനകം തന്നെ വാറ്റ് നിരക്ക് വർദ്ധിപ്പിക്കുകയുണ്ടായി.

372. ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ് നടപ്പിലാക്കുന്നതിന്റെ ഫലമായി ഇതിനുപുറമേ സംസ്ഥാനങ്ങൾക്ക് പൊതുവേ ഉണ്ടായേക്കാവുന്ന വരുമാനനഷ്ടത്തിന് കേന്ദ്രം നഷ്ടപരിഹാരം നൽകേണ്ടതുണ്ട്. ഇതിനായി അനുവർത്തിക്കുന്ന ഫോർമുലയിൽ മുൻവർഷങ്ങളിലെ നികുതിവരുമാനവും അതിന്റെ ന്യായമായ വളർച്ചാനിരക്കും പരിഗണിക്കുന്നതാണ്. ഈ സാഹചര്യത്തിൽ നികുതിനിരക്ക് മേൽപ്രകാരം ഉയർത്താതിരുന്നാൽ കേന്ദ്രത്തിൽ നിന്ന് ലഭിക്കേണ്ട നഷ്ടപരിഹാര തുകയിൽ ഭാവിയിൽ കുറവ് വരും. ഈ ഘടകങ്ങളെല്ലാം പരിഗണിച്ച്, വാറ്റിലെ പൊതുനിരക്കുകളായ 4, 12.5 എന്നീ നിരക്കുകൾ യഥാക്രമം 5 ഉം 13.5 ഉം ആയി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഈ വർദ്ധന സാമാന്യജനത്തിനെ ഒരിക്കലും ബാധിക്കരുതെന്ന് എനിക്ക് നിർബന്ധമുണ്ട്. അതിനാൽ ഉഴുന്ന്, വൻപയർ, ചെറുപയർ, മറ്റു പയർവർഗ്ഗങ്ങൾ, കടല, മുളക്, മല്ലി, ഭക്ഷ്യ എണ്ണ, ധാന്യപ്പൊടികൾ, മൈദ, സൂചി തുടങ്ങിയവയുടെ നികുതിനിരക്ക്, നിലവിലുള്ള 4 ശതമാനത്തിൽ നിന്നും 1 ശതമാനമായി കുറച്ച്, അരിയുടേയും മറ്റു അവശ്യ ഭക്ഷ്യവസ്തുക്കളുടെ നികുതിനിരക്കുമായി ഏകീകരിക്കുന്നു. കൂടാതെ, നിലവിൽ വാറ്റ് നികുതിയുടെ മേൽ ചുമത്തുന്ന ഒരു ശതമാനം സാമൂഹിക സുരക്ഷാ സെസ്സ് ഒഴിവാക്കുന്നതാണ്. ഈ നടപടികൾ മൂലം മുൻപില്ലാത്ത ഒരു ആശ്വാസം സാമാന്യ ജനങ്ങൾക്ക്

പകർന്ന് കൊടുക്കുവാൻ കഴിഞ്ഞതിൽ എനിക്ക് ചാരിതാർഥ്യമുണ്ട്. ഇതുമൂലം പ്രതീക്ഷിക്കുന്ന അധികവരുമാനം 1000 കോടി രൂപയാണ്.

373. വിവിധയിനം പുകയില ഉത്പന്നങ്ങൾ ആരോഗ്യത്തിന് ഉയർത്തുന്ന ഭീഷണി, അവ സമൂഹത്തിന് മേൽ അടിച്ചേൽപിക്കുന്ന അധിക ചികിത്സാ ചിലവുകൾ എന്നിവ പരിഗണിച്ച്, ബീഡി ഒഴികെ സിഗററ്റിന്റെയും സമാന ഉത്പന്നങ്ങളുടെയും നികുതിനിരക്ക് 12.5 ശതമാനത്തിൽ നിന്ന് 15 ശതമാനമായും, പാൻമസാല മുതലായ മറ്റു പുകയില ഉത്പന്നങ്ങളുടെ നികുതിനിരക്ക് 20 ൽ നിന്ന് 22.5 ശതമാനമായും ഉയർത്തുന്നു. 76 കോടി രൂപയുടെ അധികവരുമാനം ഇതിൽ നിന്നും പ്രതീക്ഷിക്കുന്നു.

374. ഉപഭോക്തൃ ഉത്പന്നങ്ങൾ പൊതിയുന്നതിനും, പാക്ക് ചെയ്യുന്നതിനുമുള്ള ഉപയോഗിച്ച പ്ലാസ്റ്റിക് ക്യാരി ബാഗുകൾ സൃഷ്ടിക്കുന്ന മാലിന്യം കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഒരു പാരിസ്ഥിതിക പ്രശ്നമാണ്. അതിനാൽ പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുവാൻ വേണ്ടി നികുതി നിരക്ക് നിലവിലുള്ള 12.5 ശതമാനത്തിൽ നിന്ന് 20 ശതമാനമായി ഉയർത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇതേ സമയം തൽസ്ഥാനത്ത്, തുണി ബാഗുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി അവയെ നികുതിയിൽ നിന്ന് സമ്പൂർണ്ണമായി ഒഴിവാക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു.

375. വിദേശമദ്യത്തിന്റെ നികുതിയിന്മേൽ നിലവിലുള്ള 6 ശതമാനം സാമൂഹ്യസുരക്ഷാ സെസ്സ് 10 ശതമാനമായി ഉയർത്തുന്നതാണ്. ഇതിൽനിന്നും 90 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

376. മരുന്നുകളിന്മേലുള്ള കോമ്പൗണ്ടഡ് നികുതി ഭേദഗതി ചെയ്ത് പുതിയ ഷെഡ്യൂൾ നിരക്കുമായി താദാത്മ്യപ്പെടുത്തുന്നതാണ്.

377. ക്രഷർ മെറ്റലിന്റെ വാറ്റ് നികുതി നിരക്ക് 13.5 ശതമാനമായി ഉയരുന്ന സാഹചര്യത്തിൽ കോമ്പൗണ്ടഡ് നികുതിനിരക്കിലും തദനുസരണമായ മാറ്റങ്ങൾ വരുത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ക്രഷറുകളുടെ

വായവിസ്താരത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം നികുതി നിരക്കുകൾ ഉയർത്തി നിശ്ചയിക്കുന്നതാണ്.

| | |
|---|---|
| 30.48 സെ.മീ X 22.86 സെ.മീ താഴെ വായ വിസ്താരമുള്ള ഒറ്റ ക്രഷറുകൾ | 25,000 രൂപയിൽ നിന്നും 30,000 രൂപയായി ഉയർത്തുന്നു |
| 30.48 സെ.മീ X 22.86 സെ.മീ നും 40.46 സെ.മീ X 25.46 സെ.മീ നും ഇടയിൽ വായ വിസ്താരമുള്ള ഒറ്റ ക്രഷറുകൾ | 1,00,000 രൂപയിൽ നിന്നും 1,20,000 രൂപയായി ഉയർത്തുന്നു |
| 30.48 സെ.മീ X 22.86 സെ.മീ നും 40.46 സെ.മീ X 25.46 സെ.മീ നും ഇടയിൽ വായ വിസ്താരമുള്ള പൊതു ക്രഷറുകൾ | 1,40,000 രൂപയിൽ നിന്നും 1,60,000 രൂപയായി ഉയർത്തുന്നു |
| മേൽപ്പറഞ്ഞതിന് മുകളിൽ വായ വിസ്താരമുള്ള ക്രഷറുകൾ | 2,80,000 രൂപയിൽ നിന്നും 3,20,000 രൂപയായി ഉയർത്തുന്നു |
| കോൺ ക്രഷർ | 15 ലക്ഷം രൂപയിൽ നിന്ന് 18 ലക്ഷം രൂപയായി ഉയർത്തുന്നു |

**ഇളവുകൾ**

378. കാലിത്തീറ്റകൾ പൊതുവിൽ നികുതിവിമുക്തമാണ്. പക്ഷേ പ്രധാനമായും കാലിത്തീറ്റയായി ഉപയോഗിക്കപ്പെടുന്ന പുളിങ്കുരു പൊടിക്ക് നിലവിൽ 4 ശതമാനം നികുതിയാണ് ഉള്ളത്. ക്ഷീര കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി പുളിങ്കുരു പൊടി നികുതി വിമുക്തമാക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു.

379. എയർ ടൈറ്റ് കണ്ടെയ്നറിൽ വിൽക്കുന്ന രജിസ്റ്റർ ചെയ്ത ട്രേഡ് മാർക്കുള്ള ഭക്ഷണ പദാർത്ഥങ്ങൾക്ക് 12.5 ശതമാനം നികുതി നിരക്കാണ് നിലവിലുള്ളത്. കേരളത്തിന്റെ തനത് ഭക്ഷ്യഉത്പന്നങ്ങളായ ഏത്തക്ക വറ്റൽ, മരച്ചീനിവറ്റൽ, ചക്കവറ്റൽ, ചുക്ക്കാപ്പിപ്പൊടി തുടങ്ങിയ മൂല്യവർദ്ധിത ഭക്ഷ്യ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഇത്തരം ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് 12.5 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറവുചെയ്യുവാൻ ഞാൻ ഉദ്ദേശിക്കുന്നു.

380. കേരളത്തിന് തേൻകൃഷിയിൽ വിപുലമായ സാദ്ധ്യതയുണ്ട്. തേൻ, തേനീച്ചപ്പെട്ടി, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് നിലവിൽ 4 ശതമാനം നികുതി ഈടാക്കുന്നു. ഇവയെ നികുതി വിമുക്തമാക്കണം എന്നത് ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടേയും കർഷകരുടേയും ദീർഘ കാലമായിട്ടുള്ള ആവശ്യമാണ്. അതിനാൽ തേൻ, തേനീച്ചപ്പെട്ടി, അനുബന്ധ ഉപകരണങ്ങൾ എന്നിവ നികുതിവിമുക്തമാക്കുന്നു.

381. കൃത്രിമ മനുഷ്യഅവയവങ്ങൾ പൊതുവേ നികുതിവിമുക്തമാണ്. എന്നാൽ ഇൻട്രാ ഓക്കുലർ ലെൻസ്, ഹാർട്ട് വാൽവ്, കാർഡിയാക് സ്റ്റെൻഡ് തുടങ്ങിയവ ഇപ്പോൾ നികുതിവിധേയമാണ്. ഉയർന്നു നിൽക്കുന്ന ചികിത്സ ചെലവുകൾ കുറച്ച് സാമാന്യ ജനങ്ങൾക്ക് ആശ്വാസം പകരുന്നതിന് ഇവയെ നികുതിവിമുക്തമാക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു.

382. നമ്മുടെ പരമ്പരാഗത ശാക്തികമേഖലകളിൽ ഒന്നായി ആയുർവേദം കണക്കാക്കപ്പെട്ടിട്ടുള്ളതും അതിന്റെ ഉന്നമനം സംസ്ഥാനത്തിന്റെ ഒരു പ്രമുഖ വികസന അജൻഡയുമാണ്. ടൂറിസം മേഖലയുടെ വളർച്ചയെ സഹായിക്കുന്ന ഒരു പ്രധാന ഘടകം കൂടിയാണ് ഇത്. ഡ്രഗ്ഗ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്ന ചില ആയുർവേദ ഉത്പന്നങ്ങളെ സൗന്ദര്യ വസ്തുക്കളുടെ പട്ടികയിൽപ്പെടുത്തിയതിനെ ത്തുടർന്ന് അവയ്ക്ക് 12.5 ശതമാനം നികുതി ബാധകമായിട്ടുണ്ട്. ആയുർവേദ മേഖലയെ പ്രോൽസാഹിപ്പിക്കുന്നതിനും ടൂറിസം വികസനത്തെ ഉദ്ദേശിച്ചും ഇവയുടെ നിരക്ക് 5 ശതമാനമായി കുറവുചെയ്യുന്നതാണ്.

383. ആരാധനാലയങ്ങളോടുചേർന്ന് സ്ഥിതിചെയ്യുന്ന ഹാളുകൾക്കും ആഡിറ്റോറിയങ്ങൾക്കും ആഡംബരനികുതി ഒഴിവ് നിലവിലുണ്ട്. ഇവർക്ക് ആഡംബരനികുതിനിയമപ്രകാരമുള്ള രജിസ്ട്രേഷൻ ബാദ്ധ്യതകൂടി ഒഴിവാക്കുന്നതാണ്.

384. ആശുപത്രികളിലെ രോഗികൾക്കായി, അവിടെയുള്ള ഫാർമസികളെ രജിസ്ട്രേഷനിൽ നിന്നും, വാങ്ങുന്ന മരുന്നുകളെ വാറ്റ് നികുതിയിൽ നിന്നും ഒഴിവാക്കണമെന്ന ഒരാവശ്യം ഉയർന്ന് വന്നിട്ടുണ്ട്. രജിസ്ട്രേഷനിൽ നിന്ന്

ഒഴിവ് നൽകുന്നതിന് നിയമതടസ്സമുണ്ടെങ്കിലും, കോമ്പൗണ്ടിംഗ് സമ്പ്രദായ ത്തിൽ നികുതി തുക അടച്ചിട്ടുള്ള മൊത്ത വ്യാപാരികളിൽ നിന്നാണ് പ്രസ്തുത ഫാർമസികൾ മരുന്ന് വാങ്ങിയിട്ടുള്ളതെങ്കിൽ അത്തരം ഫാർമസികൾക്ക് നികുതി ബാദ്ധ്യതയില്ല. ഇത്തരം മരുന്ന് വിൽപ്പനകളെ 31-3-2012 വരെ തുടർ അസസ്സ്മെന്റുകളിൽ നിന്നും ഒഴിവാക്കുന്നു.

385. കരിക്കിൻവെള്ളം ആരോഗ്യദായകമായ ഒരു പാനീയമായതിനാൽ അതിന്റെ വിപണനവും ഉപയോഗവും പ്രോൽസാഹിപ്പിക്കുന്നതിനായി പാക്ക് ചെയ്ത കരിക്കിൻ വെള്ളത്തിൻ മേൽ നിലവിലുള്ള നികുതി 12.5 ശതമാനത്തിൽ നിന്നും 5 ശതമാനമായി കുറക്കുന്നു.

386. മാലിന്യ സംസ്കരണത്തിന് ഉതകുന്ന നൂതന മാർഗ്ഗങ്ങളെ പ്രോൽസാഹി പ്പിക്കുന്നതിനായി ഇലക്ട്രോണിക് ശൗചാലയങ്ങളുടെ (e-toilets) നികുതി നിരക്ക് 5 ശതമാനമായി കുറക്കുന്നു.

387. തൊട്ടിലുകളുടെ നികുതി നിരക്ക് 5 ശതമാനമാക്കി കുറയ്ക്കുന്നു.

388. സെൻട്രൽ പോലീസ് കാന്റീന് കഴിഞ്ഞവർഷം കൊടുത്ത നികുതി ഇളവ് അവയുടെ ആഭിമുഖ്യത്തിൽ കേരള പോലീസ്, ജില്ലകളിൽ സ്ഥാപിതമാക്കുന്ന 14 സബ്സിഡിയറി സ്ഥാപനങ്ങൾക്കും കൂടി നിർദ്ദിഷ്ടനിബന്ധനകൾക്ക് വിധേയമായി വ്യാപിപ്പിക്കുന്നതാണ്. ഇതുമൂലം 100 കോടി രൂപയുടെ നഷ്ടം പ്രതീക്ഷിക്കുന്നു.

**നടപടികളുടെ ലഘൂകരണം**

389. സോൾ പ്രൊപ്രൈറ്റർക്ക് അകാല നിര്യാണം സംഭവിച്ചാൽ ആ സ്ഥാപനത്തിന് ലഭ്യമാകേണ്ട ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തുടർ നടത്തിപ്പുകാർക്ക് ലഭ്യമാകുവാൻ നിലവിലുള്ള നിയമപ്രകാരം പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്. ഇപ്പോഴുള്ള വ്യവസ്ഥ പ്രകാരം ബിസിനസ്സ് തുടരുവാൻ ഇവർ പുതിയ രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. ഇവർക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തടസ്സമില്ലാതെ ലഭ്യമാക്കുവാൻ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

390. പ്രിസംറ്റീവ് ടാക്സ് പരിധി കഴിഞ്ഞ് വ്യാപാരം നടത്തിയിട്ടുള്ള ചെറുകിടകാർക്ക് ഇൻപുട്ട് ടാക്സ് ക്രഡിറ്റിന്റെ ആനുകൂല്യം നൽകുന്നതിന് വേണ്ടി പ്രാബല്യത്തിൽ കൊണ്ട് വന്ന നിയമം 1-04-2005 മുതൽ പൂർവ്വകാല പ്രാബല്യത്തോടു കൂടി നടപ്പിലാക്കുന്നതിന് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണ്.

391. കേരള വിൽപനനികുതി നിയമം, കേരള മൂല്യവർദ്ധിത നികുതി നിയമം എന്നിവയ്ക്ക് കീഴിൽ 31.03.2011 മുതൽ തീർപ്പ് കൽപിക്കാത്ത അസസ്മെന്റുകൾ, റീ അസസ്മെന്റുകൾ, റിമാന്റഡ് അസസ്മെന്റുകൾ എന്നിവ പൂർത്തീകരിക്കുവാനുള്ള കാലയളവ് 31.03.2013 വരെ ദീർഘിപ്പിക്കുന്നതാണ്.

392. കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ ആഡിറ്റ് ഒബ്ജക്ഷനുകളുടെ അടിസ്ഥാനത്തിൽ അസസ്മെന്റുകൾ നടത്തുന്നതിനായി ഒരു പുതിയ വ്യവസ്ഥ ഉൾപ്പെടുത്തുന്നതാണ്. അതിൻപ്രകാരം ഡീലറെ ഹിയർ ചെയ്തതിനുശേഷം മാത്രമേ അസ്സസ്മെന്റ് നടത്താവൂ എന്നും നിഷ്കർഷിക്കുന്നതാണ്.

393. വാണിജ്യനികുതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെയുള്ള രേഖകളുടേയും, ഫാറങ്ങളുടേയും ഇ-ഫയലിംഗ് പ്രായോഗികമാക്കുന്നതിനായി കേരള മൂല്യവർദ്ധിത നികുതി നിയമം, കേരള പൊതുവിൽപന നികുതി നിയമം എന്നിവയിൽ ഭേദഗതി കൊണ്ടുവരുന്നതും, ഫാറങ്ങളിലും നടപടികളിലും ഇലക്ട്രോണിക് ഫയലിംഗിന് അനുയോജ്യമായ മാറ്റങ്ങൾ വരുത്തുവാനുള്ള അധികാരം കമ്മീഷണർക്ക് ഡെലിഗേറ്റ് ചെയ്തു നൽകുന്നതുമാണ്.

394. തങ്ങൾ സമർപ്പിക്കുന്ന റീഫണ്ട് അപേക്ഷകൾ തീർപ്പാക്കുവാൻ അനിശ്ചിതമായ കാലതാമസം ഉണ്ടാകുന്നതായി വ്യാപാരമേഖല പരാതികൾ ഉന്നയിച്ചിട്ടുണ്ട്. റീഫണ്ട് അപേക്ഷ സമർപ്പണ തീയതി മുതൽ രണ്ടു മാസത്തിനകം അധികാരി/അതോറിറ്റി തീർപ്പാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കും. അപേക്ഷ തീർപ്പാക്കുന്നതിൽ നിശ്ചിത കാലാവധി

കഴിഞ്ഞുള്ള താമസം എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ ഡെപ്യൂട്ടി കമ്മീഷണർക്കു മാത്രം മാപ്പാക്കാവുന്നതാണ് എന്ന വ്യവസ്ഥ കൊണ്ടു വരുന്നതായിരിക്കും.

395. വകുപ്പിന് ലഭ്യമാക്കുന്ന വിവരങ്ങളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനായി എല്ലാ വ്യാപാരികൾക്കും തുച്ഛമായ ചെലവിൽ ഡിജിറ്റൽ സിഗ്നേച്ചറുകൾ നൽകുന്നതാണ്.

396. ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പ് എന്ന ആശയം കേരള മൂല്യവർദ്ധിത നികുതി നിയമത്തിൽ ഉൾപ്പെടുത്തുന്നതിനായി യുക്തമായ ഭേദഗതികൾ വരുത്തുന്നതാണ്.

397. പുത്തൻ സാങ്കേതികവിദ്യകളുപയോഗിച്ച് നടത്തുന്ന നികുതി വെട്ടിപ്പുകൾ കണ്ടെത്തുന്നതിനും അതിന്മേൽ നടപടി സ്വീകരിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനിക വൽക്കരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി നികുതിവകുപ്പിൽ ഒരു ഇക്കണോമിക് ഇന്റലിജൻസ് വിംഗ് സ്ഥാപിക്കുന്നതാണ്.

398. കുറ്റകരമായ സമാന്തര ബില്ലിംഗ് സോഫ്റ്റ് വെയറുകളുടെ ഉപയോഗം, വ്യാജ വിനിമയങ്ങൾ, മറ്റ് ഇലക്ട്രോണിക് കുറ്റകൃത്യങ്ങൾ എന്നിവ കണ്ടു പിടിക്കുന്നതിനും അന്വേഷിക്കുന്നതിനുമായി 2 കോടി രൂപ ചെലവിൽ ഒരു സൈബർ ഫോറൻസിക് ലാബ് സ്ഥാപിക്കുന്നതാണ്.

399. അടിസ്ഥാനസൗകര്യങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി എറണാകുളം, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ അഡീഷണൽ ഓഫീസ് കോംപ്ലക്സുകളും വയനാട് ഒരു പുതിയ ഓഫീസ് കോംപ്ലക്സും നിർമ്മിക്കുന്നതിനായി 3 കോടി രൂപ വകയിരുത്തുന്നു.

400. **ചെക്ക്പോസ്റ്റുകളുടെ സംയോജനവും നവീകരണവും** - വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുള്ള ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിന്റെ ആദ്യപടിയായി അമരവിളയിൽ 01.09.2011 മുതൽ ഒരു സംയോജിത ചെക്ക്പോസ്റ്റ് പ്രവർത്തനമാരംഭിച്ചു. പഴഞ്ചൻ സമ്പ്രദായങ്ങൾ മാറ്റി വെയ്ബ്രിഡ്ജുൾപ്പെടെയുള്ള മറ്റ് അടിസ്ഥാന

സൗകര്യങ്ങൾ, സി.സി.ടി.വി. ക്യാമറകൾ, വകുപ്പുകളുടെ സംയുക്ത പരിശോധനകൾ എന്നിവ സാധ്യമാക്കി, ശരിയായ മാതൃകയിൽ ചെക്ക് പോസ്റ്റുകളുടെ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതാണ്.

401. സർ, മഞ്ചേശ്വരത്ത് നിലവിൽ ഏറ്റെടുത്ത ഭൂമിയിൽ ഒരു സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനായി 3 കോടി രൂപ വകയിരുത്തുന്നു. മുത്തങ്ങ, വഴിക്കടവ്, ആര്യങ്കാവ് എന്നിവിടങ്ങളിലെ നിലവിലുള്ള ചെക്ക്പോസ്റ്റുകൾ മാറ്റി തൽസ്ഥാനത്ത് വെയ്ബ്രിഡ്ജുകളോടുകൂടിയ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് 15 കോടി രൂപ വകയിരുത്തുന്നു. പെർള, കമ്പംമെട്ട്, ബോഡിമെട്ട് എന്നീ ചെക്ക് പോസ്റ്റുകളിൽ വെയ്ബ്രിഡ്ജും മറ്റ് അനുബന്ധ സംവിധാനങ്ങളും സ്ഥാപിക്കുന്നതിനായി 1.5 കോടി രൂപ വകയിരുത്തുന്നു. പരീക്ഷണ അടിസ്ഥാനത്തിൽ വകുപ്പിൽ ഒരു മൊബൈൽ വെയ്ബ്രിഡ്ജ് വാങ്ങുന്നതിലേക്കായി 30 ലക്ഷം രൂപ വകയിരുത്തുന്നു.

402. നിക്ഷേപകരുടെ സംരക്ഷണത്തിനായുള്ള നിയമം നടപ്പിൽ വരുത്തുന്നതും, നിക്ഷേപകരെ വഞ്ചിക്കുന്ന വ്യക്തികളുടെ/ സ്ഥാപനങ്ങളുടെ ആസ്തികൾ കണ്ടുകെട്ടി വിൽപന നടത്തുവാനും നിക്ഷേപകർക്ക് പണം തിരികെ നൽകുവാനും ഉള്ള സംവിധാനങ്ങൾ നടപ്പാക്കുന്നതുമാണ്. ഇത്തരം ക്രിമിനൽ കുറ്റങ്ങൾ വിചാരണ ചെയ്യുവാൻ പ്രത്യേക കോടതികൾ സ്ഥാപിക്കേണ്ടതുണ്ട്. ഇതിനായി ഒരു കോടി രൂപ വകയിരുത്തുന്നു.

## V ഉപസംഹാരം

403. സർ, കേന്ദ്രഗവൺമെന്റ് 16.03.2012ൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റ് കണക്കുകളനുസരിച്ച് കേരളത്തിന്റ നികുതി വിഹിതത്തിൽ ഈ വർഷം 187 കോടി രൂപയുടെയും അടുത്ത വർഷം 21 കോടി രൂപയുടെയും കുറവ് സംഭവിച്ചിട്ടുണ്ട്. തൽഫലമായി അത്രയും വ്യത്യാസം ഞാൻ സഭയിൽ

അവതരിപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റുകളിലും ഉണ്ടാവുമെന്നുള്ള വസ്തുത അറിയിച്ചു കൊള്ളുന്നു. തൻമൂലം നടപ്പു വർഷത്തെ റവന്യൂകമ്മി വിഭാവന ചെയ്തിരുന്ന 1.67 ശതമാനത്തിൽ നിന്ന് 1.73 ശതമാനമായും ധനകമ്മി 3.46 ശതമാനത്തിൽ നിന്ന് 3.5 ശതമാനമായും ഉയരുന്നതാണ്. എന്നാൽ ആസ്തികൾ സൃഷ്ടിക്കുന്നതിന് വേണ്ടി നൽകുന്ന ഗ്രാന്റുകളെ മൂലധന ചെലവുകളായി പരിഗണിച്ച് പരിശോധിക്കുമ്പോൾ യാഥാർത്ഥ റവന്യൂ കമ്മി 0.89 ശതമാനം മാത്രമാണ്. ഇത് 13-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച 1.4 ശതമാനം നിരക്കിലും കുറവാണെന്ന കാര്യം പ്രത്യേകം പ്രസ്താവ്യയോഗ്യമാണ്.

404. സർ, ഒരുകാര്യം ഞാൻ തുറന്നു പറയട്ടെ. ഭരണ രംഗത്തും വികസന പ്രവർത്തന രംഗത്തും ധനകാര്യ മാനേജ്മെന്റ് രംഗത്തും ഈ ഗവൺമെന്റിന് കൈവരിക്കുവാൻ കഴിഞ്ഞ നേട്ടങ്ങൾ ചാരിതാർത്ഥ്യജനകമാണ്.

405. ഇടതുപക്ഷ സർക്കാർ അംഗീകരിച്ച വാർഷിക പ്ലാനിനേക്കാൾ 980 കോടി രൂപ വർദ്ധനയുള്ള പദ്ധതിയാണ് ഈ വർഷം സർക്കാർ നടപ്പിലാക്കിയത്. മൊത്തം 12010 കോടി രൂപയുടെ പദ്ധതി വിഹിതം പൂർണ്ണമായിത്തന്നെ ഈ വർഷം ചെലവഴിക്കുവാൻ കഴിയുമെന്നാണ് എന്റെ ഉറച്ച വിശ്വാസം.

406. ഇനി ഞാൻ 2011-12 വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റുകളുടെയും 2012-13 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെയും സംക്ഷിപ്ത രൂപം അവതരിപ്പിക്കട്ടെ.

**2011-12-ലെ പുതുക്കിയ എസ്റ്റിമേറ്റ് (രൂപ കോടിയിൽ)**

| | | |
|---|---|---|
| റവന്യൂ വരവ് | - | 39401.23 |
| റവന്യൂ ചെലവ് | - | 45059.51 |
| *ഇതിൽ ഉൾപ്പെടുന്ന*<br>ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള ഗ്രാന്റ് | - | 2745.08 |
| റവന്യൂ കമ്മി | - | (-) 5658.28 |
| യഥാർത്ഥ റവന്യൂ കമ്മി | - | (-) 2913.20 |
| മൂലധന ചെലവ് | - | 4929.15 |

| | | |
|---|---|---|
| വായ്പകളും മുൻകൂറുകളും (തനി) | - | (-) 899.26 |
| പൊതുകടം (തനി) | - | 8062.45 |
| പൊതു കണക്ക് (തനി) | - | 2760.14 |
| ആകെ കമ്മി | - | (-) 664.10 |
| വർഷാരംഭ രൊക്ക ബാക്കി | - | 58.88 |
| വർഷാന്ത്യ രൊക്ക ബാക്കി | - | (-) 605.22 |

**2012-13-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് (രൂപ കോടിയിൽ)**

| | | |
|---|---|---|
| റവന്യൂ വരവ് | - | 48120.34 |
| റവന്യൂ ചെലവ് | - | 51605.36 |
| *ഇതിൽ ഉൾപ്പെടുന്ന* ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള ഗ്രാന്റ് | - | 3274.26 |
| റവന്യൂ കമ്മി | - | (-) 3485.02 |
| യഥാർത്ഥ റവന്യൂ കമ്മി | - | (-) 210.76 |
| മൂലധന ചെലവ് | - | 6534.88 |
| വായ്പകളും മുൻകൂറുകളും (തനി) | - | (-) 728.14 |
| പൊതുകടം (തനി) | - | 10815.76 |
| പൊതു കണക്ക് (തനി) | - | 176.26 |
| ആകെ മിച്ചം | - | 243.98 |
| വർഷാരംഭ രൊക്ക ബാക്കി | - | (-) 605.22 |
| വർഷാന്ത്യ രൊക്ക ബാക്കി | - | (-) 361.24 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | - | 1118.66 |
| പ്രഖ്യാപിച്ച ഇളവുകൾ | - | 321.40 |
| അധിക വിഭവ സമാഹരണം | - | 1512.05 |
| വർഷാന്ത്യ രൊക്ക ബാക്കി | - | (-) 289.25 |

സ്പീക്കർ സർ,

407. വളരെ ശ്രമകരമായ ഒരു ദൗത്യമാണ് എനിക്ക് നിർവ്വഹിക്കേണ്ടിവന്നത്. ഇടതുപക്ഷ സർക്കാരിൽ നിന്ന് ഏറ്റെടുത്ത അധിക സാമ്പത്തിക ബാധ്യതകൾ തീർക്കുകയും, പുതുക്കിയ ബഡ്ജറ്റ് പാസ്സാക്കിക്കഴിഞ്ഞ് തീരുമാനമെടുത്ത മെഗാ പ്രോജക്ടുകൾക്ക് ആവശ്യമായ തുക കണ്ടെത്തുകയും, 2011-2012 വാർഷിക പദ്ധതി നിർവിഘ്നം നടപ്പിലാക്കുകയും ചെയ്തതിനു ശേഷവും, അധിക വിഭവ സമാഹരണത്തിലുടെയും, വികസനേതര ചെലവുകൾ നിയന്ത്രിച്ചും, 13-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള പരിധിയ്ക്കകത്ത്, ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിലും റവന്യൂകമ്മിയും ധനകമ്മിയും ഒതുക്കി നിർത്തിക്കൊണ്ട്, അടുത്ത വർഷം അവസാനിപ്പിക്കുവാൻ സാധിക്കുന്നു എന്നതിൽ എനിക്ക് അതിരറ്റ സന്തോഷവും അഭിമാനവുമുണ്ട്.

408. സർ, എനിക്ക് തികഞ്ഞ ശുഭാപ്തി വിശ്വാസമുണ്ട്. പശ്ചാത്തലം ഒരുങ്ങിക്കഴിഞ്ഞു. ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരു പുതിയ കേരള സൃഷ്ടിക്കായി ഒറ്റക്കെട്ടായി മുന്നോട്ടു നീങ്ങുകയാണ് ഇനി ആവശ്യമായിട്ടുള്ളത്.

409. കേരള വികസനത്തെപ്പറ്റി മലയാളത്തിന്റെ പ്രിയ കവി ഇടശ്ശേരിയുടെ മഹത്തായ ചിന്തകൾ അനുസ്മരിച്ചുകൊണ്ട് എന്റെ പ്രസംഗം ഞാൻ അവസാനിപ്പിക്കുന്നു.

410. "വികസിക്കുക" എന്ന കവിതയിലൂടെ അദ്ദേഹം കേരളഭൂമിയുടെ വികസനത്തിന് വേണ്ടി എല്ലാവരും അഭിപ്രായ വ്യത്യാസങ്ങൾ മറന്ന് ഒരുമയോടെ പ്രവർത്തിക്കണമെന്ന് ആഹ്വാനം ചെയ്യുകയുണ്ടായി. നമ്മുടെ കഴിവുകൾ, വെട്ടി നിരത്താനും കൊത്തി നുറുക്കാനുമല്ല, പുതിയ കേരള സൃഷ്ടിയ്ക്ക് വേണ്ടിയാണ് വിനിയോഗിക്കേണ്ടത് എന്ന് അദ്ദേഹം ഓർമിപ്പിക്കുന്നു.

"വീരതയിനി മേൽ സൃഷ്ടിക്കത്രേ

കൊത്തിനുറുക്കാനല്ല, വിസ്തൃത

ഭാരതഭൂവിനൊരനുബന്ധം മഴു-

വാലല്ലിവിടെ മെനഞ്ഞീടുന്നു

കേരളമേ, വികസിക്കുക നീ പുതു-

തായൊരു ജീവിതമാധുര്യത്തെ-

പ്പാരിനു നല്കാൻ....."

411. സർ, മഹാകവിയുടെ ഈ ആഹ്വാനമാണ് എനിക്കും ആവർത്തിക്കാനുള്ളത്. ഇനി നമുക്ക് ലക്ഷ്യബോധത്തോടെ, തളരാതെ, പതറാതെ, ആത്മവിശ്വാസത്തോടെ കേരളത്തിന്റെ സമഗ്ര വികസനം എന്ന ലക്ഷ്യത്തിലേക്ക് ഒരുമിച്ച് നീങ്ങാം.

**ജയ് ഹിന്ദ്**